# ഉത്തരവാദിത്വപര

# മത്സ്യബന്ധന

# പെരുമാറ്റച്ചട്ടം

ഐക്യരാഷ്ട്ര
സഭയുടെ
ലോകഭക്ഷ്യ
കാർഷിക
സംഘടന

Code of Conduct for Responsible Fisheries Translated to Malayalam (2002)

# ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടം

ഐക്യരാഷ്ട്രസഭയുടെ ലോകഭക്ഷ്യ കാർഷിക സംഘടന
റോം, 1995

Published by arrangement with the Food and Agriculture Organisation of the United Nations
by Central Marine Fisheries Research Institute, Kochi, 2002

Malayalam Translation of Code of Conduct for Responsible Fisheries
*Utharavadithwapara Matsyabandhana*
*Perumatta Chattom*

*Published by*

Director, Central Marine Fisheries Research Institute, ICAR, Kochi, Kerala, India
Under the NATP/CGP II Research Project (No. 209 0000011), "Designing and Validation of Communication strategies for Responsible Fisheries - A co-learning Approach"

*Translation*

C. Ramachandran
Principal Investigator, NATP/CGP II - 209 0000011 and Scientist, CMFRI, Kochi

*Editorial Assistance*

R. Sathiadhas, Head, Socio-Economic Evaluation and Technology Transfer Division, CMFRI, Kochi

S. Ashaletha, Scientist, CMFRI, Kochi

'ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റ ചട്ടം, 1995' എന്ന പേരിൽ ലോകഭക്ഷ്യ കാർഷിക സംഘടന പുറത്തിറക്കിയതാണ്, ഈ പുസ്തകത്തിന്റെ മൂലം

ഈ പ്രസിദ്ധീകരണത്തിൽ പരാമർശിക്കപ്പെടുന്ന ഔദ്യോഗിക പദവികളും ഉള്ളടക്കത്തിന്റെ അവതരണവും ഏതെങ്കിലും രാജ്യത്തിന്റെ നിയമപരമായ അവസ്ഥയെപ്പറ്റിയോ അധികാരങ്ങളെപ്പറ്റിയോ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോകഭക്ഷ്യ കാർഷിക സംഘടനയുടെ ഭാഗത്തുനിന്നുള്ള ഒരു അഭിപ്രായവും അർത്ഥമാക്കുന്നില്ല.

പരിഭാഷയുടെ ഉത്തരവാദിത്വം ലോകഭക്ഷ്യ കാർഷിക സംഘടനയ്ക്കില്ല.

**© FAO 1995 English Version**

**© Central Marine Fisheries Research Intitute 2002**
**Malayalm Version**

# ഉള്ളടക്കം


| | | | പുറം |
|---|---|---|---|
| ആമുഖം | | | v |
| മുഖവുര | | | vii |
| അവതാരിക | | | 1 |
| വകുപ്പ് 1 | – | പെരുമാറ്റച്ചട്ടത്തിന്റെ സ്വഭാവവും വ്യാപ്തിയും | 1 |
| വകുപ്പ് 2 | – | ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ | 2 |
| വകുപ്പ് 3 | – | മറ്റ് അന്താരാഷ്ട്ര ധാരണകളുമായുള്ള ബന്ധം | 4 |
| വകുപ്പ് 4 | – | നിർവ്വഹണം, മേൽനോട്ടം, കാലോചിതമായ പുതുക്കൽ | 4 |
| വകുപ്പ് 5 | – | വികസ്വരരാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ | 5 |
| വകുപ്പ് 6 | – | പൊതു തത്വങ്ങൾ | 6 |
| വകുപ്പ് 7 | – | മത്സ്യമേഖലാ പരിപാലനവും മേൽനോട്ടവും | 11 |
| വകുപ്പ് 8 | – | മത്സ്യബന്ധന പ്രക്രിയകൾ | 21 |
| വകുപ്പ് 9 | – | മത്സ്യ കൃഷിയുടെ വികസനം | 31 |
| വകുപ്പ് 10 | – | സമുദ്രതീര പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്രസംയോജനം | 34 |
| വകുപ്പ് 11 | – | മത്സ്യ സംസ്കരണ പ്രക്രിയകളും വാണിജ്യവും | 37 |
| വകുപ്പ് 12 | – | മത്സ്യ ഗവേഷണം | 42 |
| അനുബന്ധം 1 | | ചട്ടത്തിന്റെ ഉത്ഭവത്തിന്റെയും വിപുലീകരണത്തിന്റെയും പശ്ചാത്തലം | 47 |
| അനുബന്ധം 2 | | പ്രമേയം | 54 |
| പദാവലി | | | 57 |

## ആമുഖം

അമൂല്യമെങ്കിലും, നാശോന്മുഖമായ നമ്മുടെ മത്സ്യ സമ്പത്സ്രോതസ്സുകൾ ഇന്നത്തെയും നാളത്തെയും ആവശ്യങ്ങൾക്കനുസൃതമായി കാത്തു സൂക്ഷിക്കുന്നതിനായുള്ള സമീപകാലത്തെ ഏറ്റവും നല്ല ഉദ്യമങ്ങളിൽ ഒന്നാണ് ലോകഭക്ഷ്യ കാർഷിക സംഘടന മുന്നോട്ടു വെയ്ക്കുന്ന 'ഉത്തരവാദിത്വപര മത്സ്യ ബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടം'. ജലജൈവ വിഭവ സ്രോതസ്സുകളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നതിനായി വിവിധ ലോകരാഷ്ട്രങ്ങൾ എത്തിച്ചേർന്ന സമവായമാണ് ഈ ചട്ടം. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും സ്വമേധയാ നടപ്പിൽ വരുത്തേണ്ട ഈ ചട്ടത്തിലെ നിർദ്ദേശങ്ങൾ 12 വകുപ്പുകളിലായും 'മുൻകരുതൽ സമീപനം' എന്ന തത്വത്തിലധിഷ്ഠിതമായും ആണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്.

ലോക മത്സ്യമേഖലയിലെ ഒരു നാഴികക്കല്ലെന്ന് വിശേഷിപ്പിക്കാവുന്ന ഈ ചട്ടം മലയാളത്തിൽ പ്രസിദ്ധീകൃതമാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഭാരതീയ ഭാഷകളിൽ, തമിഴിനുശേഷം, മലയാളത്തിലാണ് ഇത്തരം ഒരു പരിഭാഷ ഉണ്ടാകുന്നത് എന്ന കാര്യം ഏറെ ചാരിതാർത്ഥ്യ ജനകമാണ്.

ലോക ഭക്ഷ്യ കാർഷിക സംഘടന മുന്നോട്ട് വെയ്ക്കുന്ന 'ഉത്തരവാദിത്വപര മത്സ്യബന്ധനം' എന്ന തത്വം പ്രാവർത്തികമാക്കുവാൻ മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ധാർമ്മികമായ ഒരു ചുമതലയുണ്ട്. ഇതേപ്പറ്റി വ്യാപകമായ അവബോധം ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിയാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ, ദേശീയ സാങ്കേതിക വിദ്യാ പദ്ധതി (NATP) യുടെ ധന സഹായത്തോടെ ഒരു ഗവേഷണ പദ്ധതി നടന്നു വരുന്നത്. ഈ സ്ഥാപനത്തിലെ വിജ്ഞാനവ്യാപന വിഭാഗത്തിലെ ശാസ്ത്രജ്ഞനായ ഡോ. സി. രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള പ്രസ്തുത പദ്ധതിയുടെ ശ്രമഫലമാണ് ഈ പരിഭാഷ. ഡോ. രാമചന്ദ്രനെയും, സംഘത്തെയും അഭിനന്ദിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. കൂടാതെ, ഈ പ്രസിദ്ധീകരണത്തിനു വേണ്ട ധനസഹായങ്ങൾ അനുവദിച്ച ദേശീയ സാങ്കേതിക വിദ്യാ പദ്ധതിയുടെ ദേശീയ നിർവ്വാഹക സമിതിയോട് എനിക്കുള്ള നന്ദിയും ഇവിടെ പ്രകാശിപ്പിക്കുന്നു.

കേരള സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി ഈ ചട്ടത്തിനുവേണ്ട പ്രാദേശിക ഭേദഗതികൾ വരുത്തുന്നതിനുള്ള ഒരു അടിസ്ഥാനരേഖയായി ഈ പ്രസിദ്ധീകരണം പ്രയോജനപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. ഈ ചട്ടം നടപ്പിൽ വരുത്തുന്നതിനുള്ള സാർത്ഥകമായ ശ്രമങ്ങൾ നടത്തുന്നതിനായി എല്ലാവരോടും അഭ്യർത്ഥിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഡോ. (പ്രൊ.) മോഹൻ ജോസഫ് മോടയിൽ
*(ഡയറക്ടർ)*

# മുഖവുര

പുരാതന കാലം മുതൽക്കേ, മത്സ്യബന്ധനം, മനുഷ്യരാശിയുടെ പ്രധാനപ്പെട്ട ഒരു ഭക്ഷ്യസ്രോതസ്സ് എന്ന നിലയിലും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിലും, സാമ്പത്തിക നേട്ടങ്ങളും പ്രദാനം ചെയ്യുന്നു എന്ന നിലയിലും വളരെ പ്രാധാന്യമർഹിക്കുന്നു. ജലജൈവവിഭവ സമ്പത്ത് പ്രകൃതിയുടെ ഒരിക്കലും വറ്റാത്ത ഒരു വരദാനമായാണ് കണക്കാക്കിയിരുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന ശാസ്ത്രീയപരിജ്ഞാനത്തിന്റെയും രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം മത്സ്യമേഖല കൈവരിച്ച ഉജ്ജ്വല പുരോഗതിയുടെയും വെളിച്ചത്തിൽ, ജലജൈവ വിഭവസമ്പത്ത്, പുനരുജ്ജീവനസാധ്യത ഉള്ളതാണെങ്കിൽപ്പോലും, അളവറ്റതല്ലാ എന്നും, പെരുകുന്ന ലോകജനതയുടെ ഭക്ഷ്യപോഷകപരവും, സാമ്പത്തികവും, സാമൂഹികവുമായ അഭിവൃദ്ധിക്ക് ഈ സ്രോതസ്സിൽ നിന്നുള്ള ഗണ്യമായ സംഭാവനകൾ തുടർന്നും ലഭിക്കണമെങ്കിൽ, മത്സ്യസമ്പത്ത് ശരിയായ രീതിയിൽ പരിപാലിക്കപ്പെടേണ്ട ഒന്നാണെന്നും മനസ്സിലായതോടെ ഈ മിഥ്യാധാരണ പൊലിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്.

എഴുപതുകളുടെ പകുതിയോടെ ലോകരാഷ്ട്രങ്ങൾ വ്യാപകമായി തങ്ങളുടെ പിരിധിയിൽപ്പെട്ട സമുദ്രത്തിൽ, സാമ്പത്തിക പരമാധികാരമേഖല (EEZ) 200 നോട്ടിക്കൽ മൈലായി നിജപ്പെടുത്തിയതും, ദീർഘനാളത്തെ വിചിന്തനത്തിനു ശേഷം 1982 ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച 'സമുദ്രനിയമങ്ങളുമായി' ബന്ധപ്പെട്ട തീരുമാനങ്ങളും, സമുദ്ര വിഭവസ്രോതസ്സുകളുടെ മെച്ചപ്പെട്ട പരിപാലനത്തിന് പുതിയ ഒരുചട്ടക്കൂട് പ്രദാനം ചെയ്യുവാൻ സഹായിച്ചു. ഈ പുതിയ സമുദ്രനിയമസംഹിത, സമുദ്രമത്സ്യമേഖലയുടെ ഏകദേശം 90% വിഭവസ്രോതസ്സുകളും ഉൾക്കൊള്ളുന്ന EEZ ന്റെ പരിധിയിൽ വരുന്ന മത്സ്യസമ്പത്തിന്റെ ഉപയോഗത്തെയും പരിപാലനത്തെയും സംബന്ധിച്ച അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സമ്മാനിച്ചു. പക്ഷേ, ഈ രീതിയിൽ സാമ്പത്തിക പരമാധികാരം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം മത്സ്യമേഖലയുടെ സ്ഥായിയായ വികസനവും ഫലപ്രദമായ പരിപാലനവും സാധ്യമാകില്ല. പല തീരദേശ രാഷ്ട്രങ്ങളും, തങ്ങളുടെ സാമ്പത്തിക പരമാധികാര പരിധിയിൽപ്പെട്ട മത്സ്യമേഖലയിൽ നിന്നും കൂടുതൽ വിഭവങ്ങൾ ശേഖരിക്കുന്നതിൽ, സാമ്പത്തിക ശക്തിയുടെയും അനുഭവസമ്പത്തിന്റെയും അഭാവം കൊണ്ട് തന്നെ, ഗൗരവമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

അടുത്തകാലത്തായി ലോക മത്സ്യമേഖല കമ്പോള ശക്തികളാൽ നയിക്കപ്പെടുന്നതും അതിവേഗം വികസിക്കുന്നതുമായ ഭക്ഷ്യവ്യവസായ ശൃംഖലയുടെ ഭാഗമായിരിക്കുകയാണ്. മത്സ്യ-മത്സ്യേതര ഉല്പന്നങ്ങളുടെ വർദ്ധിച്ചുവരുന്ന അന്താരാഷ്ട്ര വിപണന സാദ്ധ്യത മുതലെടുക്കുന്നതിനായി മിക്ക തീരദേശരാഷ്ട്രങ്ങളും അത്യാധുനിക മത്സ്യബന്ധനയാനങ്ങളിലും സംസ്കരണശാലകളിലും ഗണ്യമായ തോതിൽ മുതൽ മുടക്കുകയാണ്. എന്നാൽ 1980 കളുടെ അവസാനത്തോടെ, ഇത്തരത്തിലുള്ള അതിദ്രുതവും അനിയന്ത്രിതവുമായ ചൂഷണവും, വികസനവും അധികനാൾ താങ്ങുവാൻ മത്സ്യ വിഭവസ്രോതസ്സുകൾക്കാവില്ല എന്നും, വിഭവസംരക്ഷണവും, പാരിസ്ഥിതിക പരിഗണനകളും ആശ്ലേഷിക്കുന്ന തരം നവീന മത്സ്യമേഖലാ പരിപാലന രീതികൾ അത്യാവശ്യമാണെന്നും വ്യക്തമായിത്തുടങ്ങി. ഇതോടൊപ്പം തന്നെ, ഉൾക്കടലിലെ ചില മത്സ്യജാതികളുടെ, പ്രത്യേകിച്ചും ദേശാന്തരഗമന സ്വഭാവമുള്ളവയുടെ, അനിയന്ത്രിതമായ ചൂഷണം ഈ സാഹചര്യം വഷളാകുവാൻ കാരണമാകുകയും ചെയ്തു.

കമ്മിറ്റി ഓൺ ഫിഷറീസ് 1991 മാർച്ചിലെ അതിന്റെ 19-ാം സമ്മേളനത്തിൽ ഉത്തരവാദിത്വപര സുസ്ഥിര മത്സ്യബന്ധനത്തിലേക്ക് നയിക്കുന്ന പുതിയ വിചാരധാരകളുടെയും സമീപനങ്ങളുടെയും ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. പിന്നീട്, 1992 ലെ കാൺഗനിൽ (മെക്സിക്കോ) വെച്ച് നടന്ന ഉത്തരവാദിത്വപര മത്സ്യ ബന്ധനത്തെ സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനം മേൽപ്പറഞ്ഞ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി ഒരു അന്താരാഷ്ട്ര പെരുമാറ്റച്ചട്ടം രൂപീകരിക്കുവാൻ ലോകഭക്ഷ്യ കാർഷിക സംഘടനയോട് ആവശ്യപ്പെട്ടു. ഈ സമ്മേളനം, പ്രത്യേകിച്ചും അതിന്റെ കാൺഗൻ പ്രഖ്യാപനം, 1992 ലെ പരിസ്ഥിതിയെയും വികസനത്തെയും പറ്റിയുള്ള ഐക്യരാഷ്ട്ര സംഘടനാ സമ്മേളനത്തിന് (പ്രത്യേകിച്ചും അതംഗീകരിച്ച അജണ്ട 21 ന്) പ്രധാന മാർഗദർശിയായി. പിന്നീട്, ദേശാന്തര ഗമനസ്വഭാവമുള്ള മത്സ്യങ്ങളെപ്പറ്റിയുള്ള ഒരു സമ്മേളനം, ലോകഭക്ഷ്യ കാർഷിക സംഘടനയുടെ സഹകണത്തോടെ ഐക്യരാഷ്ട്ര സഭ വിളിച്ചുകൂട്ടുകയുണ്ടായി. 1993 നവംബറിൽ, ലോക ഭക്ഷ്യ കാർഷിക സംഘടന അതിന്റെ 27-ാം സമ്മേളനത്തിൽ 'ഉൾക്കടൽ മത്സ്യബന്ധനയാനങ്ങൾ അനുവർത്തിക്കേണ്ട അന്താരാഷ്ട്ര സംരക്ഷണ പരിപാലന നടപടികൾ' ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു അന്താരാഷ്ട്ര ധാരണ അംഗീകരിച്ചു.

ലോക മത്സ്യരംഗത്ത് സംജാതമായ ഇത്തരം പ്രധാനപ്പെട്ട സംഭവങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, ആഗോളതലത്തിൽ മത്സ്യസ്രോതസ്സുകളുടെയും മേഖലയുടെയും, 'സംരക്ഷണം, പരിപാലനം, വികസനം, ഇവയ്ക്കായി പൊതുതത്വങ്ങളും മാനദണ്ഡങ്ങളും' ബന്ധപ്പെട്ട അന്താരാഷ്ട്രധാര

ണകൾക്കനുസൃതമായും, എന്നാൽ നടപ്പിലാക്കണമെന്ന ബാദ്ധ്യത കർശനമായി ആവശ്യപ്പെടാത്തതുമായ, ഒരു ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുവാൻ ലോകഭക്ഷ്യ കാർഷിക സംഘടനാ ഭരണസമിതികൾ ശുപാർശ ചെയ്തു. 1995 ഒക്ടോബർ 31 ന് ലോക ഭക്ഷ്യ കാർഷിക സംഘടന ഐക്യകണ്ഠേന അംഗീകരിച്ച ഈ ചട്ടം, പരിസ്ഥിതിക്കിണങ്ങിച്ചേർന്നുകൊണ്ട് ജല ജൈവ സ്രോതസ്സുകളുടെ സുസ്ഥിര ചൂഷണം ഉറപ്പുവരുത്തുന്നതിനുള്ള ദേശീയ, അന്തർദ്ദേശീയ ശ്രമങ്ങൾക്ക് ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നു.

ലോകഭക്ഷ്യ കാർഷിക സംഘടന, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കനുസൃതമായി, ഈ പെരുമാറ്റച്ചട്ടത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേക്കായി, എല്ലാ അംഗരാഷ്ട്രങ്ങളെയും പ്രത്യേകിച്ച്, വികസ്വരരാഷ്ട്രങ്ങളെ, സഹായിക്കുവാനും ഇതിന്റെ നടത്തിപ്പിലെ നേട്ടങ്ങളെപ്പറ്റിയും എടുക്കേണ്ട ഭാവി നടപടികളെപ്പറ്റിയും ഐക്യരാഷ്ട്രസഭയെ ധരിപ്പിക്കുവാനും പൂർണ്ണമായി ചുമതലപ്പെട്ടിരിക്കുന്നു.

# അവതാരിക

മത്സ്യകൃഷിയുൾപ്പെടെയുള്ള മത്സ്യമേഖല, ലോകമൊട്ടാകെയുള്ള ജനങ്ങളുടെ ഇന്നത്തെയും വരുംകാല തലമുറകളുടെയും ഭക്ഷണം, തൊഴിൽ, വാണിജ്യം, സാമ്പത്തികഭദ്രത എന്നിവ പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു സ്രോതസ്സ് ആകുന്നു എന്നതിനാൽ തന്നെ ഉത്തരവാദിത്വപൂർണ്ണമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടേണ്ട ഒന്നാണ്. സജൈവ ജലവിഭവ സ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, എന്നിവ പരിസ്ഥിതി വ്യൂഹത്തിനും ജൈവ വൈവിദ്ധ്യത്തിനും അർഹമായ പരിഗണന നൽകിക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനുതകുന്ന ഉത്തരവാദിത്വപൂർണ്ണമായ പ്രയോഗരീതികളുടെ പൊതുതത്വങ്ങളും പെരുമാറ്റത്തിനായുള്ള അന്താരാഷ്ട്ര മാനദണ്ഡങ്ങളും ആണ് ഈ ചട്ടം മുന്നോട്ടു വെയ്ക്കുന്നത്. മത്സ്യമേഖലയുടെ, ഭക്ഷ്യ പോഷകപരവും, സാമ്പത്തികവും, സാമൂഹികവും, പാരിസ്ഥിതികവും, സാംസ്കാരികവുമായ പ്രാധാന്യത്തോടൊപ്പം ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടെയും താല്പര്യങ്ങളും ഈ പെരുമാറ്റ ചട്ടം അംഗീകരിക്കുന്നു. സമുദ്ര ജല വിഭവങ്ങളുടെ ജൈവശാസ്ത്രപരമായ പ്രത്യേകതകൾ, അവയുൾക്കൊള്ളുന്ന പരിസ്ഥിതി, ഉപഭോക്താക്കളുടെയും മറ്റ് ഉപയോക്താക്കളുടെയും താല്പര്യങ്ങൾ ഇവ ഈ പെരുമാറ്റ ചട്ടം കണക്കിലെടുത്തിരിക്കുന്നു. സർക്കാരുകളും ഒപ്പം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർവ്വരും ഈ പെരുമാറ്റ ചട്ടം ഫലപ്രദമായി നടപ്പിലാക്കുവാൻ താല്പര്യപ്പെടുന്നു.

### വകുപ്പ് 1

## പെരുമാറ്റച്ചട്ടത്തിന്റെ സ്വഭാവവും വ്യാപ്തിയും

1.1 ഈ ചട്ടം സ്വമേധയാ നടപ്പിൽ വരുത്തേണ്ട ഒന്നാണ്. എന്നാൽ ഇതിന്റെ ചില ഭാഗങ്ങൾ പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളെ – 1982 ഡിസംബർ 10 ന് നടന്ന ഐക്യരാഷ്ട്ര സംഘടനയുടെ സമുദ്രനിയമ സമ്മേളനം അംഗീകരിച്ചവയുൾപ്പെടെ–അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്[1]. അന്താരാഷ്ട്ര ഉടമ്പടികളിൽ കക്ഷിചേരുന്ന രാഷ്ട്രങ്ങൾ തീർച്ചയായും നടപ്പിലാക്കുവാൻ ബാദ്ധ്യസ്ഥമായ നിയമപരമായ രേഖകൾ വഴി പ്രയോഗത്തിൽ വന്നതോ വരാൻ സാധ്യതയുള്ളതോ ആയ മറ്റുചില ഭാഗങ്ങളും ഈ ചട്ടത്തിലുണ്ട്. ഉദാഹരണത്തിന്, വിഭവ സംരക്ഷണപരിപാല

[1] 1982 ലെ സമുദ്രനിയമങ്ങൾ സംബന്ധിച്ച സമ്മേളന തീരുമാനങ്ങൾ അഥവാ ഇതുപോലുള്ള മറ്റ് അന്താരാഷ്ട്ര ഉടമ്പടികൾ ഇവയെപ്പറ്റിയുള്ള ഈ ചട്ടത്തിലെ പരാമർശങ്ങൾ, ഏതെങ്കിലും ഒരു രാഷ്ട്രം ഇവ സംബന്ധിച്ച് എടുക്കുന്ന ഒപ്പുവയ്ക്കൽ, അംഗീകരിക്കൽ തുടങ്ങിയ നിലപാടുകൾക്ക് മുൻവിധിയാകുന്നില്ല.

# അവതാരിക

മത്സ്യകൃഷിയുൾപ്പെടെയുള്ള മത്സ്യമേഖല, ലോകമൊട്ടാകെയുള്ള ജനങ്ങളുടെ ഇന്നത്തെയും വരുംകാല തലമുറകളുടെയും ഭക്ഷണം, തൊഴിൽ, വാണിജ്യം, സാമ്പത്തികഭദ്രത എന്നിവ പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട ഒരു സ്രോതസ്സ് ആകുന്നു എന്നതിനാൽ തന്നെ ഉത്തരവാദിത്വപൂർണ്ണമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടേണ്ട ഒന്നാണ്. സജൈവ ജലവിഭവ സ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, എന്നിവ പരിസ്ഥിതി വ്യൂഹത്തിനും ജൈവ വൈവിദ്ധ്യത്തിനും അർഹമായ പരിഗണന നൽകിക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനുതകുന്ന ഉത്തരവാദിത്വപൂർണ്ണമായ പ്രയോഗരീതികളുടെ പൊതുതത്വങ്ങളും പെരുമാറ്റത്തിനായുള്ള അന്താരാഷ്ട്ര മാനദണ്ഡങ്ങളും ആണ് ഈ ചട്ടം മുന്നോട്ടു വെയ്ക്കുന്നത്. മത്സ്യമേഖലയുടെ, ഭക്ഷ്യപോഷകപരവും, സാമ്പത്തികവും, സാമൂഹികവും, പാരിസ്ഥിതികവും, സാംസ്കാരികവുമായ പ്രാധാന്യത്തോടൊപ്പം ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടെയും താല്പര്യങ്ങളും ഈ പെരുമാറ്റ ചട്ടം അംഗീകരിക്കുന്നു. സമുദ്ര ജല വിഭവങ്ങളുടെ ജൈവശാസ്ത്രപരമായ പ്രത്യേകതകൾ, അവയുൾക്കൊള്ളുന്ന പരിസ്ഥിതി, ഉപഭോക്താക്കളുടെയും മറ്റ് ഉപയോക്താക്കളുടെയും താല്പര്യങ്ങൾ ഇവ ഈ പെരുമാറ്റ ചട്ടം കണക്കിലെടുത്തിരിക്കുന്നു. സർക്കാരുകളും ഒപ്പം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർവ്വരും ഈ പെരുമാറ്റ ചട്ടം ഫലപ്രദമായി നടപ്പിലാക്കുവാൻ താല്പര്യപ്പെടുന്നു.

### വകുപ്പ് 1

## പെരുമാറ്റച്ചട്ടത്തിന്റെ സ്വഭാവവും വ്യാപ്തിയും

1.1 ഈ ചട്ടം സ്വമേധയാ നടപ്പിൽ വരുത്തേണ്ട ഒന്നാണ്. എന്നാൽ ഇതിന്റെ ചില ഭാഗങ്ങൾ പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളെ – 1982 ഡിസംബർ 10 ന് നടന്ന ഐക്യരാഷ്ട്ര സംഘടനയുടെ സമുദ്രനിയമ സമ്മേളനം അംഗീകരിച്ചവയുൾപ്പെടെ–അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. അന്താരാഷ്ട്ര ഉടമ്പടികളിൽ കക്ഷിചേരുന്ന രാഷ്ട്രങ്ങൾ തീർച്ചയായും നടപ്പിലാക്കുവാൻ ബാദ്ധ്യസ്ഥമായ നിയമപരമായ രേഖകൾ വഴി പ്രയോഗത്തിൽ വന്നതോ വരാൻ സാധ്യതയുള്ളതോ ആയ മറ്റുചില ഭാഗങ്ങളും ഈ ചട്ടത്തിലുണ്ട്. ഉദാഹരണത്തിന്, വിഭവ സംരക്ഷണപരിപാല

[1] 1982 ലെ സമുദ്രനിയമങ്ങൾ സംബന്ധിച്ച സമ്മേളന തീരുമാനങ്ങൾ അഥവാ ഇതുപോലുള്ള മറ്റ് അന്താരാഷ്ട്ര ഉടമ്പടികൾ ഇവയെപ്പറ്റിയുള്ള ഈ ചട്ടത്തിലെ പരാമർശങ്ങൾ, ഏതെങ്കിലും ഒരു രാഷ്ട്രം ഇവ സംബന്ധിച്ച് എടുക്കുന്ന ഒപ്പുവയ്ക്കൽ, അംഗീകരിക്കൽ തുടങ്ങിയ നിലപാടുകൾക്ക് മുൻവിധിയാകുന്നില്ല.

നത്തിനായുള്ള അന്താരാഷ്ട്ര നടപടികൾ ഉൾക്കടലിൽ സഞ്ചരിക്കുന്ന മത്സ്യബന്ധനയാനങ്ങളിൽ അനുവർത്തിക്കുന്നത് ത്വരിതപ്പെടുത്തുവാനുള്ള 1993 ലെ ഉടമ്പടി, അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടനയുടെ സമ്മേളന തീരുമാനം 15/93, ഖണ്ഡിക 3 അനുസരിച്ച്, ഈ ചട്ടത്തിന്റെ കാതലായ ഒന്നാണ്.

1.2. ഈ ചട്ടം ആഗോള വ്യാപ്തിയുള്ളതും താഴെപ്പറയുന്നവരെ ലക്ഷ്യമാക്കിയുള്ളതുമാകുന്നു: അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടനയുടെ അംഗങ്ങളും, അംഗങ്ങളല്ലാത്തവരും; മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിലുള്ള (ഉപമേഖല, മേഖല, ആഗോളം) സർക്കാർ അഥവാ സർക്കാരേതര സംഘടനകൾ; മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവർ; മത്സ്യ-മത്സ്യേതര ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിലും വാണിജ്യത്തിലും ഏർപ്പെട്ടിരിക്കുന്നവർ; മത്സ്യമേഖലയുൾപ്പെടുന്ന ജല ആവാസ വ്യവസ്ഥയുടെ ഉപയോക്താക്കൾ, തുടങ്ങിയ, മത്സ്യ സ്രോതസ്സുകളുടെ സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യമേഖലയുടെ വികസനത്തിലും തല്പരരായ എല്ലാവരും.

1.3 എല്ലാത്തരം മത്സ്യമേഖലകളുടേയും സംരക്ഷണം, പരിപാലനം, വികസനം എന്നിവയ്ക്ക് സാധുവായ തത്വങ്ങളും മാനദണ്ഡങ്ങളും ആണ് ഈ ചട്ടം പ്രദാനം ചെയ്യുന്നത്. മത്സ്യ ബന്ധനം, മത്സ്യ-മത്സ്യേതര ഉൽപ്പന്നങ്ങളുടെ സംസ്ക്കരണവും വാണിജ്യവും, മത്സ്യ ബന്ധനപ്രക്രിയകൾ, മത്സ്യകൃഷി, മത്സ്യ ഗവേഷണം, തീരദേശ പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്രമായ സംയോജനം എന്നിവയും ഈ ചട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

1.4 ഈ ചട്ടത്തിൽ, 'ഭരണകൂടങ്ങൾ/സർക്കാരുകൾ' എന്ന പരാമർശം യൂറോപ്യൻ സമൂഹത്തിലെ രാഷ്ട്രങ്ങൾകൂടി ഉൾക്കൊണ്ടും 'മത്സ്യമേഖല' എന്ന പദം മത്സ്യബന്ധനവും മത്സ്യ കൃഷിയുംകൂടി ഉൾക്കൊണ്ടും ആണ് അർത്ഥമാക്കിയിരിക്കുന്നത്.

### വകുപ്പ് 2

## ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു :

a) ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള പൊതു തത്വങ്ങൾ, പ്രസക്തമായ അന്താരാഷ്ട്രനിയമങ്ങൾക്കും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട

നത്തിനായുള്ള അന്താരാഷ്ട്ര നടപടികൾ ഉൾക്കടലിൽ സഞ്ചരിക്കുന്ന മത്സ്യബന്ധനയാനങ്ങളിൽ അനുവർത്തിക്കുന്നത് ത്വരിതപ്പെടുത്തുവാനുള്ള 1993 ലെ ഉടമ്പടി, അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടനയുടെ സമ്മേളന തീരുമാനം 15/93, ഖണ്ഡിക 3 അനുസരിച്ച്, ഈ ചട്ടത്തിന്റെ കാതലായ ഒന്നാണ്.

1.2. ഈ ചട്ടം ആഗോള വ്യാപ്തിയുള്ളതും താഴെപ്പറയുന്നവരെ ലക്ഷ്യമാക്കിയുള്ളതുമാകുന്നു: അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടനയുടെ അംഗങ്ങളും, അംഗങ്ങളല്ലാത്തവരും; മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിലുള്ള (ഉപമേഖല, മേഖല, ആഗോളം) സർക്കാർ അഥവാ സർക്കാരേതര സംഘടനകൾ; മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവർ; മത്സ്യ-മത്സ്യേതര ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിലും വാണിജ്യത്തിലും ഏർപ്പെട്ടിരിക്കുന്നവർ; മത്സ്യമേഖലയുൾപ്പെടുന്ന ജല ആവാസ വ്യവസ്ഥയുടെ ഉപയോക്താക്കൾ, തുടങ്ങിയ, മത്സ്യ സ്രോതസ്സുകളുടെ സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യമേഖലയുടെ വികസനത്തിലും തല്പരരായ എല്ലാവരും.

1.3 എല്ലാത്തരം മത്സ്യമേഖലകളുടേയും സംരക്ഷണം, പരിപാലനം, വികസനം എന്നിവയ്ക്ക് സാധുവായ തത്വങ്ങളും മാനദണ്ഡങ്ങളും ആണ് ഈ ചട്ടം പ്രദാനം ചെയ്യുന്നത്. മത്സ്യ ബന്ധനം, മത്സ്യ-മത്സ്യേതര ഉൽപ്പന്നങ്ങളുടെ സംസ്ക്കരണവും വാണിജ്യവും, മത്സ്യ ബന്ധനപ്രക്രിയകൾ, മത്സ്യകൃഷി, മത്സ്യ ഗവേഷണം, തീരദേശ പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്രമായ സംയോജനം എന്നിവയും ഈ ചട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

1.4 ഈ ചട്ടത്തിൽ, 'ഭരണകൂടങ്ങൾ/സർക്കാരുകൾ' എന്ന പരാമർശം യൂറോപ്യൻ സമൂഹത്തിലെ രാഷ്ട്രങ്ങൾകൂടി ഉൾക്കൊണ്ടും 'മത്സ്യമേഖല' എന്ന പദം മത്സ്യബന്ധനവും മത്സ്യ കൃഷിയുംകൂടി ഉൾക്കൊണ്ടും ആണ് അർത്ഥമാക്കിയിരിക്കുന്നത്.

### വകുപ്പ് 2

## ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു :

a) ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള പൊതു തത്വങ്ങൾ, പ്രസക്തമായ അന്താരാഷ്ട്രനിയമങ്ങൾക്കും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട

ജൈവശാസ്ത്രപരവും, സാങ്കേതികവും, സാമൂഹികവും, പാരിസ്ഥിതികവും, വാണിജ്യപരവുമായ എല്ലാ വശങ്ങളും കണക്കിലെടുത്തുകൊണ്ടും ആവിഷ്കരിക്കുക;

b) മത്സ്യവിഭവസ്രോതസ്സുകളുടെ ഉത്തരവാദിത്വപരമായ സംരക്ഷണത്തിനും മത്സ്യമേഖലയുടെ പരിപാലനത്തിനും വികസനത്തിനും വേണ്ട ദേശീയ നയങ്ങളുടെ വിപുലീകരണത്തിനും നടത്തിപ്പിലേക്കുമായി പൊതുതത്വങ്ങളും മാനദണ്ഡങ്ങളും ആവിഷ്ക്കരിക്കുക;

c) ഉത്തരവാദിത്വപര മത്സ്യ ബന്ധനം നടപ്പിലാക്കുന്നതിനാവശ്യമായ നിയമപരവും സ്ഥാപനീയവുമായ ചട്ടക്കൂട് ഒരുക്കുന്നതിലോ പരിഷ്കരിക്കുന്നതിലോ കൂടാതെ ഇതുമായി ബന്ധപ്പെട്ട ഉചിതമായ നടപടികൾ ആവിഷ്കരിക്കുന്നതിലോ നടപ്പിലാക്കുന്നതിലോ സർക്കാരുകൾക്ക് സഹായകമായ മാർഗരേഖയായി വർത്തിക്കുക;

d) നിർബന്ധമായും അനുവർത്തിക്കേണ്ടതോ അല്ലാത്തതോ ആയ അന്താരാഷ്ട്ര ധാരണകളുടേയോ മറ്റ് നിയമങ്ങളുടെയോ ആവിഷ്കരണത്തിലോ നടപ്പിലാക്കലിലോ വേണ്ട മാർഗനിർദേശങ്ങൾ നൽകുക;

e) മത്സ്യവിഭവസ്രോതസ്സുകളുടെ സംരക്ഷണം, മത്സ്യമേഖലാ പരിപാലനം, വികസനം എന്നിവയിൽ സാങ്കേതികവും സാമ്പത്തികവും കൂടാതെ മറ്റ് തരത്തിലുള്ളതുമായ സഹകരണവും ത്വരിതപ്പെടുത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക;

f) ഭക്ഷ്യ ഭദ്രതയിലും ഭക്ഷ്യഗുണമേൻമയിലും മത്സ്യമേഖലയുടെ സംഭാവന, പ്രാദേശികനിവാസികളുടെ പോഷകാവശ്യങ്ങൾക്ക് മുൻതൂക്കം നൽകി ത്വരിതപ്പെടുത്തുക;

g) സജൈവജലവിഭവസ്രോതസ്സുകളുടെയും അവയുൾക്കൊള്ളുന്ന പരിസ്ഥിതിയുടെയും തീരദേശങ്ങളുടെയും സംരക്ഷണം ത്വരിതപ്പെടുത്തുക;

h) മത്സ്യത്തിന്റെയും മത്സ്യോൽപ്പന്നങ്ങളുടെയും വാണിജ്യം, പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി പ്രോത്സാഹിപ്പിക്കുകയും ഇത്തരം വാണിജ്യത്തിനെതിരെ ഉപയോഗിക്കപ്പെടാവുന്ന ഗുപ്തതടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യുക;

i) മത്സ്യസമ്പത്തിനെപ്പറ്റിയും, അനുബന്ധ ആവാസ വ്യവസ്ഥകൾ പ്രസക്തമായ പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയെപ്പറ്റിയും ഉള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക;

j) മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വേണ്ട പെരുമാറ്റ മാനദണ്ഡങ്ങൾ നൽകുക.

വകുപ്പ് 3

## മറ്റ് അന്താരാഷ്ട്ര ധാരണകളുമായുള്ള ബന്ധം

3.1 1982 ലെ, സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ സമ്മേളന തീരുമാനങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളുടെ വെളിച്ചത്തിലാകണം ഈ ചട്ടം വ്യാഖ്യാനിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും. ഈ ചട്ടത്തിലെ ഒരു കാര്യവും അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി വിവിധ രാഷ്ട്രങ്ങൾക്കുള്ള അവകാശങ്ങൾക്കോ, ചുമതലകൾക്കോ മുൻ വിധിയാകുന്നില്ല.

3.2 ഈ ചട്ടം വ്യാഖ്യാനിക്കപ്പെടേണ്ടതും നടപ്പിലാക്കേണ്ടതും :

a) 1982 ഡിസംബർ 10 ലെ സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനാ സമ്മേളനം മുന്നോട്ടുവെച്ച ദേശാന്തരഗമനസ്വഭാവമുള്ള മത്സ്യസമ്പത്തിന്റെ സംരക്ഷണപരിപാലനം ലക്ഷ്യമാക്കിയുള്ള നിർദ്ദേശങ്ങളിൽ പ്രസക്തമായവയ്ക്കനുസൃതമായിരിക്കണം;

b) തങ്ങൾ കക്ഷിചേരുന്ന അന്താരാഷ്ട്ര ഉടമ്പടികൾ അതാത് ഭരണകൂടങ്ങൾക്കായി നിർദ്ദേശിക്കുന്ന ചുമതലകൾ/ബാദ്ധ്യതകൾ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായിരിക്കണം;

c) 1992 ലെ 'കാൺകൻ' പ്രഖ്യാപനം, പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച 'റയോ' പ്രഖ്യാപനം, പരിസ്ഥിതിയേയും വികസനത്തേയും സംബന്ധിച്ച് ഐക്യരാഷ്ട്രസഭ അംഗീകരിച്ച അജണ്ട 21 (പ്രത്യേകിച്ചും അതിലെ 17-ാം അദ്ധ്യായം) മറ്റ് പ്രസക്തമായ അന്താരാഷ്ട്ര പ്രഖ്യാപനങ്ങൾ/ഉടമ്പടികൾ എന്നിവയുടെ വെളിച്ചത്തിലും കൂടി ആയിരിക്കണം.

വകുപ്പ് 4

## നിർവ്വഹണം, മേൽനോട്ടം, കാലോചിതമായ പുതുക്കൽ

4.1 ലോക ഭക്ഷ്യ കാർഷിക സംഘടനയിലെ അംഗങ്ങളും അംഗങ്ങളല്ലാത്തവരും, മേഖലാ ഉപമേഖലാ തലങ്ങളിലും ആഗോളതലത്തിലും പ്രവർത്തിക്കുന്ന പ്രസക്തമായ സർക്കാർ / സർക്കാരേതര സംഘടനകളും, കൂടാതെ

j) മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വേണ്ട പെരുമാറ്റ മാന ദണ്ഡങ്ങൾ നൽകുക.

## വകുപ്പ് 3

# മറ്റ് അന്താരാഷ്ട്ര ധാരണകളുമായുള്ള ബന്ധം

3.1 1982 ലെ, സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ സമ്മേളന തീരുമാനങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളുടെ വെളിച്ചത്തിലാകണം ഈ ചട്ടം വ്യാഖ്യാനിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും. ഈ ചട്ടത്തിലെ ഒരു കാര്യവും അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി വിവിധ രാഷ്ട്രങ്ങൾക്കുള്ള അവകാശങ്ങൾക്കോ, ചുമതലകൾക്കോ മുൻ വിധിയാകുന്നില്ല.

3.2 ഈ ചട്ടം വ്യാഖ്യാനിക്കപ്പെടേണ്ടതും നടപ്പിലാക്കേണ്ടതും :

a) 1982 ഡിസംബർ 10 ലെ സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനാ സമ്മേളനം മുന്നോട്ടുവെച്ച ദേശാന്തരഗമനസ്വഭാവമുള്ള മത്സ്യ സമ്പത്തിന്റെ സംരക്ഷണപരിപാലനം ലക്ഷ്യമാക്കിയുള്ള നിർദ്ദേശങ്ങളിൽ പ്രസക്തമായവയ്ക്കനുസൃതമായിരിക്കണം;

b) തങ്ങൾ കക്ഷിചേരുന്ന അന്താരാഷ്ട്ര ഉടമ്പടികൾ അതാത് ഭരണകൂടങ്ങൾക്കായി നിർദ്ദേശിക്കുന്ന ചുമതലകൾ/ബാദ്ധ്യതകൾ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായിരിക്കണം;

c) 1992 ലെ 'കാൺഗൻ' പ്രഖ്യാപനം, പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച 'റയോ' പ്രഖ്യാപനം, പരിസ്ഥിതിയേയും വികസനത്തേയും സംബന്ധിച്ച് ഐക്യരാഷ്ട്രസഭ അംഗീകരിച്ച അജണ്ട 21 (പ്രത്യേകിച്ചും അതിലെ 17-ാം അദ്ധ്യായം) മറ്റ് പ്രസക്തമായ അന്താരാഷ്ട്ര പ്രഖ്യാപനങ്ങൾ/ഉടമ്പടികൾ എന്നിവയുടെ വെളിച്ചത്തിലും കൂടി ആയിരിക്കണം.

## വകുപ്പ് 4

# നിർവ്വഹണം, മേൽനോട്ടം, കാലോചിതമായ പുതുക്കൽ

4.1 ലോക ഭക്ഷ്യ കാർഷിക സംഘടനയിലെ അംഗങ്ങളും അംഗങ്ങളല്ലാത്തവരും, മേഖലാ ഉപമേഖലാ തലങ്ങളിലും ആഗോളതലത്തിലും പ്രവർത്തിക്കുന്ന പ്രസക്തമായ സർക്കാർ / സർക്കാരേതര സംഘടനകളും, കൂടാതെ

j) മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വേണ്ട പെരുമാറ്റ മാനദണ്ഡങ്ങൾ നൽകുക.

### വകുപ്പ് 3

## മറ്റ് അന്താരാഷ്ട്ര ധാരണകളുമായുള്ള ബന്ധം

3.1 1982 ലെ, സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ സമ്മേളന തീരുമാനങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളുടെ വെളിച്ചത്തിലാകണം ഈ ചട്ടം വ്യാഖ്യാനിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും. ഈ ചട്ടത്തിലെ ഒരു കാര്യവും അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി വിവിധ രാഷ്ട്രങ്ങൾക്കുള്ള അവകാശങ്ങൾക്കോ, ചുമതലകൾക്കോ മുൻ വിധിയാകുന്നില്ല.

3.2 ഈ ചട്ടം വ്യാഖ്യാനിക്കപ്പെടേണ്ടതും നടപ്പിലാക്കേണ്ടതും :

a) 1982 ഡിസംബർ 10 ലെ സമുദ്രനിയമങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനാ സമ്മേളനം മുന്നോട്ടുവെച്ച ദേശാന്തരഗമനസ്വഭാവമുള്ള മത്സ്യ സമ്പത്തിന്റെ സംരക്ഷണപരിപാലനം ലക്ഷ്യമാക്കിയുള്ള നിർദ്ദേശങ്ങളിൽ പ്രസക്തമായവയ്ക്കനുസൃതമായിരിക്കണം;

b) തങ്ങൾ കക്ഷിചേരുന്ന അന്താരാഷ്ട്ര ഉടമ്പടികൾ അതാത് ഭരണകൂടങ്ങൾക്കായി നിർദ്ദേശിക്കുന്ന ചുമതലകൾ/ബാദ്ധ്യതകൾ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായിരിക്കണം;

c) 1992 ലെ 'കാൺഗൻ' പ്രഖ്യാപനം, പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച 'റയോ' പ്രഖ്യാപനം, പരിസ്ഥിതിയേയും വികസനത്തേയും സംബന്ധിച്ച് ഐക്യരാഷ്ട്രസഭ അംഗീകരിച്ച അജണ്ട 21 (പ്രത്യേകിച്ചും അതിലെ 17-ാം അദ്ധ്യായം) മറ്റ് പ്രസക്തമായ അന്താരാഷ്ട്ര പ്രഖ്യാപനങ്ങൾ/ഉടമ്പടികൾ എന്നിവയുടെ വെളിച്ചത്തിലും കൂടി ആയിരിക്കണം.

### വകുപ്പ് 4

## നിർവ്വഹണം, മേൽനോട്ടം, കാലോചിതമായ പുതുക്കൽ

4.1 ലോക ഭക്ഷ്യ കാർഷിക സംഘടനയിലെ അംഗങ്ങളും അംഗങ്ങളല്ലാത്തവരും, മേഖലാ ഉപമേഖലാ തലങ്ങളിലും ആഗോളതലത്തിലും പ്രവർത്തിക്കുന്ന പ്രസക്തമായ സർക്കാർ / സർക്കാരേതര സംഘടനകളും, കൂടാതെ

മത്സ്യ സ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ഉപയോഗം, മത്സ്യ-മത്സ്യോൽപ്പന്നങ്ങളുടെ വാണിജ്യം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും, ഈ ചട്ടം വിഭാവന ചെയ്യുന്ന ലക്ഷ്യങ്ങളും തത്വങ്ങളും സഫലീകരിക്കുവാനും നടപ്പിലാക്കുവാനും സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

4.2 ലോകഭക്ഷ്യ കാർഷിക സംഘടന, ഐക്യരാഷ്ട്ര സംഘടനയിലെ അതിന്റെ പദവിക്കനുസൃതമായി, ഈ ചട്ടത്തിന്റെ നിർവ്വഹണത്തിനും മത്സ്യമേഖലയിലെ തദനുസൃതമായ സ്വാധീനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതും, സെക്രട്ടറിയേറ്റ്, ഇക്കാര്യങ്ങൾ മത്സ്യമേഖലാ പ്രവർത്തനങ്ങൾക്കായുള്ള കമ്മിറ്റിയെ (COFI) ധരിപ്പിക്കുന്നതുമാകുന്നു. എല്ലാ രാഷ്ട്രങ്ങളും (ലോക ഭക്ഷ്യകാർഷിക സംഘടനയിലെ അംഗമായാലും അംഗമല്ലെങ്കിലും) കൂടാതെ പ്രസക്തമായ അന്താരാഷ്ട്ര സംഘടനകളും (സർക്കാർ/സർക്കാരേതര) ഈ പ്രവർത്തനങ്ങളിൽ ലോക ഭക്ഷ്യകാർഷിക സംഘടനയുമായി ക്രിയാത്മകമായി സഹകരിക്കണം.

4.3 ലോക ഭക്ഷ്യകാർഷിക സംഘടനയ്ക്ക്, അതിന്റെ അർഹതപ്പെട്ട ഘടക സ്ഥാപനങ്ങളിലൂടെ, മത്സ്യമേഖലയിലുണ്ടാകുന്ന വികസനങ്ങളുടെയും ഈ പെരുമാറ്റച്ചട്ടത്തിന്റെ നിർവ്വഹണത്തെ സംബന്ധിച്ച് പ്രത്യേക കമ്മിറ്റിക്ക് ലഭിക്കുന്ന റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ, ഈ ചട്ടം പുതുക്കാവുന്നതാണ്.

4.4 മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ഈ പെരുമാറ്റച്ചട്ടം സ്വമേധയാ സ്വീകരിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുവാനുള്ള വിവിധ പദ്ധതികൾ വഴി, ഈ ചട്ടത്തെക്കുറിച്ച് അവബോധം വളർത്തുവാനുള്ള ശ്രമങ്ങൾ ഭരണകൂടങ്ങളും അന്താരാഷ്ട്ര സംഘടനകളും (സർക്കാർ/സർക്കാരേതര) നടത്തേണ്ടതാണ്.

## വകുപ്പ് 5

## വികസ്വരരാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ

5.1 ഈ ചട്ടത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വികസ്വര രാഷ്ട്രങ്ങൾക്കുള്ള കഴിവ് യഥോചിതം കണക്കിലെടുക്കേണ്ടതാണ്.

5.2 ഈ ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് സഹായിക്കുന്നതിനും, രാഷ്ട്രങ്ങൾ, പ്രസ

മത്സ്യ സ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ഉപയോഗം, മത്സ്യ-മത്സ്യോൽപ്പന്നങ്ങളുടെ വാണിജ്യം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും, ഈ ചട്ടം വിഭാവന ചെയ്യുന്ന ലക്ഷ്യങ്ങളും തത്വങ്ങളും സഫലീകരിക്കുവാനും നടപ്പിലാക്കുവാനും സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

4.2 ലോകഭക്ഷ്യ കാർഷിക സംഘടന, ഐക്യരാഷ്ട്ര സംഘടനയിലെ അതിന്റെ പദവിക്കനുസൃതമായി, ഈ ചട്ടത്തിന്റെ നിർവ്വഹണത്തിനും മത്സ്യമേഖലയിലെ തദനുസൃതമായ സ്വാധീനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതും, സെക്രട്ടറിയേറ്റ്, ഇക്കാര്യങ്ങൾ മത്സ്യമേഖലാ പ്രവർത്തനങ്ങൾക്കായുള്ള കമ്മിറ്റിയെ (COFI) ധരിപ്പിക്കുന്നതുമാകുന്നു. എല്ലാ രാഷ്ട്രങ്ങളും (ലോക ഭക്ഷ്യകാർഷിക സംഘടനയിലെ അംഗമായാലും അംഗമല്ലെങ്കിലും) കൂടാതെ പ്രസക്തമായ അന്താരാഷ്ട്ര സംഘടനകളും (സർക്കാർ/സർക്കാരേതര) ഈ പ്രവർത്തനങ്ങളിൽ ലോക ഭക്ഷ്യകാർഷിക സംഘടനയുമായി ക്രിയാത്മകമായി സഹകരിക്കണം.

4.3 ലോക ഭക്ഷ്യകാർഷിക സംഘടനയ്ക്ക്, അതിന്റെ അർഹതപ്പെട്ട ഘടക സ്ഥാപനങ്ങളിലൂടെ, മത്സ്യമേഖലയിലുണ്ടാകുന്ന വികസനങ്ങളുടെയും ഈ പെരുമാറ്റച്ചട്ടത്തിന്റെ നിർവ്വഹണത്തെ സംബന്ധിച്ച് പ്രത്യേക കമ്മിറ്റിക്ക് ലഭിക്കുന്ന റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ, ഈ ചട്ടം പുതുക്കാവുന്നതാണ്.

4.4 മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ഈ പെരുമാറ്റച്ചട്ടം സ്വമേധയാ സ്വീകരിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുവാനുള്ള വിവിധ പദ്ധതികൾ വഴി, ഈ ചട്ടത്തെക്കുറിച്ച് അവബോധം വളർത്തുവാനുള്ള ശ്രമങ്ങൾ ഭരണകൂടങ്ങളും അന്താരാഷ്ട്ര സംഘടനകളും (സർക്കാർ/ സർക്കാരേതര) നടത്തേണ്ടതാണ്.

### വകുപ്പ് 5

## വികസ്വരരാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ

5.1 ഈ ചട്ടത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വികസ്വര രാഷ്ട്രങ്ങൾക്കുള്ള കഴിവ് യഥോചിതം കണക്കിലെടുക്കേണ്ടതാണ്.

5.2 ഈ ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് സഹായിക്കുന്നതിനും, രാഷ്ട്രങ്ങൾ, പ്രസ

ക്തമായ അന്താരാഷ്ട്ര സംഘടനകൾ (സർക്കാർ / സർക്കാരേതര), സാമ്പത്തിക സ്ഥാപനങ്ങൾ ഇവ വികസ്വര രാഷ്ട്രങ്ങളുടെ, പ്രത്യേകിച്ച്, പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവയുടെയും, ചെറുദ്വീപ് രാഷ്ട്രങ്ങളുടെയും പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും പൂർണ്ണമായി പരിഗണിക്കേണ്ടതാണ്. സർക്കാരുകൾ, പ്രസക്തമായ അന്താരാഷ്ട്ര സന്നദ്ധ സംഘടനകൾ, സാമ്പത്തിക സ്ഥാപനങ്ങൾ ഇവ വികസ്വര രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾ (പ്രത്യേകിച്ച് സാമ്പത്തിക സാങ്കേതിക സഹായം, സാങ്കേതിക വിദ്യ കൈമാറ്റം, പരിശീലനം, ഗവേഷണരംഗത്തെ സഹകരണം തുടങ്ങിയവയും സ്വന്തം മത്സ്യമേഖലയുടെ വികസനത്തിനായുള്ള കഴിവ് വർദ്ധിപ്പിക്കുക, ഉൾക്കടൽ മത്സ്യബന്ധനത്തിൽ പങ്കെടുക്കുക തുടങ്ങിയവയും) അഭിമുഖീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനായി യത്നിക്കേണ്ടതാണ്.

### വകുപ്പ് 6

## പൊതുതത്വങ്ങൾ

6.1 സജൈവജല പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന ഭരണകൂടങ്ങളും ഉപഭോക്താക്കളും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ ബാദ്ധ്യസ്ഥരാണ്. മത്സ്യം പിടിക്കാനുള്ള അവകാശം മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും ഫലപ്രദമായി ഉറപ്പു വരുത്തുന്ന വിധത്തിൽ ഉത്തരവാദിത്വത്തോടെ നിർവഹിക്കാനുള്ള കടമകൂടി ഉൾക്കൊള്ളുന്നു.

6.2 ഭക്ഷ്യഭദ്രത, ദാരിദ്ര്യനിർമ്മാർജനം, സുസ്ഥിര വികസനം എന്നിവ പരിഗണിച്ചുകൊണ്ട് ഇന്നത്തെയും വരുംകാലത്തെയും തലമുറകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മത്സ്യ സമ്പത്തിന്റെ മതിയായ അളവിലുള്ള ലഭ്യത, ഗുണമേന്മ, വൈവിദ്ധ്യം എന്നിവ മത്സ്യപരിപാലക സംഘടനകൾ പ്രോൽസാഹിപ്പിക്കണം. പരിപാലന നടപടികൾ ലക്ഷ്യവേധിയായ മത്സ്യങ്ങളുടെ മാത്രമല്ല അതേ ആവാസ വ്യവസ്ഥയിൽ കഴിയുന്നതോ ലക്ഷ്യവേധി ജനുസ്സുകളെ ആശ്രയിക്കുന്നതോ ആയ എല്ലാ ജനുസ്സുകളുടേയും സംരക്ഷണം ഉറപ്പുവരുത്തണം.

6.3 മത്സ്യബന്ധനത്തിനുള്ള ശ്രമശക്തിയുടെ തോത് മത്സ്യസ്രോതസ്സുകളുടെ ഉല്പാദനക്ഷമതയും ഉപഭോഗസ്ഥിരതയും തമ്മിൽ പൊരുത്തപ്പെടുന്ന തരത്തിൽ വിഭവ സംരക്ഷണ പരിപാലന പരിപാടികൾ നടപ്പിലാക്കി അനിയ

ക്തമായ അന്താരാഷ്ട്ര സംഘടനകൾ (സർക്കാർ / സർക്കാരേതര), സാമ്പത്തിക സ്ഥാപനങ്ങൾ ഇവ വികസ്വര രാഷ്ട്രങ്ങളുടെ, പ്രത്യേകിച്ച്, പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവയുടെയും, ചെറുദ്വീപ് രാഷ്ട്രങ്ങളുടെയും പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും പൂർണ്ണമായി പരിഗണിക്കേണ്ടതാണ്. സർക്കാരുകൾ, പ്രസക്തമായ അന്താരാഷ്ട്ര സന്നദ്ധ സംഘടനകൾ, സാമ്പത്തിക സ്ഥാപനങ്ങൾ ഇവ വികസ്വര രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾ (പ്രത്യേകിച്ച് സാമ്പത്തിക സാങ്കേതിക സഹായം, സാങ്കേതിക വിദ്യ കൈമാറ്റം, പരിശീലനം, ഗവേഷണരംഗത്തെ സഹകരണം തുടങ്ങിയവയും സ്വന്തം മത്സ്യമേഖലയുടെ വികസനത്തിനായുള്ള കഴിവ് വർദ്ധിപ്പിക്കുക, ഉൾക്കടൽ മത്സ്യബന്ധനത്തിൽ പങ്കെടുക്കുക തുടങ്ങിയവയും) അഭിമുഖീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനായി യത്നിക്കേണ്ടതാണ്.

## വകുപ്പ് 6

# പൊതുതത്വങ്ങൾ

6.1 സജൈവജല പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന ഭരണകൂടങ്ങളും ഉപഭോക്താക്കളും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ ബാദ്ധ്യസ്ഥരാണ്. മത്സ്യം പിടിക്കാനുള്ള അവകാശം മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും ഫലപ്രദമായി ഉറപ്പു വരുത്തുന്ന വിധത്തിൽ ഉത്തരവാദിത്വത്തോടെ നിർവഹിക്കാനുള്ള കടമകൂടി ഉൾക്കൊള്ളുന്നു.

6.2 ഭക്ഷ്യഭദ്രത, ദാരിദ്ര്യനിർമ്മാർജനം, സുസ്ഥിര വികസനം എന്നിവ പരിഗണിച്ചുകൊണ്ട് ഇന്നത്തെയും വരുംകാലത്തെയും തലമുറകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മത്സ്യ സമ്പത്തിന്റെ മതിയായ അളവിലുള്ള ലഭ്യത, ഗുണമേന്മ, വൈവിദ്ധ്യം എന്നിവ മത്സ്യപരിപാലക സംഘടനകൾ പ്രോൽസാഹിപ്പിക്കണം. പരിപാലന നടപടികൾ ലക്ഷ്യവേധിയായ മത്സ്യങ്ങളുടെ മാത്രമല്ല അതേ ആവാസ വ്യവസ്ഥയിൽ കഴിയുന്നതോ ലക്ഷ്യവേധി ജനുസ്സുകളെ ആശ്രയിക്കുന്നതോ ആയ എല്ലാ ജനുസ്സുകളുടേയും സംരക്ഷണം ഉറപ്പുവരുത്തണം.

6.3 മത്സ്യബന്ധനത്തിനുള്ള ശ്രമശക്തിയുടെ തോത് മത്സ്യസ്രോതസ്സുകളുടെ ഉല്പാദനക്ഷമതയും ഉപഭോഗസ്ഥിരതയും തമ്മിൽ പൊരുത്തപ്പെടുന്ന തരത്തിൽ വിഭവ സംരക്ഷണ പരിപാലന പരിപാടികൾ നടപ്പിലാക്കി അനിയ

ന്ത്രിതമായ മത്സ്യബന്ധനവും അധികമായുള്ള മത്സ്യബന്ധനശക്തിയും തടുക്കുവാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആവശ്യമെങ്കിൽ, മത്സ്യ സഞ്ചയങ്ങളെ സാധ്യമാകുന്നിടത്തോളം പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ സർക്കാരുകൾ കൈക്കൊള്ളണം.

6.4 വിഭവ സംരക്ഷണ പരിപാലനവുമായി ബന്ധപ്പെട്ട് മത്സ്യമേഖലയിൽ നടപ്പിലാക്കേണ്ട തീരുമാനങ്ങൾ എടുക്കേണ്ടത്, ലഭ്യമായതിൽ ഏറ്റവും മെച്ചമായ ശാസ്ത്രീയ തെളിവുകളെയും, വിഭവങ്ങളെയും ആവാസ വ്യവസ്ഥയെയും സംബന്ധിച്ച നാട്ടറിവുകളെയും, സംഗതമായ മറ്റ് പാരിസ്ഥിതിക സാമ്പത്തിക, സാമൂഹ്യ ഘടകങ്ങളെയും അടിസ്ഥാനമാക്കിയാകണം. മത്സ്യമേഖലയെപ്പറ്റിയുള്ള ശാസ്ത്ര–സാങ്കേതിക ജ്ഞാനവും മറ്റ് പാരിസ്ഥികവ്യൂഹങ്ങളുമായി അതിനുള്ള ബന്ധവും വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾക്ക് ഭരണകൂടം മുൻഗണന നൽകണം. ജലപരിസ്ഥിതി വ്യൂഹങ്ങൾക്ക്, തദ്വാര മത്സ്യമേഖലയ്ക്ക്, പലപ്പോഴും രാജ്യാതിർത്തികൾ സാധ്യമല്ലാത്തതിനാൽ ദ്വിരാഷ്ട്ര/ബഹുരാഷ്ട്ര സഹകരണത്തോടെയുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കണം.

6.5 ലഭ്യമായതിൽ ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ, സജൈവജല വിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, ഉപഭോഗം എന്നിവ, അവയുൾക്കൊള്ളുന്ന പരിസ്ഥിതിക്ക് കോട്ടം വരാത്ത തരത്തിൽ സാക്ഷാത്കരിക്കുന്ന "ഒരു മുൻകരുതൽ സമീപനം", സർക്കാരുകളും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന മേഖല, ഉപമേഖലാതല പരിപാലന സംഘടനകളും സ്ഥാപനങ്ങളും കൈക്കൊള്ളേണ്ടതാണ്. വേണ്ടത്ര ശാസ്ത്രീയ അറിവുകളുടെ അഭാവം എന്നത്, പ്രത്യേക ലക്ഷ്യത്തോടെയോ അല്ലാതെയോ പിടിക്കുന്നതോ, അവയെ ആശ്രയിക്കുന്നതോ ആയ മത്സ്യ ജനുസ്സുകളുടെയും അവയുൾക്കൊള്ളുന്ന ആവാസവ്യവസ്ഥയുടെയും സംരക്ഷണത്തിനായുള്ള ശ്രമങ്ങൾ നടപ്പിലാക്കാതെയിരിക്കുന്നതിനോ നീട്ടിവെക്കുന്നതിനോ ഒരു കാരണമായി ഉപയോഗിക്കാൻ പാടില്ല.

6.6. ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതിനും ജല ആവാസവ്യവസ്ഥകളുടെ ജൈവഘടന പരിരക്ഷിക്കുന്നതിനും മത്സ്യ ഗുണമേന്മ സംരക്ഷിക്കുന്നതിനും ഉതകുന്ന പാരിസ്ഥിതികമായി സുരക്ഷിതവും ഉദ്ദിഷ്ടമത്സ്യങ്ങളെ മാത്രം പിടിക്കുവാൻ കെൽപ്പുള്ളതുമായ വിവേചനക്ഷമതയുള്ള മത്സ്യബന്ധനോപകരണങ്ങളും മത്സ്യബന്ധന രീതികളും കഴിയുന്നത്ര വികസിപ്പിക്കുകയും നടപ്പിൽ വരുത്തുകയും വേണം. പാരിസ്ഥിതിക സുര

ക്ഷിതത്വവും വിവേചനക്ഷമതയുള്ള മത്സ്യ ബന്ധനോപകരണങ്ങളും രീതികളും ഇപ്പോൾതന്നെ നിലവിലുണ്ടെങ്കിൽ അവയ്ക്ക് മത്സ്യവിഭവ സംരക്ഷണ പരിപാലന പരിപാടികൾ നടപ്പിലാക്കുമ്പോൾ മുൻഗണന നൽകേണ്ടതാണ്. ജല ആവാസ വ്യവസ്ഥകളുടെ ഉപയോക്താക്കളും ഭരണകൂടങ്ങളും പാഴ്മത്സ്യങ്ങൾ, ലക്ഷ്യവേധിയല്ലാത്ത മത്സ്യ-മത്സ്യേതര ജാതികൾ ഇവയുടെ ബന്ധനവും അനുബന്ധ ജനുസ്സുകളിന്മേലുള്ള ആഘാതവും പരമാവധി കുറയ്ക്കണം.

6.7 മത്സ്യത്തിന്റെയും മത്സ്യോല്പന്നങ്ങളുടെയും ബന്ധനം, കൈകാര്യം ചെയ്യൽ, സംസ്കരണം എന്നീ പ്രക്രിയകൾ അവയുടെ പോഷകമൂല്യം, ഗുണമേൻമ, സുരക്ഷിതത്വം ഇവ നിലനിർത്തിയും അനാവശ്യനഷ്ടം, പാരിസ്ഥിതിക പ്രശ്നങ്ങൾ ഇവ ലഘൂകരിച്ചും വേണം നിർവഹിക്കേണ്ടത്.

6.8 ഓര് / ശുദ്ധ ജല ആവാസ വ്യവസ്ഥകളിൽ കാണപ്പെടുന്ന കണ്ടൽക്കാടുകൾ, കായൽ നിലങ്ങൾ, ലഗൂണുകൾ, മത്സ്യങ്ങൾ മുട്ടയിടുവാനും കുഞ്ഞുങ്ങളെ വിരിയിക്കുവാനും വരുന്ന പ്രദേശങ്ങൾ തുടങ്ങിയ മർമ്മപ്രധാനമായ എല്ലാ ജൈവ മേഖലകളും സാധ്യമായ രീതിയിൽ പരമാവധി സംരക്ഷിക്കുകയും പുനരധിവസിപ്പിക്കുകയും വേണം. ഇത്തരം ആവാസ സ്ഥാനങ്ങളെ മലിനീകരണം, നശീകരണം, മത്സ്യസ്രോതസ്സുകളുടെ ആരോഗ്യത്തെ ബാധിക്കുന്ന മനുഷ്യജന്യമായ മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയ വിപത്തുകളിൽ നിന്ന് സംരക്ഷിക്കുവാനുള്ള പ്രത്യേക ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

6.9 തീരദേശ മേഖലയുടെ ബഹുമുഖ ഉപയോഗങ്ങളിൽ ഭരണകൂടങ്ങൾക്കുള്ള, വിഭവസംരക്ഷണം ഉൾപ്പെടെയുള്ള താൽപര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വേണം തീരദേശമേഖലാ പരിപാലനത്തിനും വികസനത്തിനും വേണ്ട സമഗ്രപദ്ധതികൾ ഭരണകൂടങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത്.

6.10 അന്താരാഷ്ട്ര നിയമങ്ങൾക്കും സംഗതമായ വൈദഗ്ദ്ധ്യത്തിനും അനുസൃതമായും, പ്രാദേശികവും ഉപപ്രാദേശികവും ആയ മത്സ്യമേഖലാ സംരക്ഷണ പരിപാലനത്തിനായുള്ള സംഘടനകളുടെയും മറ്റ് ഏർപ്പാടുകളുടേയും ചട്ടക്കൂടുകൾക്കുള്ളിൽ നിന്നു കൊണ്ടും, വിവിധ സംരക്ഷണ പരിപാലന നടപടികൾ കൈക്കൊള്ളേണ്ടതും ഉചിതമായ മാർഗ്ഗങ്ങളിലൂടെ മത്സ്യ ബന്ധനയാനങ്ങളുടെയും ഉപയാനങ്ങളുടെയും നിയന്ത്രണം നടപ്പിലാക്കേണ്ടതുമാണ്.

6.11 മത്സ്യബന്ധന യാനങ്ങളിൽ സ്വന്തം പതാകകൾ പാറിക്കാൻ അനുവദിക്കുന്ന ഭരണകൂടങ്ങൾ പ്രസ്തുത യാനങ്ങൾ ഈ പെരുമാറ്റച്ചട്ടം അനുസരിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വേണ്ട ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. നടപ്പിലാക്കപ്പെട്ടിരിക്കുന്ന സംരക്ഷണ പരിപാലന പരിപാടികൾക്ക് പ്രസ്തുത യാനങ്ങൾ തുരങ്കം വെയ്ക്കുന്നില്ല എന്നും മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാ സമയം ശേഖരിക്കുന്നതിലേക്കും കൈമാറുന്നതിലേക്കുമുള്ള ഈ യാനങ്ങളുടെ ബാദ്ധ്യത നിറവേറ്റപ്പെടുന്നുവെന്നും ഉറപ്പുവരുത്തുവാൻ ഭരണകൂടങ്ങൾ ചുമതലപ്പെട്ടിരിക്കുന്നു.

6.12 ലഭ്യമായ വൈദഗ്ദ്ധ്യത്തിനും അന്താരാഷ്ട്ര നിയമങ്ങൾക്കും അനുസൃതമായി പ്രാദേശിക, ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളുമായും അന്താരാഷ്ട്ര ഉടമ്പടികളുമായും സഹകരിച്ച് ഉത്തരവാദിത്വപര മത്സ്യബന്ധനവും വിഭവ സംരക്ഷണ പരിപാലന പരിപാടികളും ഉറപ്പു വരുത്തുവാനും, സജൈവ ജല വിഭവങ്ങളുടെ സംരക്ഷണം അവ എവിടെയൊക്കെ വിന്യസിക്കപ്പെട്ടിരിക്കുന്നുവോ അവിടെയൊക്കെ, രാജ്യാധികാര പരിധിക്ക് അകത്തും പുറത്തും, അനുഗുണമായ നടപടികൾ കൈക്കൊണ്ട്, ഉറപ്പു വരുത്തുവാനും ഭരണകൂടങ്ങൾക്ക് ബാദ്ധ്യതയുണ്ട്.

6.13 തീരുമാനങ്ങൾ എടുക്കുവാനുള്ള പ്രക്രിയകളിൽ സുതാര്യതയും അടിയന്തിര സ്വഭാവമുള്ള കാര്യങ്ങളിൽ സത്വരം പരിഹാരമാർഗങ്ങൾ കൈക്കൊള്ളുന്നതും, ദേശീയ നിയമങ്ങളും നിയന്ത്രണങ്ങളും അനുവദിക്കുന്ന തരത്തിൽ ഭരണകൂടങ്ങൾ ഉറപ്പാക്കണം. മത്സ്യ മേഖലയുടെ പരിപാലനം, വികസനം, അന്താരാഷ്ട്ര സാമ്പത്തിക സഹായം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിയമങ്ങൾ, നയങ്ങൾ എന്നിവ രൂപീകരിക്കുന്നതിൽ മത്സ്യ വ്യവസായികൾ, തൊഴിലാളികൾ എന്നിവരുടേയും പാരിസ്ഥിതികവും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും ഫലപ്രദമായ പങ്കാളിത്തം, അനുയോജ്യമായ നടപടിക്രമങ്ങളിലൂടെ ത്വരിതപ്പെടുത്തുവാനും ഉറപ്പു വരുത്തുവാനും സർക്കാരുകൾ ശ്രമിക്കണം.

6.14 മത്സ്യത്തിന്റെയും മത്സ്യോൽപ്പന്നങ്ങളുടെയും അന്താരാഷ്ട്ര വ്യാപാരം ലോക വാണിജ്യ സംഘടനയും അതുപോലെയുള്ള മറ്റ് അന്തർദേശീയ ഉടമ്പടികളും നിർദ്ദേശിക്കുന്ന തത്വങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായിരിക്കണം. മത്സ്യ-മത്സ്യോൽപ്പന്ന വ്യാപാരം സംബന്ധിച്ച, സർക്കാരുകളുടെ നയപരിപാടികൾ ഇത്തരം വാണിജ്യത്തിൽ തടസ്സം

സൃഷ്ടിക്കുന്ന തരത്തിലോ പാരിസ്ഥിതികവും സാമൂഹികവും ഭക്ഷ്യ പോഷകവും ആയ ദോഷ ഫലങ്ങൾ ഉളവാക്കുന്നതോ ആകരുത്.

6.15 തർക്കങ്ങൾ ഒഴിവാക്കുന്നതിലേക്കായി സർക്കാരുകൾ സഹകരിച്ച് പ്രവർത്തിക്കണം. മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും അന്താരാഷ്ട്രമോ കക്ഷികൾ പരസ്പരം എത്തിച്ചേരുന്നതോ ആയ ധാരണകൾക്കനുസൃതമായി സമയോചിതമായും സമാധാനപരമായും സഹകരണ മനോഭാവത്തോടെയും പരിഹരിക്കണം. തർക്ക പരിഹാരം എത്താത്ത പക്ഷം പരിഹാര ശ്രമങ്ങളുടെ പരിണിത ഫലത്തിന് മുൻവിധിയാകാത്ത തരത്തിൽ പ്രായോഗികമായ താൽക്കാലിക ധാരണകളിൽ എത്തിച്ചേരാൻ സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാരുകൾ നടത്തേണ്ടതാണ്.

6.16 മത്സ്യ ബന്ധനത്തിലും മത്സ്യ കൃഷിയിലും ഏർപ്പെട്ടിരിക്കുന്നവർ തങ്ങൾ ആശ്രയിക്കുന്ന മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിലും പരിപാലനത്തിലും വ്യുൽപ്പത്തിയുള്ളവർ ആയിരിക്കേണ്ടതിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ഉത്തരവാദിത്വപര മത്സ്യ ബന്ധനം സംബന്ധിച്ച വിദ്യാഭ്യാസ, പരിശീലന, ബോധവൽക്കരണ പരിപാടികൾ ഭരണകൂടങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഈ പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതുൾപ്പെടെയുള്ള വിവിധ നയ രൂപീകരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

6.17 മത്സ്യബന്ധനത്തിനു വേണ്ടിയുള്ള എല്ലാ സംവിധാനങ്ങളും സാമഗ്രികളും പ്രവർത്തനങ്ങളും സുരക്ഷിതവും, ആരോഗ്യപരവും, നിഷ്പക്ഷവുമായ ജീവിത–തൊഴിൽ സാഹചര്യങ്ങൾ അനുവദിക്കുന്നതും പ്രസക്തമായ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതവും ആയിരിക്കണം.

6.18 തൊഴിൽ, വരുമാനം, ഭക്ഷ്യഭദ്രത ഇവയിൽ പരമ്പരാഗത ചെറുകിട മത്സ്യ മേഖല നൽകുന്ന സംഭാവനയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷിതവും നീതിയുക്തവുമായ ജീവനോപാധികൾക്കും, ദേശീയ അധികാരപരിധിയിൽപ്പെട്ട ജലസഞ്ചയങ്ങളിൽ പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള പ്രത്യേക പരിഗണനക്കും വേണ്ടിയുള്ള അവകാശങ്ങൾ സംരക്ഷിക്കുവാൻ ഭരണകൂടങ്ങൾ ബാദ്ധ്യസ്ഥരാണ്.

6.19 വരുമാനത്തിന്റെയും, ഭക്ഷണക്രമത്തിന്റെയും വൈവിദ്ധ്യവൽക്കരണത്തിനായി മത്സ്യകൃഷിയേയും അനുബന്ധ പ്രവർത്തനങ്ങളേയും ഭരണകൂട

ങ്ങൾ പ്രോത്സാഹിപ്പിക്കണം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിഭവങ്ങൾ ഉത്തരവാദിത്വപരമായി ഉപയോഗിക്കുന്നുവെന്നും പാരിസ്ഥിതികവും സാമൂഹികവുമായ ദോഷഫലങ്ങൾ പരമാവധി ലഘൂകരിച്ചിരിക്കുന്നുവെന്നും ഭരണകൂടങ്ങൾ ഉറപ്പാക്കണം.

### വകുപ്പ് 7

## മത്സ്യമേഖലാ പരിപാലനവും മേൽനോട്ടവും

**7.1 പൊതുവായവ**

7.1.1 ഭരണകൂടങ്ങളും മത്സ്യമേഖലാ മേൽനോട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മത്സ്യ വിഭവങ്ങളുടെ ദീർഘകാല സംരക്ഷണത്തിനും സുസ്ഥിര ഉപഭോഗത്തിനും വേണ്ട നടപടികൾ അനുയോജ്യമായ നയം, നിയമപരവും സ്ഥാപനപരവുമായ ചട്ടക്കൂട് എന്നിവയിലൂടെ കൈക്കൊള്ളേണ്ടതാണ്. പരിപാലന മേൽനോട്ട പരിപാടികൾ, അവ പ്രാദേശികമോ ദേശീയമോ ഉപപ്രാദേശികമോ ആയിക്കൊള്ളട്ടെ, ലഭ്യമായതിൽ മികച്ച ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയും മത്സ്യ വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം ലക്ഷ്യമാക്കി രൂപകല്പന ചെയ്തതും ആയിരിക്കണം. ഹ്രസ്വകാല പരിഗണനകൾ ഈ ഉദ്ദേശ്യ ലക്ഷ്യങ്ങളെ ഹനിക്കുവാൻ അനുവദിക്കരുത്.

7.1.2 ദേശീയ അധികാര പരിധിയിൽപ്പെട്ട മേഖലകളിൽ മത്സ്യസമ്പത്തിന്റെ പരിപാലനത്തിലും മേൽനോട്ടത്തിലും ന്യായമായ താൽപര്യങ്ങളുള്ള കക്ഷികളെ കണ്ടെത്തി ഉത്തരവാദിത്വപര മത്സ്യ ബന്ധനം ഉറപ്പു വരുത്തുന്നതിലും അവരുടെ സഹകരണം നേടുന്നതിലും ഭരണകൂടങ്ങൾ ശ്രമിക്കണം.

7.1.3 രാജ്യാതിർത്തികൾക്ക് വിധേയമല്ലാത്തതും ദേശാന്തര ഗമന സ്വഭാവം കൂടുതൽ കാണിക്കുന്നതുമായ മത്സ്യങ്ങളുടെയും ഉൾക്കടൽ മത്സ്യങ്ങളുടെയും കാര്യത്തിൽ, രണ്ടോ അതിലധികമോ ഭരണകൂടങ്ങൾ ഇത്തരം സമ്പത്ത് ചൂഷണം ചെയ്യുന്നിടങ്ങളിൽ, ബന്ധപ്പെട്ട ഭരണകൂടങ്ങൾ, പ്രസക്തമായ തീരദേശ ഭരണകൂടങ്ങൾ ഉൾപ്പെടെ, പ്രസ്തുത സമ്പത്തിന്റെ ഫലപ്രദമായ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുവാൻ സഹകരിക്കണം. ഇതിലേക്കായി ദ്വിരാഷ്ട്ര, ഉപമേഖലാ, മേഖലാതല സംവിധാനങ്ങളോ സംഘടനകളോ രൂപീകരിക്കണം.

7.1.4 ഒരു ഉപമേഖലാ അഥവാ മേഖലാതല മത്സ്യപരിപാലന സംഘടനയിൽ അഥവാ സംവിധാനത്തിൽ, മത്സ്യ സ്രോതസ്സുകൾ/വിഭവങ്ങൾ ആരുടെ

ങ്ങൾ പ്രോത്സാഹിപ്പിക്കണം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിഭവങ്ങൾ ഉത്തരവാദിത്വപരമായി ഉപയോഗിക്കുന്നുവെന്നും പാരിസ്ഥിതികവും സാമൂഹികവുമായ ദോഷഫലങ്ങൾ പരമാവധി ലഘൂകരിച്ചിരിക്കുന്നുവെന്നും ഭരണകൂടങ്ങൾ ഉറപ്പാക്കണം.

വകുപ്പ് 7

## മത്സ്യമേഖലാ പരിപാലനവും മേൽനോട്ടവും

### 7.1 പൊതുവായവ

7.1.1 ഭരണകൂടങ്ങളും മത്സ്യമേഖലാ മേൽനോട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മത്സ്യ വിഭവങ്ങളുടെ ദീർഘകാല സംരക്ഷണത്തിനും സുസ്ഥിര ഉപഭോഗത്തിനും വേണ്ട നടപടികൾ അനുയോജ്യമായ നയം, നിയമപരവും സ്ഥാപനപരവുമായ ചട്ടക്കൂട് എന്നിവയിലൂടെ കൈക്കൊള്ളേണ്ടതാണ്. പരിപാലന മേൽനോട്ട പരിപാടികൾ, അവ പ്രാദേശികമോ ദേശീയമോ ഉപപ്രാദേശികമോ ആയിക്കൊള്ളട്ടെ, ലഭ്യമായതിൽ മികച്ച ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയും മത്സ്യ വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം ലക്ഷ്യമാക്കി രൂപകല്പന ചെയ്തതും ആയിരിക്കണം. ഹ്രസ്വകാല പരിഗണനകൾ ഈ ഉദ്ദേശ്യ ലക്ഷ്യങ്ങളെ ഹനിക്കുവാൻ അനുവദിക്കരുത്.

7.1.2 ദേശീയ അധികാര പരിധിയിൽപ്പെട്ട മേഖലകളിൽ മത്സ്യസമ്പത്തിന്റെ പരിപാലനത്തിലും മേൽനോട്ടത്തിലും ന്യായമായ താൽപര്യങ്ങളുള്ള കക്ഷികളെ കണ്ടെത്തി ഉത്തരവാദിത്വപര മത്സ്യ ബന്ധനം ഉറപ്പു വരുത്തുന്നതിലും അവരുടെ സഹകരണം നേടുന്നതിലും ഭരണകൂടങ്ങൾ ശ്രമിക്കണം.

7.1.3 രാജ്യാതിർത്തികൾക്ക് വിധേയമല്ലാത്തതും ദേശാന്തര ഗമന സ്വഭാവം കൂടുതൽ കാണിക്കുന്നതുമായ മത്സ്യങ്ങളുടെയും ഉൾക്കടൽ മത്സ്യങ്ങളുടെയും കാര്യത്തിൽ, രണ്ടോ അതിലധികമോ ഭരണകൂടങ്ങൾ ഇത്തരം സമ്പത്ത് ചൂഷണം ചെയ്യുന്നിടങ്ങളിൽ, ബന്ധപ്പെട്ട ഭരണകൂടങ്ങൾ, പ്രസക്തമായ തീരദേശ ഭരണകൂടങ്ങൾ ഉൾപ്പെടെ, പ്രസ്തുത സമ്പത്തിന്റെ ഫലപ്രദമായ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുവാൻ സഹകരിക്കണം. ഇതിലേക്കായി ദ്വിരാഷ്ട്ര, ഉപമേഖലാ, മേഖലാതല സംവിധാനങ്ങളോ സംഘടനകളോ രൂപീകരിക്കണം.

7.1.4 ഒരു ഉപമേഖലാ അഥവാ മേഖലാതല മത്സ്യപരിപാലന സംഘടനയിൽ അഥവാ സംവിധാനത്തിൽ, മത്സ്യ സ്രോതസ്സുകൾ/വിഭവങ്ങൾ ആരുടെ

അധികാര പരിധിയിൽ ആണോ വരുന്നത്, ആ ഭരണകൂടങ്ങളുടേയും, രാഷ്ട്രാതിർത്തിക്ക് പുറത്തുള്ള മത്സ്യ വിഭവങ്ങളുടെ കാര്യത്തിൽ താൽപ ര്യമുള്ള മറ്റ് രാഷ്ട്രങ്ങളുടെയും, പ്രതിനിധികൾ ഉണ്ടായിരിക്കണം. മേഖലാ അഥവാ ഉപമേഖലാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കിയതും വിഭവ പരിപാലന സംരക്ഷണ രീതികളിൽ വൈദഗ്ദ്ധ്യം ഉള്ളതുമായ രാഷ്ട്ര ങ്ങൾ മേൽ പറഞ്ഞ സംവിധാനങ്ങളിൽ സജീവമായി പങ്കെടുക്കണം.

7.1.5 ഒരു ഭരണകൂടം, ഇത്തരം സംഘടനകളിലോ സംവിധാനങ്ങളിലോ അംഗ മല്ലാ എങ്കിൽക്കൂടി, നിലവിലുള്ള അന്താരാഷ്ട്ര നിയമങ്ങൾക്കും ഉടമ്പടി കൾക്കും അനുസൃതമായി, മേൽ പറഞ്ഞ സംവിധാനങ്ങളും സംഘട നകളും, നിർദ്ദേശിക്കുന്ന സംരക്ഷണ പരിപാലന മുറകൾ നടപ്പിൽ വരു ത്തുവാൻ സഹകരിക്കണം.

7.1.6 മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരേതര സ്ഥാപന ങ്ങളുടെ പ്രതിനിധികൾക്ക്, ഉപമേഖല, മേഖലാതല സംഘടനകളുടെ അഥവാ സംവിധാനങ്ങളുടെ സമ്മേളനങ്ങളിൽ നിരീക്ഷകരായിട്ടോ അല്ലാ തെയോ പങ്കാളിത്തം നൽകേണ്ടതാണ്. ഇത്തരം നിരീക്ഷകർക്ക്, സമ്മേ ളന റിപ്പോർട്ടുകളും മറ്റു രേഖകളും യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

7.1.7 ഭരണകൂടങ്ങൾ അവരുടെ ലഭ്യമായ വൈദഗ്ദ്ധ്യത്തിന്റെയും കഴിവുകളു ടെയും അടിസ്ഥാനത്തിൽ മത്സ്യ വിഭവ സംരക്ഷണ പരിപാലന നടപടി കൾ വേണ്ടരീതിയിൽ കൈക്കൊള്ളുന്നുവെന്ന് ഉറപ്പു വരുത്തുവാനുള്ള വിവിധ മാർഗ്ഗങ്ങൾ, (നിയന്ത്രണം, മേൽനോട്ടം, കർശനമായി നടപ്പിൽ വരുത്തൽ തുടങ്ങിയവ) സ്വീകരിക്കേണ്ടതാണ്.

7.1.8 അധിക മത്സ്യബന്ധന ശേഷി ഒഴിവാക്കാനോ കുറയ്ക്കാനോ വേണ്ട നട പടികൾ സ്വീകരിക്കുകയും മത്സ്യവിഭവ സംരക്ഷണ പരിപാലന നടപടി കൾ ഫലപ്രദമാക്കുവാനുള്ള മാർഗ്ഗമെന്ന നിലയിൽ വിഭവ സുസ്ഥിരതക്ക് ആനുപാതികമായ മത്സ്യബന്ധന ശേഷി ഉറപ്പാക്കുകയും വേണം.

7.1.9 ഭരണകൂടങ്ങളും, മേഖല/ഉപമേഖല മത്സ്യ വിഭവ സംരക്ഷണ പരിപാ ലന സ്ഥാപനങ്ങളും സംവിധാനങ്ങളും, മത്സ്യമേഖലയിലെ മേൽ നോട്ട ത്തിനും പരിപാലനത്തിനും വേണ്ട വിവിധ മാർഗ്ഗങ്ങളിലും അതിലേക്കായി തീരുമാനങ്ങൾ എടുക്കുവാനുള്ള പ്രക്രിയകളിലും സുതാര്യത ഉറപ്പു വരു ത്തുവാൻ ശ്രമിക്കണം.

7.1.10 ഭരണകൂടങ്ങളും മേൽ പറഞ്ഞ സംവിധാനങ്ങളും സ്ഥാപനങ്ങളും മത്സ്യ വിഭവ സംരക്ഷണ പരിപാലന ശ്രമങ്ങൾക്ക് അർഹമായ പ്രചരണം നൽകുകയും ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും ജനങ്ങളുടെയിടയിൽ ഫലപ്രദമായി എത്തിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

## 7.2 പരിപാലന ലക്ഷ്യങ്ങൾ

7.2.1 വിഭവ സംരക്ഷണ പരിപാലനത്തിന്റെ ആത്യന്തിക ലക്ഷ്യം മത്സ്യ സമ്പത്തിന്റെ ദീർഘ നാളത്തേക്കുള്ള ഉപഭോഗം സുസ്ഥിരമാക്കുകയാണ് എന്ന് അംഗീകരിച്ചുകൊണ്ട്, ലഭ്യമായതിൽ മികച്ച ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനമാക്കി നിർമ്മിച്ചതും പരമാവധി ഉത്പാദന സ്ഥിരത സാധ്യമാക്കുന്ന തരത്തിൽ മത്സ്യ സമ്പത്ത് നില നിർത്തുന്നതിലേക്കോ, പുനഃ സ്ഥാപിക്കുന്നതിലേക്കോ രൂപകല്പന ചെയ്തതുമായ വിവിധ നടപടികൾ, ഭരണകൂടങ്ങളും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളും സംവിധാനങ്ങളും കൈക്കൊള്ളേണ്ടതാണ്. പ്രസക്തമായ സാമൂഹിക, സാമ്പത്തിക, ഘടകങ്ങളും വികസ്വര രാഷ്ട്രങ്ങളുടെ പ്രത്യേക താല്പര്യങ്ങളും കൂടി കണക്കിലെടുത്താകണം ഇത്തരം നടപടികൾ വിഭാവന ചെയ്യേണ്ടത്.

7.2.2 ഇത്തരം നടപടികൾ താഴെപ്പറയുന്നവ പ്രദാനം ചെയ്യേണ്ടതാണ് :

a) അധിക മത്സ്യ ബന്ധനശേഷി ഒഴിവാക്കപ്പെടുകയും മത്സ്യ സമ്പത്തിന്റെ ചൂഷണം സാമ്പത്തിക ക്ഷമത നിലനിർത്തപ്പെടുന്നതും ആക്കുക;

b) മത്സ്യ ബന്ധന വ്യവസായം പ്രവർത്തിക്കുന്ന സാമ്പത്തിക സാഹചര്യങ്ങൾ ഉത്തരവാദിത്വപര മത്സ്യ ബന്ധനത്തെ പ്രോത്സാഹിപ്പിക്കുക;

c) ചെറുകിട പരമ്പരാഗത മത്സ്യതൊഴിലാളികളുടെ താൽപര്യങ്ങൾ പരിഗണിക്കപ്പെടുക;

d) ജല ആവാസ വ്യവസ്ഥകളിലെ ജൈവ വൈവിദ്ധ്യം കാത്തു സൂക്ഷിക്കുകയും വംശനാശ ഭീഷണി നേരിടുന്ന ജനുസുകളെ സംരക്ഷിക്കുകയും ചെയ്യുക;

e) നാശോന്മുഖമായ മത്സ്യ സമ്പത്തിന്റെ പുനഃ സൃഷ്ടി പ്രകൃതിദത്തമായ രീതിയിലോ, ആവശ്യമെങ്കിൽ, കൃത്യമമായ രീതിയിലോ നടത്തുക;

f) മനുഷ്യ പ്രവർത്തനം മൂലം വിഭവങ്ങളിൽ ഉണ്ടാവുന്ന ദോഷ ഫലങ്ങൾ നിർണ്ണയിക്കുകയും ആവശ്യമെങ്കിൽ പരിഹരിക്കുകയും ചെയ്യുക.

g) മലിനീകരണം, പാഴാക്കപ്പെടുന്ന മത്സ്യങ്ങൾ, ഉപേക്ഷിക്കപ്പെട്ടതോ, നഷ്ടപ്പെട്ടതോ ആയ വലകളിൽ കുടുങ്ങുന്ന മത്സ്യങ്ങൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കല്ലാതെ പിടിക്കപ്പെടുന്ന മത്സ്യ-മത്സ്യേതര ജീവികൾ തടങ്ങിയവയുടെ അളവും, ആശ്രയ ജീവികളുടെ മേലുള്ള സ്വാധീനവും, സാധ്യമാകുന്ന രീതിയിൽ ലഘൂകരിക്കുവാൻ വേണ്ടി ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടിക്കുവാൻ കെൽപ്പുള്ള എന്നാൽ പാരിസ്ഥിതികമായി സുരക്ഷിതവും സാമ്പത്തികനഷ്ടം വരുത്താത്തതുമായ വലകൾ, മത്സ്യബന്ധനരീതികൾ മുതലായവ വികസിപ്പിച്ച് ഉപയോഗത്തിൽ കൊണ്ടുവരിക.

7.2.3 ലക്ഷ്യവേധിയായ മത്സ്യ സമ്പത്തിൻമേലും അവയെ ആശ്രയിക്കുന്നതോ അതേ ആവാസ വ്യവസ്ഥയിൽ കഴിയുന്നതോ ആയ മറ്റു ജനുസ്സുകളിലും, പാരിസ്ഥിതിക ഘടകങ്ങൾ ചെലുത്തുന്ന സ്വാധീനവും ആവാസ വ്യവസ്ഥയിലെ വിവിധ ജൈവ വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധവും നിർണ്ണയിക്കുവാൻ ഭരണകൂടങ്ങൾ ശ്രമിക്കണം.

## 7.3 പരിപാലനത്തിനുള്ള ചട്ടക്കൂടും നടപടിക്രമങ്ങളും

7.3.1 മത്സ്യവിഭവ പരിപാലനം ഫലപ്രദമാകണമെങ്കിൽ, ഓരോ തരം മത്സ്യ ശേഖരവും അത് മൊത്തമായി വിന്യസിക്കപ്പെട്ടിരിക്കുന്ന മേഖല, ആ മേഖലയിൽ നടപ്പിലാക്കപ്പെട്ടിരിക്കുന്ന പരിപാലന നടപടികൾ, മത്സ്യത്തിന്റെ എല്ലാ വിധത്തിലുമുള്ള ശോഷണങ്ങൾ, പ്രസ്തുത ശേഖരത്തിന്റെ ജീവശാസ്ത്രപരമായ ഏകത, മറ്റ് ജീവശാസ്ത്രപരമായ സവിശേഷതകൾ എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്. മത്സ്യ സമ്പത്തിന്റെ വിന്യാസമേഖലകളും ജീവിത ചക്രത്തിൽ അവ ദേശാന്തരഗമനം നടത്തുന്ന മേഖലകളും കണ്ടെത്തുന്നതിന് ലഭ്യമായതിൽ ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകൾ വേണം ഉപയോഗിക്കേണ്ടത്.

7.3.2 ദേശാന്തരഗമന സ്വഭാവമുള്ള മത്സ്യങ്ങളുടേയും ഉൾക്കടലിൽ കാണപ്പെടുന്ന മത്സ്യങ്ങളുടേയും സംരക്ഷണത്തിനും പരിപാലനത്തിനുമായി വിവിധ രാഷ്ട്രങ്ങളോ മേഖലാതല സംവിധാനങ്ങളോ നടപ്പിൽ വരുത്തുന്ന സംരക്ഷണ പരിപാലന നടപടികൾ പരസ്പരം യോജിക്കുന്നവ (അഥവാ അനുപൂരകം) ആയിരിക്കണം. ഈ അനുപൂരകത്വം, ബന്ധപ്പെട്ട സർക്കാരുകളുടെ അവകാശങ്ങൾ, പ്രാപ്തികൾ, താല്പര്യങ്ങൾ ഇവയ്ക്ക് അനുഗുണമായി വേണം ആർജിക്കേണ്ടത്.

7.3.3 പരിപാലനത്തിലെ ദീർഘകാല ലക്ഷ്യങ്ങൾ, മത്സ്യമേഖലാ പരിപാലന പദ്ധതിയുടെയോ ചട്ടക്കൂടിന്റെയോ ഭാഗമായി ആവിഷ്ക്കരിക്കപ്പെട്ട കർമ്മപരിപാടികളായി പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതാണ്.

7.3.4 ഭരണകൂടങ്ങളും ആവശ്യമെങ്കിൽ മേഖലാ ഉപമേഖലാതല സംവിധാന ങ്ങളും സ്ഥാപനങ്ങളും മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങ ളിലും (വിവര സമാഹരണം, കൈമാറ്റം, ഗവേഷണം, പരിപാലനം, മേൽനോട്ടം, വികസനം തുടങ്ങിയ) അന്താരാഷ്ട്ര സഹകരണം പ്രോൽസാ ഹിപ്പിക്കണം.

7.3.5 മേഖലാ ഉപമേഖലാ സ്ഥാപനങ്ങളോ സംവിധാനങ്ങളോ കൈക്കൊള്ളുന്ന നടപടികളിൽ സ്വാധീനം ചെലുത്തുവാൻ സാധ്യതയുള്ളതും മത്സ്യേതര സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതുമായ ഏതെങ്കിലും നടപടി എടുക്കു വാൻ ഭരണകൂടങ്ങൾ ശ്രമിക്കുന്ന പക്ഷം പ്രസ്തുത സ്ഥാപനവുമായി മുൻകൂട്ടി ധാരണകളിൽ എത്തിച്ചേരേണ്ടതാണ്.

## 7.4 വിവര ശേഖരണവും പരിപാലന / മേൽനോട്ട ഉപദേശവും

7.4.1 സംരക്ഷണ പരിപാലന നടപടികൾ കൈക്കൊള്ളുവാൻ ആലോചിക്കു മ്പോൾ, മത്സ്യ സമ്പത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും നടപ്പാക്കാൻ ഉദ്ദേ ശിക്കുന്ന നടപടികൾ വിഭവ സമ്പത്തിൽ ഉളവാക്കിയേക്കാവുന്ന സ്വാധീ നവും നിർണ്ണയിക്കുവാനായി ലഭ്യമായതിൽ ഏറ്റവും മികച്ച ശാസ്ത്രീയ തെളിവുകൾ കണക്കിലെടുക്കേണ്ടതുണ്ട്.

7.4.2 മത്സ്യ വിഭവ സംരക്ഷണ പരിപാലന ശ്രമങ്ങൾക്ക് ഉപോൽബലകമായ ഗവേഷണങ്ങൾ (വിഭവങ്ങളെപ്പറ്റിയും അവയിൽ കാലാവസ്ഥ, പരിസ്ഥിതി, സാമൂഹിക സാമ്പത്തിക ഘടകങ്ങൾ എന്നിവ ചെലുത്തുന്ന സ്വാധീനം ഇവ ഉൾപ്പെടെയുള്ളവ) പ്രോത്സാഹിക്കപ്പെടണം. ഇത്തരം ഗവേഷണങ്ങ ളുടെ ഫലങ്ങൾ താൽപര്യമുള്ള കക്ഷികൾക്ക് എത്തിച്ചുകൊടുക്കുകയും വേണം.

7.4.3 മത്സ്യബന്ധനം വിവേകപൂർണ്ണമായി നടത്തുന്നതിന് രൂപകൽപ്പന ചെയ്യ പ്പെടുന്ന ബദൽ പരിപാലന മാർഗ്ഗങ്ങളുടെ ചിലവ്, ഗുണദോഷങ്ങൾ (പ്ര ത്യേകിച്ചും മത്സ്യബന്ധനത്തിലുള്ള അധിക ശക്തിയെയും അധിക ശ്രമ ത്തേയും സംബന്ധിച്ചവ) ഇവ മനസ്സിലാക്കുവാനുള്ള പഠനങ്ങൾ പ്രോത്സാ ഹിപ്പിക്കണം.

7.4.4 പിടിക്കപ്പെടുന്ന മത്സ്യത്തെപ്പറ്റിയും മത്സ്യ ബന്ധനശ്രമത്തെപ്പറ്റിയുമുള്ള കാലികവും, പൂർണ്ണവും, വിശ്വസനീയവുമായ കണക്കുകൾ പ്രസക്തമായ അന്താരാഷ്ട്രമാനദണ്ഡങ്ങൾക്കും രീതികൾക്കും അനുസൃതമായും അർത്ഥ പൂർണ്ണമായ സ്ഥിതിവിവരശാസ്ത്ര അപഗ്രഥനം സാദ്ധ്യമാകുന്ന

തരത്തിൽ വിശദമായും, ശേഖരിക്കുന്നതും സൂക്ഷിക്കുന്നതും ഭരണകൂടങ്ങൾ ഉറപ്പുവരുത്തണം. ഇത്തരം വിവരങ്ങൾ ഉചിതമായ രീതികളിലൂടെ പതിവായി പുതുക്കുകയും പരിശോധിച്ച് തിട്ടപ്പെടുത്തുകയും വേണം. ഇത്തരം വിവരങ്ങൾ ആവശ്യമായ രഹസ്യ സ്വഭാവം കാത്തു സൂക്ഷിച്ചുകൊണ്ട്, സമാഹരിക്കുകയും പ്രചരിപ്പിക്കേണ്ടതുമാണ്.

7.4.5 മത്സ്യ മേഖലയിലെ സുസ്ഥിര പരിപാലനം ഉറപ്പാക്കുന്നതിനും തദനുസൃതമായ സാമൂഹ്യ സാമ്പത്തിക ലക്ഷ്യങ്ങൾ നേടുന്നതിനും ആവശ്യമായ സാമൂഹിക സാമ്പത്തിക സ്ഥാപനീയ ഘടകങ്ങളെപ്പറ്റിയുള്ള മതിയായ വിജ്ഞാനം സ്ഥിതിവിവര കണക്കുകളുടെ ശേഖരണം, അപഗ്രഥനം, ഗവേഷണം ഇവ വഴി വികസിപ്പിക്കണം.

7.4.6 മത്സ്യ ബന്ധിയായതും മേഖല ഉപമേഖല തലങ്ങളിലുള്ള മത്സ്യ പരിപാലന സംഘടനകൾക്കോ സംവിധാനങ്ങൾക്കോ കീഴിൽ വരുന്ന മത്സ്യ സമ്പത്തിനെ സംബന്ധിച്ചുള്ളതുമായ മറ്റ് ശാസ്ത്രീയ വിവരങ്ങൾ അന്താരാഷ്ട്ര അംഗീകാരമുള്ള ഒരു ചട്ടക്കൂടിൽ ശേഖരിക്കുകയും യഥാസമയം വിതരണം ചെയ്യുകയും വേണം. ഒന്നിലധികം ഭരണകൂടങ്ങൾ പങ്കുവയ്ക്കുന്നതും എന്നാൽ മേൽപറഞ്ഞതരം സംവിധാനങ്ങൾ ഇല്ലാത്തതുമായ മത്സ്യ സ്രോതസ്സുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഭരണകൂടങ്ങൾ വിവര ശേഖരണത്തിനും വിതരണത്തിനും വേണ്ട സംവിധാനം ഉണ്ടാക്കുവാനായി സഹകരിക്കേണ്ടതാണ്.

7.4.7 ഉപമേഖലാ, മേഖലാതല മത്സ്യ പരിപാലന സംവിധാനങ്ങളും സ്ഥാപനങ്ങളും സ്ഥിതിവിവര കണക്കുകൾ, ആവശ്യമായ രഹസ്യ സ്വഭാവം കാത്തു സൂക്ഷിച്ചുകൊണ്ട്, ശേഖരിക്കുകയും വിതരണം ചെയ്യുകയും വേണം. പങ്കാളികളായ രാഷ്ട്രങ്ങൾ പരസ്പരം അംഗീകരിച്ച രീതികളിലും ചട്ടക്കൂടിലും വേണം ഇത് നിർവ്വഹിക്കുവാൻ.

### 7.5 മുൻ കരുതൽ സമീപനം

7.5.1 സജൈവ ജല വിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, ഉപഭോഗം എന്നിവയിൽ അവയുൾക്കൊള്ളുന്ന പരിസ്ഥിതിയെകൂടി കാത്തു രക്ഷിക്കുന്ന തരത്തിൽ ഒരു മുൻ കരുതൽ സമീപനം വേണം ഭരണകൂടങ്ങൾ കൈക്കൊള്ളുവാൻ. സുവ്യക്തമായ ശാസ്ത്രീയ വിവരങ്ങളുടെ അഭാവം, സംരക്ഷണ പരിപാലന നടപടികൾ കൈക്കൊള്ളാതിരിക്കുന്നതിനോ നീട്ടി വെയ്ക്കുന്നതിനോ ഒരു ഉപാധിയായി എടുക്കുവാൻ പാടില്ല.

7.5.2 ഇത്തരം മുൻ കരുതൽ സമീപനം നടപ്പിലാക്കുമ്പോൾ മത്സ്യ സ്രോതസ്സുകളുടെ ഉല്പാദന ക്ഷമത, അളവ്, മത്സ്യ മരണനിരക്കിന്റെ തോതും വിന്യാസവും, പാഴാക്കപ്പെടുന്നവ ഉൾപ്പെടെയുള്ള ലക്ഷ്യവേധിയല്ലാത്തതോ പരസ്പരം ആശ്രയത്വം ഉള്ളതോ ആയ ജനുസ്സുകളിലും, സാമൂഹ്യസാമ്പത്തിക ഘടകങ്ങളിലും മത്സ്യ ബന്ധന പ്രവർത്തനങ്ങൾ ഉളവാക്കുന്ന സ്വാധീനം തുടങ്ങിയവയിൽ അടങ്ങിയിരിക്കുന്ന അനശ്ചിതത്വം സർക്കാരുകൾ കണക്കിലെടുക്കേണ്ടതാണ്.

7.5.3 ഭരണകൂടങ്ങളും മേഖല ഉപമേഖല തലത്തിലുള്ള സ്ഥാപനങ്ങളും സംവിധാനങ്ങളും താഴെ പറയുന്ന കാര്യങ്ങൾ, ലഭ്യമായതിൽ മികച്ച ശാസ്ത്രീയ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം:

a) ഓരോ തരം മത്സ്യത്തിന്റെയും പരമാവധി പിടിക്കാവുന്ന അളവിന്റെ പരിധിയും, അതേസമയം, ഈ പരിധി ലംഘിച്ചാൽ എടുക്കേണ്ട നടപടികളും:

b) വിഭവ ശേഖരത്തിന്റെ പരിധിയെ സംബന്ധിച്ച സൂചികകളും, ഒപ്പം പരിധി അതിലംഘിച്ചാൽ കൈക്കൊള്ളേണ്ട നടപടികളും; മത്സ്യബന്ധന പരിധി അടുക്കുമ്പോൾ അതിലംഘനം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7.5.4 പുതിയ മത്സ്യമേഖലകൾ കണ്ടെത്തുമ്പോൾ മത്സ്യബന്ധന ശ്രമത്തിന്റെയും പിടിക്കാവുന്ന മത്സ്യസമ്പത്തിന്റെയും പരിധികൾ ഉൾപ്പെടെയുള്ള സാധ്യമായ സംരക്ഷണ പരിപാലന ശ്രമങ്ങൾ എത്രയും വേഗം സർക്കാരുകൾ നടപ്പാക്കണം. പ്രസ്തുത മത്സ്യ സമ്പത്തിന്റെ ദീർഘകാല സുസ്ഥിരത നിർണ്ണയിക്കുവാൻ ആവശ്യമായ സ്ഥിതി വിവര കണക്കുകൾ ലഭിക്കുന്നതുവരെ ഈ നടപടികൾ തുടർന്നു പോകേണ്ടതും പ്രസ്തുത നടപടികൾ, ഉചിതമെങ്കിൽ മത്സ്യമേഖലയുടെ പടിപടിയായ വികസനം സാധ്യമാക്കുന്നതും ആയിരിക്കണം.

7.5.5 പ്രകൃതിയിലെ ഏതെങ്കിലും പ്രതിഭാസത്തിന് സജൈവജലസ്രോതസ്സുകളുടെ അവസ്ഥയിൽ സാരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ, മത്സ്യബന്ധന പ്രവർത്തനങ്ങൾ, പ്രസ്തുത ആഘാതത്തിന് ആക്കം കൂട്ടാതിരിക്കുവാനായി, മത്സ്യ സമ്പത് സംരക്ഷണ പരിപാലന നടപടികൾ തൽകാലികവും എന്നാൽ മികച്ച ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതും ആയിരിക്കണം.

**7.6 പരിപാലന നടപടികൾ**

7.6.1 അനുവദനീയമായ മത്സ്യബന്ധന നിരക്ക് മത്സ്യ സമ്പത്തിന്റെ അതാത്

കാലത്തെ അവസ്ഥയ്ക്ക് ആനുപാതികമാണെന്ന് ഭരണകൂടങ്ങൾ ഉറപ്പാക്കണം.

7.6.2 ഉൾക്കടലിനെ സംബന്ധിച്ച അന്താരാഷ്ട്ര നിയമങ്ങൾക്കോ ദേശീയ പരിധിയിലുള്ളവയാണെങ്കിൽ അതാത് രാഷ്ട്രത്തിന്റെ നിയമങ്ങൾക്കോ അനുസൃതമല്ലാതെ ഒരു യാനവും മത്സ്യബന്ധനം നടത്തുന്നില്ല എന്ന് സർക്കാരുകൾ ഉറപ്പുവരുത്തണം.

7.6.3 അധിക മത്സ്യബന്ധനശക്തി നിലവിലുള്ള സ്ഥലങ്ങളിൽ ഉത്തരവാദിത്വപര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സാമ്പത്തിക സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനായി, ഈ മത്സ്യബന്ധന ശക്തി മത്സ്യ വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗത്തിന് ആനുപാതികമാക്കി കുറയ്ക്കുവാനുള്ള സംവിധാനങ്ങൾ സർക്കാർ നടപ്പിലാക്കണം. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന മൊത്തം യാനങ്ങളുടെ എണ്ണവും ശേഷിയും ഇത്തരം സംവിധാനങ്ങൾ നിരീക്ഷിച്ച് നിയന്ത്രിക്കേണ്ടതാണ്.

7.6.4 നിലവിലുള്ള എല്ലാ മത്സ്യബന്ധന ഉപകരണങ്ങളുടേയും രീതികളുടേയും പ്രവർത്തനം പരിശോധിച്ച്, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന് വിഘാതമായി കാണുന്നവയെ ഘട്ടം ഘട്ടമായി ഒഴിവാക്കുകയോ കൂടുതൽ സ്വീകാര്യമായ ബദൽ മാർഗ്ഗങ്ങൾ വഴി പുനഃസ്ഥാപിക്കുകയോ വേണം. ഇത്തരം നടപടികൾ മത്സ്യബന്ധനം ഉപജീവനമാക്കിയവരുടെ മേൽ ഉണ്ടാക്കാവുന്ന സ്വാധീനത്തിന് (മത്സ്യ വിഭവങ്ങൾ ചൂഷണം ചെയ്യാനുള്ള അവരുടെ കഴിവുൾപ്പെടെയുള്ള) പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

7.6.5 വിഭിന്ന യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും രീതികളും ഉപയോഗിക്കുന്നവർ തമ്മിലുണ്ടായേക്കാവുന്ന സംഘർഷം ഒഴിവാക്കാനുള്ള മത്സ്യബന്ധന നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ സർക്കാരുകളും ബന്ധപ്പെട്ട സംവിധാനങ്ങളും ബാദ്ധ്യസ്ഥരാണ്.

7.6.6 സമുദ്ര മത്സ്യ വിഭവ സ്രോതസ്സുകളുടെ ഉപയോഗം, സംരക്ഷണം, പരിപാലനം ഇവ സംബന്ധിച്ച തീരുമാനങ്ങളെടുക്കുമ്പോൾ ദേശീയ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായി പരമ്പരാഗത രീതികളെയും, ഉപജീവനത്തിനായി മത്സ്യസ്രോതസ്സുകളെ ഗണ്യമായി ആശ്രയിക്കുന്ന ആദിവാസികളുടെയും പ്രാദേശികനിവാസികളായ മീൻ പിടുത്തക്കാരുടെയും ആവശ്യങ്ങളെയും താൽപര്യങ്ങളെയും അർഹമായ രീതിയിൽ പരിഗണിക്കണം.

7.6.7 ബദൽ സംരക്ഷണ പരിപാലന മാർഗ്ഗങ്ങളുടെ മൂല്യ നിർണ്ണയ നിരീക്ഷണങ്ങൾ നടത്തുമ്പോൾ ലാഭക്ഷമത, സാമൂഹ്യപരമായ സ്വാധീനങ്ങൾ, ഇവ കണക്കിലെടുക്കേണ്ടതാണ്.

7.6.8 സംരക്ഷണ പരിപാലന നടപടികളുടെ ക്ഷമതയും അവ തമ്മിൽ സാദ്ധ്യമായേക്കാവുന്ന പരസ്പര ബന്ധങ്ങളും തുടർച്ചയായ പുനഃവിചിന്തനത്തിന് വിധേയമാക്കണം. പുതിയ അറിവുകളുടെ വെളിച്ചത്തിൽ ഇത്തരം നടപടികൾ പുനരാവിഷ്ക്കരിക്കുകയോ പാടേ ഒഴിവാക്കുകയോ വേണം.

7.6.9 പാഴ്മീനുകൾ, തിരിവ്, കടലിൽ നഷ്ടപ്പെട്ടതോ ഉപേക്ഷിക്കപ്പെട്ടതോ ആയ വലകളിൽ നഷ്ടമാകുന്ന മീനുകൾ, ലക്ഷ്യവേധിയല്ലാത്ത മത്സ്യ–മത്സ്യേതര ജനുസ്സുകളുടെ ബന്ധനവും അവയെ ആശ്രയിക്കുന്ന മറ്റ് ജനുസ്സുകളുടെ മേൽ, പ്രത്യേകിച്ച് നാശോന്മുഖമായവയിൽ, ഉള്ള പ്രതികൂല ഫലങ്ങൾ എന്നിവ ലഘൂകരിക്കുന്നതിൽ സർക്കാരുകൾ ഉചിതമായ നടപടികൾ സ്വീകരിക്കണം. മത്സ്യത്തിന്റെ വലിപ്പം, കണ്ണി വലിപ്പം ഇവ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾ, മത്സ്യബന്ധനത്തിനിടയിൽ തിരിഞ്ഞ് കളയുന്ന മീനുകൾ, മത്സ്യബന്ധനം നിരോധിക്കപ്പെടുന്ന കാലങ്ങൾ, പരമ്പരാഗതമത്സ്യ ബന്ധനക്കാർക്ക് വേണ്ടി ഒഴിച്ചിട്ടിരിക്കുന്ന മേഖലകൾ തുടങ്ങിയവ ഇത്തരം നടപടികളുടെ ഭാഗമായിരിക്കണം. മീൻകുഞ്ഞുങ്ങളേയും മുട്ടയുള്ള തള്ളമീനുകളേയും സംരക്ഷിക്കുവാൻ ഈ നടപടികൾ ഉപയോഗിക്കണം. സാധ്യമാകുന്നിടത്തോളം, ഉദ്ദേശിച്ച മത്സ്യത്തെ മാത്രം പിടിക്കാൻ അനുവദിക്കുന്നതും പാരിസ്ഥിതികമായി സുരക്ഷിതവും സാമ്പത്തിക ക്ഷമതയുള്ളതുമായ വലകളും മത്സ്യബന്ധന രീതികളും വികസിപ്പിക്കുന്നതും നടപ്പിൽ വരുത്തുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം.

7.6.10 തങ്ങളുടെ വൈദഗ്ദ്ധ്യത്തിനനുസൃതമായി, ഭരണകൂടങ്ങളും, മേഖല, ഉപമേഖല തലത്തിലുള്ള മത്സ്യ പരിപാലന സംഘടനകളും സംവിധാനങ്ങളും നാശമടഞ്ഞതോ നാശോന്മുഖമായതോ ആയ മത്സ്യ വിഭവ സ്രോതസ്സുകളുടെ പുനരുദ്ധാരണം സാദ്ധ്യമാക്കുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളണം. ഇത്തരം സ്രോതസ്സുകളുടെ ആരോഗ്യകരമായ നിലനിൽപിനെ സ്വാധീനിക്കുന്ന മറ്റ് സ്രോതസ്സുകളുടെയും ആവാസ സ്ഥാനങ്ങളുടെയും പുനരുദ്ധാരണം ഉറപ്പാക്കാനുള്ള ഏതു നടപടിയും കൈക്കൊള്ളേണ്ടതാണ്.

**7.7 നടപ്പിൽ വരുത്തൽ**

7.7.1 മത്സ്യ വിഭവ സ്രോതസ്സുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ നിയമപരവും ഭരണപരവുമായ ചട്ടക്കൂടുകൾ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ഉറപ്പാക്കുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

7.7.2 മത്സ്യ സംരക്ഷണ പരിപാലന മുറകൾ ലംഘിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, മത്സ്യബന്ധനം നടത്താനുള്ള അനുമതി തിരസ്ക്കരിക്കൽ, താല്ക്കാലികമായി റദ്ദാക്കൽ തുടങ്ങിയ ശിക്ഷണ നടപടികൾ അവ ഫലപ്രദമാകുവാൻ തക്കതരത്തിൽ കർശനമായി നടപ്പിലാക്കുവാൻ ഉതകുന്ന നിയമങ്ങളും നിയന്ത്രണങ്ങളും ഉറപ്പാക്കുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

7.7.3 യാനങ്ങളുടെ നിയന്ത്രണത്തിനുവേണ്ട ഫലപ്രദമായ സംവിധാനങ്ങൾ (പരിശോധനകൾ, നിരീക്ഷണ പരിപാടികൾ, തുടങ്ങിയ) അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി ഭരണകൂടങ്ങൾ നടപ്പാക്കണം.

7.7.4 മത്സ്യമേഖല പ്രദാനം ചെയ്യുന്ന ആപേക്ഷിക നേട്ടങ്ങളും, സാമ്പത്തികവും മറ്റുമായ സംഭാവനകൾ നൽകുവാനുള്ള രാജ്യങ്ങളുടെ വ്യത്യസ്ഥമായ കഴിവുകളും കണക്കിലെടുത്തുകൊണ്ട്, തങ്ങളുടെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ധനം കണ്ടെത്തുവാനുള്ള ധാരണകളിൽ എത്തിച്ചേരുവാൻ സർക്കാരുകളും മേഖലാ ഉപമേഖലാ മത്സ്യ വിഭവ പരിപാലന സംഘടനകളും ബാദ്ധ്യസ്ഥരാണ്. മത്സ്യവിഭവ സ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ഗവേഷണം ഇവക്ക് വേണ്ടി വരുന്ന ചിലവുകൾ സാധ്യമാകുന്നിടത്തോളം ഉചിതമായ രീതിയിൽ തിരിച്ചു പിടിക്കുവാൻ ഇത്തരം സംവിധാനങ്ങളും സംഘടനകളും ലക്ഷ്യമിടേണ്ടതാണ്.

7.7.5 അംഗരാഷ്ട്രങ്ങളുടേതല്ലാത്ത കൊടികൾ പാറിക്കുന്നതും നടപ്പിലാക്കപ്പെടുന്ന മത്സ്യവിഭവ സംരക്ഷണ പരിപാലന ശ്രമങ്ങൾക്ക് തുരങ്കം വയ്ക്കുന്നതുമായ സമുദ്രയാനങ്ങളുടെ പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായ നടപടികൾ കൈക്കൊള്ളുവാൻ മേഖലാ, ഉപമേഖലാ തല മത്സ്യ വിഭവ പരിപാലന സംഘടനകളിൽ/സംവിധാനങ്ങളിൽ അംഗങ്ങളായ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

**7.8 സാമ്പത്തിക സ്ഥാപനങ്ങൾ**

അന്താരാഷ്ട്ര ഉടമ്പടികൾക്ക് മുൻധാരണ ഉണ്ടാക്കാത്ത തരത്തിൽ, ബാങ്കുകളും മറ്റ് സാമ്പത്തിക സ്ഥാപനങ്ങളും മത്സ്യബന്ധന യാനങ്ങൾ ഏത്

രാജ്യത്തിലാണോ അവയുടെ ഉടമസ്ഥാവകാശം നിയമപരമായി സാധൂകരിക്കപ്പെട്ടിരിക്കുന്നത്, ആ രാജ്യങ്ങളല്ലാത്ത സ്ഥലങ്ങളിൽ വായ്പയെടുക്കുവാനായി പണയപ്പെടുത്തുവാൻ അനുവദിക്കാതിരിക്കുവാനുള്ള ശ്രമങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വകുപ്പ് 8

# മത്സ്യബന്ധനപ്രക്രിയകൾ

**8.1 എല്ലാ ഭരണകൂടങ്ങൾക്കും ബാധകമായ ചുമതലകൾ**

8.1.1 തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സമുദ്രത്തിൽ തങ്ങൾ അനുവദിച്ചുകൊടുത്തിട്ടുള്ള മത്സ്യബന്ധനപ്രക്രിയകൾ മാത്രമാണ് നടക്കുന്നതെന്നും അവ ഉത്തരവാദിത്വപരമായി നിർവഹിക്കപ്പെടുന്നുവെന്നും എല്ലാ ഭരണകൂടങ്ങളും ഉറപ്പുവരുത്തണം.

8.1.2 മത്സ്യബന്ധനത്തിനായി തങ്ങൾ നൽകുന്ന എല്ലാ അധികാര സാക്ഷ്യങ്ങളുടേയും ഒരു രേഖ (റിക്കാർഡ്) യഥാകാലം പരിഷ്ക്കരിച്ചുകൊണ്ട് എല്ലാ സർക്കാരുകളും സൂക്ഷിച്ചിരിയ്ക്കണം.

8.1.3 എല്ലാ ഭരണകൂടങ്ങളും തങ്ങൾ അനുവദിച്ചിരിക്കുന്ന എല്ലാ മത്സ്യബന്ധന പ്രക്രിയകളുടേയും സ്ഥിതിവിവരകണക്കുകൾ പതിവായി പരിഷ്കരിക്കുകയും അന്താരാഷ്ട്ര അംഗീകാരമുള്ള രീതികൾ / മാനദണ്ഡങ്ങൾ പ്രകാരം സൂക്ഷിക്കുകയും വേണം.

8.1.4 ഭരണകൂടങ്ങൾ, അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി മേഖല/ഉപമേഖലാ മത്സ്യപരിപാലന സംഘടനകളുടെ / സംവിധാനങ്ങളുടെ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ അധികാരപരിധിയ്ക്ക് വെളിയിലുള്ള സമുദ്രങ്ങളിലെ മത്സ്യബന്ധന പ്രക്രിയകൾ നിരീക്ഷിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ (നിയമനിർവ്വഹണം ഉൾപ്പെടെ) സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി സഹകരിയ്ക്കണം.

8.1.5 മത്സ്യബന്ധന പ്രക്രിയകളിൽ ഏർപ്പെട്ടിരിയ്ക്കുന്ന എല്ലാവർക്കും ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പാക്കുവാൻ വേണ്ട മാനദണ്ഡങ്ങൾ കൈക്കൊള്ളുന്നു എന്നത് ഭരണകൂടങ്ങൾ ഉറപ്പുവരുത്തണം. ഇത്തരം മാനദണ്ഡങ്ങൾ തൊഴിൽ/സേവന സാഹചര്യങ്ങളെക്കുറിച്ചുള്ള പ്രസക്തമായ അന്താരാഷ്ട്ര വ്യവസ്ഥകൾക്കു സമാനമായിരിക്കണം.

രാജ്യത്തിലാണോ അവയുടെ ഉടമസ്ഥാവകാശം നിയമപരമായി സാധൂകരിക്കപ്പെട്ടിരിക്കുന്നത്, ആ രാജ്യങ്ങളല്ലാത്ത സ്ഥലങ്ങളിൽ വായ്പയെടുക്കുവാനായി പണയപ്പെടുത്തുവാൻ അനുവദിക്കാതിരിക്കുവാനുള്ള ശ്രമങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### വകുപ്പ് 8

## മത്സ്യബന്ധനപ്രക്രിയകൾ

**8.1 എല്ലാ ഭരണകൂടങ്ങൾക്കും ബാധകമായ ചുമതലകൾ**

8.1.1 തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സമുദ്രത്തിൽ തങ്ങൾ അനുവദിച്ചുകൊടുത്തിട്ടുള്ള മത്സ്യബന്ധനപ്രക്രിയകൾ മാത്രമാണ് നടക്കുന്നതെന്നും അവ ഉത്തരവാദിത്വപരമായി നിർവഹിക്കപ്പെടുന്നുവെന്നും എല്ലാ ഭരണകൂടങ്ങളും ഉറപ്പുവരുത്തണം.

8.1.2 മത്സ്യബന്ധനത്തിനായി തങ്ങൾ നൽകുന്ന എല്ലാ അധികാര സാക്ഷ്യങ്ങളുടേയും ഒരു രേഖ (റിക്കാർഡ്) യഥാകാലം പരിഷ്ക്കരിച്ചുകൊണ്ട് എല്ലാ സർക്കാരുകളും സൂക്ഷിച്ചിരിയ്ക്കണം.

8.1.3 എല്ലാ ഭരണകൂടങ്ങളും തങ്ങൾ അനുവദിച്ചിരിക്കുന്ന എല്ലാ മത്സ്യബന്ധന പ്രക്രിയകളുടേയും സ്ഥിതിവിവരകണക്കുകൾ പതിവായി പരിഷ്കരിക്കുകയും അന്താരാഷ്ട്ര അംഗീകാരമുള്ള രീതികൾ / മാനദണ്ഡങ്ങൾ പ്രകാരം സൂക്ഷിക്കുകയും വേണം.

8.1.4 ഭരണകൂടങ്ങൾ, അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി മേഖല/ഉപമേഖലാ മത്സ്യപരിപാലന സംഘടനകളുടെ / സംവിധാനങ്ങളുടെ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ അധികാരപരിധിയ്ക്ക് വെളിയിലുള്ള സമുദ്രങ്ങളിലെ മത്സ്യബന്ധന പ്രക്രിയകൾ നിരീക്ഷിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ (നിയമനിർവ്വഹണം ഉൾപ്പെടെ) സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി സഹകരിയ്ക്കണം.

8.1.5 മത്സ്യബന്ധന പ്രക്രിയകളിൽ ഏർപ്പെട്ടിരിയ്ക്കുന്ന എല്ലാവർക്കും ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പാക്കുവാൻ വേണ്ട മാനദണ്ഡങ്ങൾ കൈക്കൊള്ളുന്നു എന്നത് ഭരണകൂടങ്ങൾ ഉറപ്പുവരുത്തണം. ഇത്തരം മാനദണ്ഡങ്ങൾ തൊഴിൽ/സേവന സാഹചര്യങ്ങളെക്കുറിച്ചുള്ള പ്രസക്തമായ അന്താരാഷ്ട്ര വ്യവസ്ഥകൾക്കു സമാനമായിരിക്കണം.

8.1.6 കടലിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്നവരെ കണ്ടെത്തുവാനും രക്ഷിയ്ക്കുവാനുമുള്ള സംവിധാനങ്ങൾ മത്സ്യബന്ധന പ്രക്രിയകളുടെ അഭേദ്യഭാഗമാക്കുവാനുള്ള നടപടികൾ സർക്കാരുകൾ ഒറ്റയ്ക്കോ മറ്റ് സർക്കാരുകളുമായോ അന്താരാഷ്ട്ര സംഘടനകളുമായി ചേർന്നോ കൈക്കൊള്ളേണ്ടതാണ്.

8.1.7 മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ വിദ്യാഭ്യാസവും, തൊഴിൽപരമായ കഴിവുകളും ഉചിതമെങ്കിൽ, സാങ്കേതിക വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിനായുള്ള വിദ്യാഭ്യാസ പരിശീലനപരിപാടികൾ, അന്താരാഷ്ട്ര മാനദണ്ഡങ്ങളും മാർഗ്ഗരേഖകളും കണക്കിലെടുത്ത്, ഭരണകൂടങ്ങൾ ഊർജ്ജിതപ്പെടുത്തണം.

8.1.8 സർക്കാരുകൾ, തങ്ങളുടെ ദേശീയ നിയമങ്ങൾക്കനുസൃതമായി മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, സേവനം, യോഗ്യതകൾ ഇവയെപ്പറ്റിയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

8.1.9 മത്സ്യബന്ധനയാനങ്ങളിലെ ഉദ്യോഗസ്ഥർ മത്സ്യബന്ധന നിയന്ത്രണനിയമങ്ങൾ ലംഘിച്ചുവെന്ന് കുറ്റാരോപണ വിധേയരായാൽ അവർക്കെതിരെ സ്വീകരിക്കുന്നതിനുള്ള നടപടികളിൽ അവരുടെ ജോലി ചെയ്യുവാനുള്ള അവകാശം തിരിച്ചെടുക്കുന്നതിനോ, നിഷേധിക്കുന്നതിനോ, താൽക്കാലികമായി റദ്ദ് ചെയ്യുന്നതിനോ ഉള്ള വകുപ്പുകൾ കൂടി സർക്കാരുകൾ ഉൾപ്പെടുത്തണം.

8.1.10 ഈ ചട്ടത്തിന്റെ പ്രധാനപ്പെട്ട വകുപ്പുകളെപ്പറ്റിയുള്ള വിവരങ്ങളും, പ്രസക്തമായ മറ്റ് അന്താരാഷ്ട്ര ചട്ടങ്ങളും, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള മറ്റ് പാരിസ്ഥിതിക മാനദണ്ഡങ്ങളും, വിദ്യാഭ്യാസ പരിശീലന പരിപാടികളിലൂടെ മത്സ്യബന്ധന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരിലും എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ സർക്കാരുകൾ നടത്തണം.

### 8.2 ധ്വജ-രാഷ്ട്ര ധർമ്മങ്ങൾ

8.2.1 ധ്വജ-രാഷ്ട്രങ്ങൾ, തങ്ങളുടെ കൊടികൾ പാറിക്കുവാനും മത്സ്യബന്ധനം നടത്തുവാനും അധികാരം നൽകിയിരിക്കുന്ന മത്സ്യബന്ധനയാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ, അവരുടെ ഉടമസ്ഥത, മത്സ്യബന്ധനാധികാരം എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കണം.

8.2.2 ധ്വജ–രാഷ്ട്രങ്ങൾ തങ്ങളുടെ കൊടിപാറിക്കുവാനനുവദിയ്ക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധനയാനങ്ങൾ, ആഴക്കടലിലോ മറ്റ് ഭരണകൂടങ്ങളുടെ അധികാരപരിധിയ്ക്കുള്ളിലുള്ള സമുദ്രത്തിലോ ബന്ധപ്പെട്ട മേലധികാരികളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മത്സ്യബന്ധനാധികാരവും ലഭിയ്ക്കാതെ മത്സ്യബന്ധനം നടത്തുന്നില്ല എന്നുറപ്പു വരുത്തണം. അത്തരം മത്സ്യബന്ധനയാനങ്ങൾ തങ്ങൾക്കു ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, മത്സ്യബന്ധനാധികാരം ലഭിച്ചതിന്റെ സാക്ഷിപത്രവും യാനത്തിൽ തന്നെ സദാ സൂക്ഷിയ്ക്കേണ്ടതാണ്.

8.2.3 ആഴക്കടലിലോ, ധ്വജ–രാഷ്ട്രത്തിന്റേതല്ലാത്ത മറ്റൊരു ഭരണകൂടത്തിന്റെ അധികാരപരിധിയിൽപ്പെട്ട സമുദ്രത്തിലോ, മത്സ്യബന്ധനാധികാരം ലഭിച്ചിട്ടുള്ള മത്സ്യബന്ധനയാനങ്ങൾ അടയാളപ്പെടുത്തലും തിരിച്ചറിയലും സംബന്ധിച്ച് ലോകഭക്ഷ്യ കാർഷിക സംഘടനയുടെ നിലവാരചട്ടങ്ങളും മാർഗ്ഗരേഖയും പ്രകാരം ഏകീകൃതവും അന്തർദ്ദേശീയമായി തിരിച്ചറിയാൻ സാധിക്കുന്നതുമായ തരത്തിൽ അടയാളങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.

8.2.4 മത്സ്യബന്ധന ഉപകരണങ്ങൾ അതാത് രാജ്യത്തെ നിയമങ്ങൾക്കനുസൃതമായി ഉടമസ്ഥനെ തിരിച്ചറിയാൻ ഉപകരിക്കും വിധം അടയാളപ്പെടുത്തിയിരിക്കേണ്ടതാണ്. ഇങ്ങനെ മത്സ്യബന്ധന ഉപാധികളിൽ അടയാളങ്ങൾ രേഖപ്പെടുത്തുന്ന സമ്പ്രദായം ഏകീകൃതവും അന്തർദ്ദേശീയമായി തിരിച്ചറിയാൻ സാധിക്കുന്നതുമായിരിക്കണം.

8.2.5 മത്സ്യബന്ധനയാനങ്ങൾക്കും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ അന്താരാഷ്ട്രീയമായി അംഗീകരിയ്ക്കപ്പെട്ട ധാരണകൾക്കും, ചട്ടങ്ങൾക്കും, സ്വമേധയാ പാലിയ്ക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചുള്ളവയാണെന്ന് ധ്വജരാഷ്ട്രങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള അന്താരാഷ്ട്രീയ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ബാധകമല്ലാത്ത ചെറു യാനങ്ങൾക്കാവശ്യമായ സുരക്ഷാക്രമീകരണങ്ങൾ അതാതു ഭരണകൂടങ്ങൾ സ്വീകരിയ്ക്കേണ്ടതാണ്.

8.2.6 ഉൾക്കടൽ മത്സ്യ ബന്ധനയാനങ്ങൾ അനുവർത്തിക്കേണ്ട അന്താരാഷ്ട്ര സംരക്ഷണ പരിപാലന നടപടികൾ പ്രോത്സാഹിപ്പിക്കുവാനുള്ള ധാരണയിൽ ഒപ്പുവക്കാത്ത രാഷ്ട്രങ്ങളെ പ്രസ്തുത ധാരണ സ്വീകരിക്കുവാനും അതിലെ വകുപ്പുകൾക്കനുസൃതമായി നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ടാക്കുവാനും വേണ്ടി പ്രേരിപ്പിക്കണം.

8.2.7 തങ്ങളുടെ പതാകകൾ പാറിക്കുവാൻ അനുവദിച്ചിട്ടുള്ള യാനങ്ങൾ, നിർദ്ദിഷ്ട സംരക്ഷണ പരിപാലന നടപടികൾ അതിലംഘിക്കുന്നതായി കണ്ടാൽ, അത്തരം അതിലംഘനങ്ങൾക്കെതിരെ, ധ്വജ രാഷ്ട്രങ്ങൾ ശക്തമായ നടപടികൾ എടുക്കണം. ഇത്തരം ശിക്ഷണ നടപടികൾ, അതിലംഘനങ്ങൾ നിരുത്സാഹപ്പെടുത്തുവാനും നിയമരഹിതമായ നടപടികൾ വഴി ലഭിക്കാവുന്ന നേട്ടങ്ങൾ ഇല്ലാതാക്കുവാനും തക്കവിധത്തിൽ കഠിനമായിരിക്കണം. ഗുരുതരമായ അതിലംഘനങ്ങളുടെ കാര്യത്തിൽ, മത്സ്യബന്ധനം നടത്തുന്നതിനുള്ള അധികാരത്തിന്റെ നിഷേധമോ, പിൻ വലിക്കലോ ഇത്തരം ശിക്ഷാ നടപടികളുടെ ഭാഗമാക്കാവുന്നതാണ്.

8.2.8 മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥർക്കും കരാറുകാർക്കും ഇൻഷുറൻസ് പരിരക്ഷ നൽകുവാൻ ധ്വജ രാഷ്ട്രങ്ങൾ സഹായിക്കണം. ഉടമസ്ഥരും കരാറുകാരും തങ്ങളുടെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അപകടത്തിൽ നിന്നോ നഷ്ടങ്ങളിൽ നിന്നോ മൂന്നാം കക്ഷിയെയോ തങ്ങളുടെ സ്വന്തം താൽപര്യങ്ങളെയോ സംരക്ഷിക്കുന്നതിനും ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിരിക്കണം.

8.2.9 യാനങ്ങളിലെ തൊഴിലാളികൾക്ക് തങ്ങളുടെ മാതൃരാജ്യങ്ങളിലേക്ക് മടങ്ങിച്ചെല്ലുവാനുള്ള നിയമപരമായ സ്വാതന്ത്ര്യം ധ്വജരാഷ്ട്രങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് 1987-ലെ സമ്മേളനം മുന്നോട്ടു വക്കുന്ന തത്വങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

8.2.10 ഒരു മത്സ്യബന്ധന യാനത്തിനോ അതിലെ തൊഴിലാളികൾക്കോ അപകടം ഉണ്ടായാൽ അപകടത്തെപ്പറ്റിയുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ധ്വജ രാഷ്ട്രം തൊഴിലാളിയുടെ മാതൃരാജ്യത്തെ അറിയിക്കേണ്ടതുണ്ട്. ഇത്തരം വിവരങ്ങൾ സാധ്യമാണെങ്കിൽ, അന്താരാഷ്ട്ര സമുദ്രസംഘടനയെയും അറിയിക്കണം.

### 8.3 തുറമുഖ രാഷ്ട്രങ്ങളുടെ ചുമതലകൾ

8.3.1 മറ്റ് രാഷ്ട്രങ്ങൾക്ക് ഈ ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമായ നടപടിക്രമങ്ങൾ, അന്താരാഷ്ട്ര ധാരണകൾക്കും കരാറുകൾക്കും അനുസൃതമായി തങ്ങളുടെ ദേശീയ നിയമങ്ങളിൽ ഉൾപ്പെടുത്തുവാനും ഇത്തരം നിയമങ്ങളെപ്പറ്റിയും നടപടിക്രമങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ മറ്റ് രാഷ്ട്രങ്ങളെ ധരിപ്പിക്കുവാനും തുറമുഖ രാഷ്ട്രങ്ങൾ തയ്യാറാകണം. ഇത്തരം നടപടിക്രമങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ മറ്റ് രാഷ്ട്ര

ങ്ങളെ ധരിപ്പിക്കുവാനും തുറമുഖ രാഷ്ട്രങ്ങൾ തയ്യാറാകണം. ഇത്തരം നടപടികൾ കൈക്കൊള്ളുമ്പോൾ മറ്റൊരു രാഷ്ട്രത്തിന്റെയും യാനങ്ങൾക്ക്, തത്വത്തിലോ രൂപത്തിലോ യാതൊരു വിവേചനവും നൽകുവാൻ പാടില്ല.

8.3.2 ഒരു മത്സ്യബന്ധനയാനം ഒരു തുറമുഖത്തോ തീരത്തു നിന്നും മാറിയുള്ള ടെർമിനലിലോ നങ്കൂരമിട്ടു കിടക്കുമ്പോൾ, പ്രസ്തുത യാനം, സംരക്ഷണ പരിപാലന നടപടികൾ അനുവർത്തിക്കാതിരിക്കുന്നതിനെയോ മലിനീകരണം, സുരക്ഷ, തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ, എന്നിവയുടെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഉറപ്പാക്കാത്തതിനെയോ സംബന്ധിച്ച്, യാനത്തിന്റെ ധ്വജരാഷ്ട്രം സഹായം അഭ്യർത്ഥിക്കുകയാണെങ്കിൽ തുറമുഖരാഷ്ട്രം, സ്വന്തം നിയമങ്ങൾക്കും അന്താരാഷ്ട്ര നിയമങ്ങൾക്കും അനുസൃതമായി ഉചിതമായ സഹായങ്ങൾ ധ്വജരാഷ്ട്രത്തിന് ചെയ്തു കൊടുക്കണം.

## 8.4 മത്സ്യബന്ധന പ്രക്രിയകൾ

8.4.1 മനുഷ്യജീവന്റെ സുരക്ഷ, കടൽച്ചേതം ഒഴിവാക്കൽ, സമുദ്രസഞ്ചാരം, സമുദ്രപരിസ്ഥിതിയുടെ സംരക്ഷണം, വലകൾക്കുണ്ടാകുന്ന കേടുപാടുകളോ നഷ്ടമോ ഒഴിവാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര സമുദ്ര സംഘടന രൂപീകരിച്ച നിയന്ത്രണങ്ങൾക്ക് അർഹമായ പരിഗണന നൽകിക്കൊണ്ടാണ് മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നത് എന്ന കാര്യം ഭരണകൂടങ്ങൾ ഉറപ്പുവരുത്തണം.

8.4.2 തോട്ട പൊട്ടിക്കൽ, വിഷം കലക്കൽ തുടങ്ങിയ വിനാശകരമായ മത്സ്യബന്ധന രീതികൾ സർക്കാർ നിരോധിക്കേണ്ടതാണ്.

8.4.3 മത്സ്യബന്ധന പ്രക്രിയകൾ, പിടിക്കപ്പെടുന്ന മത്സ്യത്തിന്റെയും മത്സ്യേതര ജനുസ്സുകളുടെയും അളവ് എന്നിവയെപ്പറ്റിയും മത്സ്യ സമ്പത്തിന്റെ കണക്കെടുപ്പ് നടത്തുന്നതിന് നിയുക്തരായ പരിപാലന സംഘടനകൾക്ക് ആവശ്യമായ വിധത്തിൽ, പാഴാക്കപ്പെടുന്ന മത്സ്യത്തിന്റെ അളവിനെപ്പറ്റിയും വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിനും ഇത്തരം സംഘടനകൾക്ക് യഥാസമയം കൈമാറ്റം ചെയ്യുന്നതിനും വേണ്ട എല്ലാ ശ്രമങ്ങളും ഭരണകൂടങ്ങൾ നടത്തണം. പ്രായോഗികമായ നടപടികൾ അനുസരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ നിരീക്ഷകരെ വെയ്ക്കൽ, വിവിധ പരിശോധനാ പദ്ധതികൾ ഇവ ഭരണകൂടങ്ങൾ കഴിയുന്നത്ര കൈക്കൊള്ളണം.

8.4.4 പിടിക്കപ്പെടുന്ന മത്സ്യം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതിനും നല്ല രീതിയിൽ ഉപയോഗിക്കുന്നതിനും അനുയോജ്യമായ സാങ്കേതിക വിദ്യ സ്വീകരിക്കുന്നത്, സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഭരണ കൂടങ്ങൾ പ്രോത്സാഹിപ്പിക്കണം.

8.4.5 പാഴാക്കിക്കളയുന്ന മത്സ്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുള്ള രീതികളും സാങ്കേതികവിദ്യകളും വികസിപ്പിക്കുവാനും നടപ്പിലാക്കുവാനും വേണ്ട നടപടികൾ, ഭരണകൂടങ്ങൾ, മത്സ്യ വ്യവസായ രംഗത്തെ പ്രസക്തമായ സംഘങ്ങളുമായി ചേർന്ന് പ്രോത്സാഹിപ്പിക്കണം. മത്സ്യങ്ങൾ പാഴാക്ക പ്പെടുന്നതിനിടയാക്കുന്ന മത്സ്യ ബന്ധനോപകരണങ്ങളും രീതികളും നിരു ത്സാഹപ്പെടുത്തുകയും, വലയിൽ നിന്ന് രക്ഷപ്പെടുന്ന മത്സ്യങ്ങളുടെ അതി ജീവന നിരക്ക് വർദ്ധിപ്പിക്കുന്ന തരത്തിലുള്ള മത്സ്യബന്ധനരീതികളും ഉപ കരണങ്ങളും പ്രോത്സാഹിപ്പിക്കുകയും വേണം.

8.4.6 മത്സ്യബന്ധനോപകരണങ്ങൾ കടലിൽ നഷ്ടപ്പെടുന്നതും, ഉപേക്ഷിക്ക പ്പെടുന്ന വലകളിൽ മത്സ്യങ്ങൾ കുടുങ്ങിപ്പാഴായിപ്പോകുന്നതും കുറയ്ക്കു ന്നതിന് ഉപകരിക്കുന്ന സാങ്കേതിക വിദ്യകൾ, നിർമ്മാണ വസ്തുക്കൾ, മത്സ്യ ബന്ധന രീതികൾ ഇവ വികസിപ്പിക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനും ഭരണകൂടങ്ങൾ സഹകരിക്കണം.

8.4.7 നവീന മത്സ്യബന്ധനോപകരണങ്ങൾ, രീതികൾ, പ്രക്രിയകൾ ഇവ പുതിയ ഒരു പ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിന് മുൻപാ യി, മത്സ്യാവാസ വ്യവസ്ഥയിൽ ഇവ ഉണ്ടാക്കാനിടയുള്ള ദൂഷ്യഫലങ്ങൾ കൃത്യമായി വിലയിരുത്തപ്പെടുന്നുണ്ടോ എന്ന് ഭരണകൂടങ്ങൾ ഉറപ്പുവരു ത്തണം.

8.4.8 മത്സ്യ ബന്ധനോപകരണങ്ങൾ ഉളവാക്കുന്ന പാരിസ്ഥിതികവും സാങ്കേ തികവും ആയ പ്രത്യാഘാതങ്ങൾ (പ്രത്യേകിച്ചും ജൈവ വൈവിദ്ധ്യ ത്തിലും തീരദേശവാസികളായ മത്സ്യത്തൊഴിലാളി സമൂഹങ്ങളിലും ഉള വാക്കുന്നവ) ഗവേഷണ വിഷയമാകുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം.

**8.5 ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടിക്കാനുള്ള മത്സ്യബന്ധനോപകരണങ്ങ ളുടെ കഴിവ്**

8.5.1 മത്സ്യ ബന്ധനോപകരണങ്ങൾ, രീതികൾ എന്നിവ, പാഴാക്കപ്പെടുകയും തരംതിരിവായി കളയപ്പെടുന്നതുമായ മത്സ്യങ്ങൾ, പിടിക്കപ്പെടുന്ന ലക്ഷ്യ വേധിയല്ലാത്ത മത്സ്യ-മത്സ്യേതര ജീവികൾ തുടങ്ങിയവയുടെ അളവ്,

ഇത്തരം മത്സ്യങ്ങളെ ആശ്രയിക്കുന്ന മറ്റ് മത്സ്യങ്ങളിൽ ഇവയുണ്ടാക്കുന്ന സ്വാധീനങ്ങൾ എന്നിവ ലഘൂകരിക്കുവാൻ മത്സ്യ ബന്ധനോപകരണങ്ങളും രീതികളും സമ്പ്രദായങ്ങളും കഴിവുള്ളതായിരിക്കണമെന്നും, ഇതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെ ലക്ഷ്യം സാങ്കേതിക വിദ്യകൾ വഴി മറികടക്കപ്പെടാതിരിക്കണമെന്നും ഭരണകൂടങ്ങൾ നിഷ്കർഷിക്കേണ്ടതാണ്. ഉദ്ദിഷ്ടമത്സ്യങ്ങളെ മാത്രം പിടിക്കുവാൻ കഴിവുള്ള മത്സ്യബന്ധനോപകരണങ്ങളും രീതികളും വികസിപ്പിക്കുവാൻ മത്സ്യബന്ധനത്തിലേർപ്പെടുന്നവർ സഹകരിക്കണം. നവീന രീതികളെപ്പറ്റിയുള്ള വിവരങ്ങളും ആവശ്യകതയും മത്സ്യത്തൊഴിലാളികളെ അറിയിക്കുവാനും ഭരണകൂടങ്ങൾ ശ്രമിക്കണം.

8.5.2 ഉദ്ദിഷ്ടമത്സ്യങ്ങളെ മാത്രം പിടിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായുള്ള നിയമങ്ങളും നിയന്ത്രണങ്ങളും രൂപകല്പന ചെയ്യുമ്പോൾ പ്രസ്തുത കഴിവുള്ള ഏതെല്ലാം ഉപകരണങ്ങളും രീതികളും നിലവിൽ ലഭ്യമാണെന്ന വസ്തുത ഭരണകൂടങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

8.5.3 ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടിക്കാനുള്ള വലകളുടെ കഴിവ്, മത്സ്യബന്ധന രീതികൾ, മാർഗ്ഗങ്ങൾ ഇവയെപ്പറ്റിയുള്ള ഗവേഷണങ്ങൾക്കായി ഏകീകൃത സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതിന് ഭരണകൂടങ്ങളും പ്രസക്തമായ സ്ഥാപനങ്ങളും സഹകരിക്കണം.

8.5.4 ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടിക്കാൻ കഴിവുള്ള വലകൾ, മത്സ്യ ബന്ധന രീതികൾ, മാർഗ്ഗങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളിലും തൽഫലമായുണ്ടാകുന്ന സാങ്കേതിക വിദ്യകളുടെയും അറിവുകളുടേയും കൈമാറ്റത്തിനും അന്താരാഷ്ട്ര സഹകരണം പ്രോൽസാഹിക്കപ്പെടണം.

8.5.5 ഇത്തരം ഗവേഷണങ്ങൾക്കും തൽഫലമായുണ്ടാകുന്ന സാങ്കേതിക വിദ്യകളുടേയും അറിവുകളുടേയും കൈമാറ്റത്തിനും അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**8.6 ഊർജ്ജക്ഷമത വർദ്ധിപ്പിക്കൽ**

8.6.1 മത്സ്യബന്ധനത്തിലും സംസ്ക്കരണ പ്രക്രിയകളിലും ഊർജ്ജത്തിന്റെ ഉപയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിക്കുന്നതിന് സർക്കാരുകൾ സഹകരിക്കണം.

8.6.2 ഊർജ്ജത്തിന്റെ ദുർവ്യയം ഒഴിവാക്കുന്നതിനായുള്ള സാങ്കേതിക വിദ്യ

കൾ നിർമ്മിക്കുന്നതിനും കൈമാറുന്നതിനും, കൂടാതെ പ്രസ്തുത വിദ്യ കൾ തങ്ങളുടെ യാനങ്ങളിൽ ഘടിപ്പിക്കുന്നതിന് ബോട്ടുടമകളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരുകൾ ശ്രദ്ധിക്കണം.

**8.7 ജലപരിസ്ഥിതിയുടെ സംരക്ഷണം**

8.7.1 1973–ൽ മുന്നോട്ടുവച്ചതും , 1978–ൽ ഭേദഗതി വരുത്തിയതും ആയ കപ്പലുകളിൽ നിന്നുള്ള മലിനീകരണമൊഴിവാക്കൽ സംബന്ധിച്ച അന്താരാഷ്ട്ര ധാരണകൾ (MARPOL 73/78) അടിസ്ഥാനമാക്കിയുള്ള നിയമങ്ങളും നിയന്ത്രണങ്ങളും സർക്കാരുകൾ, നിയമ സാധുതയോടെ നടപ്പിലാക്കേണ്ടതാണ്.

8.7.2 MARPOL 73/78 അനുസരിച്ചുള്ള അനുയോജ്യമായ ഉപകരണങ്ങൾ തങ്ങളുടെ കപ്പലുകളിൽ ഘടിപ്പിക്കുവാനും യാത്രക്കിടയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കത്തിച്ചുകളയുവാനുള്ള സംവിധാനങ്ങൾ ഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുവാനും കപ്പൽ ഉടമകളും നടത്തിപ്പുകാരും ബാദ്ധ്യസ്ഥരാണ്.

8.7.3 മാലിന്യം ഉണ്ടാക്കാൻ സാധ്യതയുള്ള വസ്തുക്കൾ കപ്പലിൽ കൊണ്ടുപോകുന്നത് കുറയ്ക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാൻ ഉടമകളും നടത്തിപ്പുകാരും ശ്രദ്ധിക്കേണ്ടതാണ്.

8.7.4 കപ്പലിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങളുടെ നിരക്ക് MARPOL 73/78 നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ കവിയുന്നില്ല എന്നുറപ്പു വരുത്തുവാനുള്ള പരിജ്ഞാനം കപ്പൽത്തൊഴിലാളികൾക്കുണ്ടായിരിക്കണം.

**8.8 അന്തരീക്ഷ സംരക്ഷണം**

8.8.1 കപ്പലുകളും യാനങ്ങളും പുറന്തള്ളുന്ന വാതകങ്ങളിൽ അടങ്ങിയിരിക്കുന്ന അപകടകാരിയായ വസ്തുക്കൾ കുറയ്ക്കുന്നതിനുള്ള പ്രസക്തമായ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാരുകൾ കൈക്കൊള്ളണം.

8.8.2 ഓസോൺ നാശകാരിയായ വസ്തുക്കളുടെ നിർഗമനം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ തങ്ങളുടെ യാനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നു എന്ന് ഉടമകളും നടത്തിപ്പുകാരും ഉറപ്പു വരുത്തണം. യാനങ്ങളിലെ തൊഴിലാളികൾക്ക് ഈ ഉപകരണങ്ങൾ ശരിയായി പ്രവർത്തിപ്പിക്കുവാനും പരിരക്ഷിക്കുവാനും അറിവുണ്ടായിരിക്കണം.

8.8.3 ബന്ധപ്പെട്ട അധികാരികൾ കപ്പലുകളിലെ ശീതീകരണികളിൽ ഉപയോഗിക്കുന്ന ക്ലോറോ ഫ്ളൂറോ കാർബണുകൾ, ഹൈഡ്രോക്ലോറോ ഫ്ളൂറോ

കാർബണുകൾ തുടങ്ങിയ രാസവസ്തുക്കളുടെ ഉപയോഗം ഘട്ടംഘട്ട മായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പരിപാടികൾ ഉണ്ടാക്കുകയും അത്തരം നടപടികൾ മത്സ്യവ്യവസായരംഗത്ത് പ്രവർത്തിക്കുന്നവരിൽ എത്തിക്കുകയും പ്രസ്തുത നടപടികൾ അനുവർത്തിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

8.8.4 മേൽപ്പറഞ്ഞ രാസവസ്തുക്കൾ ഉപയോഗിക്കാത്ത ശീതീകാരികളും ഹാലോണുകൾക്ക് പകരം മറ്റ് രാസവസ്തുക്കൾ ഉപയോഗിക്കുന്ന അഗ്നി ശമന ഉപകരണങ്ങളും മാറ്റി ഘടിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾ ഉചി തമായ നടപടികൾ എടുക്കേണ്ടതാണ്. പുതിയ കപ്പലുകളിൽ ഇത്തരം ബദൽ മാർഗ്ഗങ്ങൾ തീർച്ചയായും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കേ ണ്ടതുമാണ്.

8.8.5 കപ്പലുടമകളും നടത്തിപ്പുകാരും മേൽപ്പറഞ്ഞ രാസവസ്തുക്കളുടെ നിർമ്മാർജ്ജനത്തിനുള്ള അന്താരാഷ്ട്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരി ക്കേണ്ടതാണ്.

**8.9 മത്സ്യബന്ധനത്തിനായുള്ള തുറമുഖങ്ങളും മീൻതുറകളും**

8.9.1 തുറമുഖങ്ങളുടേയും തുറകളുടേയും രൂപകല്പനയിൽ, താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാരുകൾ പരിഗണിക്കേണ്ടതാണ് :

a) യാനങ്ങൾ സുരക്ഷിതമായി വെയ്ക്കുന്നതിനും, വില്പനക്കാർക്കും വാങ്ങാനെത്തുന്നവർക്കും വേണ്ട സൗകര്യങ്ങൾ നൽകൽ;

b) ആവശ്യത്തിനു ശുദ്ധജലവും ശൗചാലയ സൗകര്യങ്ങളും നൽകൽ;

c) ഇന്ധന എണ്ണ, എണ്ണ കലർന്ന വെള്ളം, കേടുവന്ന ഉപകരണങ്ങൾ ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ;

d) മത്സ്യബന്ധന പ്രവർത്തനങ്ങളും മറ്റ് ബാഹ്യസ്രോതസ്സുകളും ഉള വാക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനം;

e) കടലാക്രമണം മൂലമുണ്ടാകുന്ന മണ്ണൊലിപ്പും മണ്ണടിയലും ഉണ്ടാ ക്കുന്ന പ്രശ്നങ്ങളിൽ നിന്നുള്ള രക്ഷ.

8.9.2 സമുദ്രതീര പരിപാലനത്തിന് ചുമതലപ്പെട്ട അധികാര സ്ഥാപനങ്ങൾക്ക് തമ്മിൽ അഭിപ്രായങ്ങൾ കൈമാറുവാൻ തക്കവിധത്തിൽ മത്സ്യബന്ധന തുറമുഖങ്ങൾക്കായുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിലോ കണ്ടെ

ത്തിയ സ്ഥലങ്ങളുടെ നവീകരണത്തിനോ ഉള്ള ചട്ടക്കൂടുകൾ ഉണ്ടാക്കുവാൻ സർക്കാരുകൾ ശ്രമിക്കണം.

**8.10 നിർമ്മാണ വസ്തുക്കളുടേയും ഉപയോഗ ശൂന്യമായ നിർമ്മിതികളുടേയും ഉപേക്ഷിക്കൽ**

8.10.1 സമുദ്രതീരത്തിൽ നിന്ന് മാറി കടലിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഉപയോഗ ശൂന്യമായിട്ടുള്ളതുമായ നിർമ്മിതികൾ (ഉദാ:- എണ്ണക്കിണറുകൾ) പൊളിച്ചു മാറ്റുമ്പോൾ അന്താരാഷ്ട്ര സമുദ്രകാര്യസ്ഥാപനം മുന്നോട്ട് വച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിക്കപ്പെടുന്നുവെന്ന് സർക്കാരുകൾ ഉറപ്പാക്കണം. ഇത്തരം നിർമ്മിതികൾ മാറ്റുന്നതിനു മുൻപ് ബന്ധപ്പെട്ട അധികാരികളുടെ ഉപദേശങ്ങൾ സർക്കാരുകൾ നേടിയിരിക്കണം.

**8.11 കൃത്രിമ മത്സ്യത്താവളങ്ങളും മറ്റ് മത്സ്യാകർഷണ സാമഗ്രികളും**

8.11.1 മത്സ്യബന്ധനയാനങ്ങളുടെ സഞ്ചാരസുരക്ഷിതത്വം പരിഗണിച്ചുകൊണ്ട് സമുദ്രതിട്ടയിലോ തിട്ടയുടെ മുകളിലോ കടലിന്റെ ഉപരിതലത്തിലോ സ്ഥാപിക്കപ്പെടുന്ന കൃത്യമ നിർമ്മിതികൾ വഴി മത്സ്യ സമ്പത്തിന്റെയും മത്സ്യബന്ധന അവസരങ്ങളുടേയും വർദ്ധനവിനുള്ള നയങ്ങൾ സർക്കാരുകൾ അനുയോജ്യമായ രീതിയിൽ കൈക്കൊള്ളണം.

8.11.2 ഇത്തരം കൃത്രിമ നിർമ്മിതികളുടെ നിർമ്മാണത്തിനുള്ള വസ്തുക്കൾ തിരഞ്ഞെടുക്കുമ്പോഴും സഞ്ചാര സുരക്ഷിതത്വവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ധാരണകൾ പാലിക്കപ്പെടുന്നതും സർക്കാരുകൾ ഉറപ്പു വരുത്തണം.

8.11.3 സമുദ്രതീര പരിപാലന പദ്ധതികളുടെ ചട്ടക്കൂടിൽ കൃത്രിമ മത്സ്യത്താവളങ്ങളുടെ പരിപാലനത്തിനായുള്ള വ്യവസ്ഥകൾ സർക്കാരുകൾ ഉൾക്കൊള്ളിക്കണം. ഇത്തരം താവളങ്ങളുടെയും പാരുകളുടെയും നിർമ്മാണം, സ്ഥാപിക്കൽ ഇവ നടത്തുമ്പോൾ ചെറുകിട പരമ്പരാഗതക്കാരുൾപ്പെടെയുള്ള മീൻ പിടിത്തക്കാരുടെ താല്പര്യങ്ങൾ പരിഗണിക്കപ്പെടുന്നു എന്നത് ഉറപ്പു വരുത്തണം.

8.11.4 ഇത്തരം നിർമ്മിതികൾ സ്ഥാപിക്കുന്നതിനോ പൊളിച്ചു മാറ്റുന്നതിനോ മുൻപ് കപ്പൽ സഞ്ചാരത്തിനുള്ള മാപ്പുകൾ നിർമ്മിച്ചു സൂക്ഷിക്കുവാൻ ചുമതലയുള്ളതോ പരിസ്ഥിതി കാര്യങ്ങൾ നോക്കുന്നതോ ആയ അധികാരസ്ഥാപനങ്ങളുടെ അംഗീകാരം സർക്കാരുകൾ ഉറപ്പാക്കിയിരിക്കണം.

## വകുപ്പ് 9

# മത്സ്യകൃഷിയുടെ വികസനം

**9.1 ദേശീയ അധികാരപരിധിയിൽപ്പെട്ട സ്ഥലങ്ങളിലെ മത്സ്യകൃഷിയുടെ ഉത്തരവാദിത്വപരമായ വികസനം.**

9.1.1 സർക്കാരുകൾ ഉത്തരവാദിത്വപരമായ മത്സ്യകൃഷിയുടെ വികസനം ത്വരിതപ്പെടുത്തുവാനുള്ള ഉചിതമായ നിയമപരവും ഭരണപരവുമായ ഒരു ചട്ടക്കൂട് ഉണ്ടാക്കുകയും, നിലനിർത്തുകയും, വികസിപ്പിക്കുകയും വേണം.

9.1.2 ജനിതക വൈവിദ്ധ്യത്തിലും ആവാസ വ്യവസ്ഥയുടെ സമഗ്രതയിലും, മത്സ്യകൃഷിയുടെ വികസനം ഉണ്ടാക്കാവുന്ന സ്വാധീനങ്ങളെപ്പറ്റി ലഭ്യമായതിൽ വെച്ച് മികച്ച ശാസ്ത്രീയ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മുൻകൂർ പരിശോധന ഉൾപ്പെടെയുള്ള, മത്സ്യകൃഷിയുടെ ഉത്തരവാദിത്വപരമായ വികസനവും പരിപാലനവും സർക്കാരുകൾ പ്രോൽസാഹിപ്പിക്കണം.

9.1.3 മത്സ്യകൃഷി വികസനം പാരിസ്ഥിതികമായി സുസ്ഥിരവും മത്സ്യകൃഷിയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പങ്കിടുന്ന പ്രകൃതി വിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപയോഗം സാദ്ധ്യമാകുന്നതും ആണെന്ന് ഉറപ്പു വരുത്തുവാനുതകുന്ന വികസന തന്ത്രങ്ങളും, നയങ്ങളും സർക്കാരുകൾ കാലാകാലങ്ങളിൽ ആവിഷ്ക്കരിക്കണം.

9.1.4 മത്സ്യകൃഷി വികസന പദ്ധതികൾ, പ്രാദേശികവാസികളുടെ ജീവനോപായഭദ്രതയെയും, മത്സ്യബന്ധന മേഖലകളിൽ എത്തിപ്പെടാനുള്ള അവരുടെ സ്വാതന്ത്ര്യത്തെയും പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് സർക്കാരുകൾ ഉറപ്പു വരുത്തണം.

9.1.5 മത്സ്യകൃഷിക്കാവശ്യമായ ജലസ്രോതസ്സുകളുടെ ചൂഷണം, ഭൂമിയുടെ വിനിയോഗം, മാലിന്യ നിർമ്മാർജനം, മരുന്നുകളുടെയും രാസവസ്തുക്കളുടേയും ഉപയോഗം, ബന്ധപ്പെട്ട മറ്റ് പ്രക്രിയകൾ തുടങ്ങിയവ വഴിയുണ്ടാകുന്ന പാരിസ്ഥിതിക, സാമൂഹിക പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നത് ലക്ഷ്യമാക്കി, മത്സ്യകൃഷിക്ക് മാത്രമായുള്ള പാരിസ്ഥിതിക പരിശോധനകളും മൂല്യനിർണ്ണയവും നടത്തുന്നതിനുള്ള ഫലപ്രദമായ നടപടിക്രമങ്ങൾ സർക്കാരുകൾ ഉണ്ടാക്കിയിരിക്കണം.

**9.2 രാജ്യാതിർത്തികൾ പങ്കുവെയ്ക്കപ്പെടുന്ന ജലസ്രോതസ്സുകളിലെ മത്സ്യ കൃഷിയുടെ ഉത്തരവാദിത്വപരമായ വികസനം**

9.2.1 രാജ്യാതിർത്തികൾ പങ്കുവെയ്ക്കപ്പെടുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി സർക്കാരുകൾ തങ്ങളുടെ അതിർത്തിക്കുള്ളിൽ നടക്കുന്ന മത്സ്യകൃഷിയിൽ ഉത്തരവാദിത്വപരമായ രീതികൾ അനുവർത്തിക്കുകയും സുസ്ഥിര കൃഷിരീതികൾ അനുവർത്തിക്കുന്നതിനായി പരസ്പരം സഹകരിക്കുകയും വേണം.

9.2.2 ഇത്തരം ആവാസവ്യവസ്ഥകളിലെ മത്സ്യകൃഷിക്കായുള്ള മത്സ്യ ഇനങ്ങൾ തിരഞ്ഞെടുക്കൽ, സ്ഥലം നിർണ്ണയിക്കൽ, കൃഷിപരിപാലന രീതികൾ ഇവ ഉത്തരവാദപരമായി, അയൽ സർക്കാരുകൾക്ക് അർഹമായ പരിഗണന നൽകിയും അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായും, നടത്തപ്പെടുന്നുവെന്ന് സർക്കാരുകൾ ഉറപ്പാക്കണം.

9.2.3 നാടൻ അല്ലാത്ത മത്സ്യ ഇനങ്ങൾ മേൽപ്പറഞ്ഞ ആവാസവ്യവസ്ഥകളിൽ കൃഷിയ്ക്കിറക്കുന്നതിനു മുൻപ്, അയൽ സർക്കാരുകളുമായി ചർച്ച ചെയ്തിരിക്കണം.

9.2.4 ദേശീയ, ഉപമേഖല, മേഖല, ആഗോള തലങ്ങളിൽ മത്സ്യകൃഷി വികസനത്തിനായുള്ള സഹകരണം, ആസൂത്രണം ഇവ ത്വരിതപ്പെടുത്തുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ (മത്സ്യകൃഷിയെ സംബന്ധിച്ച വിവരങ്ങളും സ്ഥിതിവിവരകണക്കുകളും ശേഖരിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുക തുടങ്ങിയ) സർക്കാരുകൾ സ്ഥാപിക്കണം.

9.2.5 മത്സ്യകൃഷിക്കുപയോഗിക്കുന്ന വസ്തുക്കൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നിരീക്ഷിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ, ആവശ്യമുള്ളപ്പോൾ ഉണ്ടാക്കുന്നതിനായി സർക്കാരുകൾ സഹകരിക്കണം.

**9.3 മത്സ്യകൃഷിക്കാവശ്യമായ ജലജൈവ ജനിതക വിഭവങ്ങളുടെ ഉപയോഗം**

9.3.1 ജനിതക വൈവിദ്ധ്യത്തിന്റെ സംരക്ഷണത്തിനും ജല ആവാസവ്യവസ്ഥയുടെ സമഗ്രത നിലനിർത്തുന്നതിനും സർക്കാരുകൾ ഉചിതമായ പരിപാലന നടപടികൾ കൈക്കൊള്ളണം. പ്രത്യേകിച്ചും, മറുനാടൻ മത്സ്യ ഇനങ്ങളുടെയും, ജനിതകമായ മാറ്റങ്ങൾക്ക് വിധേയമാക്കിയവയുടെയും കാര്യത്തിൽ ഈ മത്സ്യങ്ങൾ പടർന്ന് ചെല്ലാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അവ ഉണ്ടാക്കാവുന്ന വിപരീതഫലങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിരിക്കണം. കൃഷിക്കുളങ്ങളിൽ നിന്നും രക്ഷപ്പെ

ടുന്ന മത്സ്യങ്ങൾ വഴി, വിപരീത ജനിതക മാറ്റങ്ങൾ, രോഗങ്ങൾ മറ്റ് ഹാനികരമായ ഫലങ്ങൾ ഇവ പ്രകൃത്യാ കാണപ്പെടുന്ന മത്സ്യങ്ങളിലേക്ക് പകരാതിരിക്കുവാനുള്ള നടപടികൾ, സർക്കാരുകൾ, സാധ്യമാകുന്നിടത്തോളം കൈക്കൊള്ളണം.

9.3.2 ജലജീവികളുടെ രാജ്യാന്തരകൈമാറ്റം, മറ്റൊരു രാജ്യത്ത് കൃഷിയിറക്കുവാനായി ആദ്യമായി ഉപയോഗിക്കൽ ഇവക്കായുള്ള അന്താരാഷ്ട്ര ചട്ടങ്ങൾ വിപുലീകരിക്കുവാനും, കൈക്കൊള്ളുവാനും, നടപ്പിലാക്കുവാനും സർക്കാരുകൾ സഹകരിക്കണം.

9.3.3 പ്രകൃത്യാ കാണപ്പെടുന്നതും കൃഷിക്കുപയോഗിക്കപ്പെട്ടിരിക്കുന്നതും ഉൾപ്പെടെയുള്ള നാടൻ മത്സ്യ ശേഖരത്തിലേയ്ക്ക് രോഗങ്ങൾ തുടങ്ങിയ ഹാനികരമായ പ്രത്യാഘാതങ്ങൾ വ്യാപിക്കുന്നത് ലഘൂകരിക്കുവാനായി, തള്ള മത്സ്യങ്ങളുടെ ജനിതകമായ മാറ്റിമറിയ്ക്കൽ, മറുനാടൻ ഇനങ്ങളുടെ ഉപയോഗം എന്നിവയ്ക്കും, മുട്ടകൾ, മീൻകുഞ്ഞുങ്ങൾ, തള്ള മത്സ്യങ്ങൾ ഇവയുടെ ഉല്പാദനം, വില്പന, ചരക്ക് കടത്തൽ എന്നിവയ്ക്കും വേണ്ട ഉചിതമായ നടപടിക്രമങ്ങൾ കൈക്കൊള്ളുവാനായി സർക്കാരുകൾ ശ്രമിക്കണം. ഇതിലേക്കായി ദേശീയ തലത്തിൽ ചട്ടങ്ങളും നടപടിക്രമങ്ങളും നിർമ്മിക്കുന്നതിനായുള്ള പരിപാടികൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

9.3.4 തള്ള മത്സ്യങ്ങളെ തിരഞ്ഞെടുക്കൽ, മുട്ട, ലാർവ, മീൻ കുഞ്ഞുങ്ങളുടെ ഉല്പാദനം, ഇവയ്ക്കായി ഉചിതമായ നടപടിക്രമങ്ങൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

9.3.5 നാശോന്മുഖമായ ജനുസ്സുകളുടെ, അവയുടെ ജനിതക വൈവിദ്ധ്യ സംരക്ഷണത്തിന്റെ ഗൗരവമായ പ്രാധാന്യം കണക്കിലെടുത്ത്, സംരക്ഷണം, പുനരധിവാസം, വംശവർദ്ധന ഇവയ്ക്കായി പ്രജനനരീതികൾ വികസിപ്പിക്കുകയും ഗവേഷണങ്ങൾ നടത്തുകയും വേണം.

**9.4 ഉല്പാദനതലത്തിലെ ഉത്തരവാദിത്വപരമായ മത്സ്യകൃഷി**

9.4.1 ഗ്രാമീണ സമുദായങ്ങൾ, ഉല്പാദക സംഘങ്ങൾ, മത്സ്യകൃഷിക്കാർ എന്നിവരുടെ സഹായത്തിനായി ഉത്തരവാദിത്വപരമായ മത്സ്യകൃഷിരീതികൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

9.4.2 ഉത്തരവാദിത്വപരമായ മത്സ്യകൃഷി പരിപാലന മാർഗ്ഗങ്ങൾ വികസിപ്പിക്കുമ്പോൾ മത്സ്യകൃഷിക്കാരുടെയും അവരുടെ സമുദായങ്ങളുടെയും സജീവ പങ്കാളിത്തം സർക്കാരുകൾ ഉറപ്പുവരുത്തിയിരിക്കണം.

9.4.3 മത്സ്യതീറ്റകൾ, തീറ്റകളിൽ ചേർക്കുന്ന മറ്റ് പദാർത്ഥങ്ങൾ, രാസവളങ്ങൾ തുടങ്ങിയവയുടെ തിരഞ്ഞെടുക്കൽ, ഉപയോഗം ഇവ ശരിയായ രീതിയിൽ നടത്തുന്നതിനുള്ള ശ്രമങ്ങൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

9.4.4 ആരോഗ്യപരമായ ചുറ്റുപാടുകൾ, രോഗപ്രതിരോധശക്തിക്കുള്ള വാക്സിനുകളുടെ ഉപയോഗം, എന്നിവ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മത്സ്യകൃഷിയിടത്തിന്റെയും മത്സ്യങ്ങളുടെയും ഫലപ്രദമായ പരിപാലനം സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം. മരുന്നുകൾ, ഹോർമോണുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റ് രോഗനിയന്ത്രണ രാസവസ്തുക്കൾ തുടങ്ങിയവയുടെ സുരക്ഷിതവും, ഫലപ്രദവും, ആവശ്യത്തിനുമാത്രമുള്ള അളവിലും ഉള്ള ഉപയോഗം ഉറപ്പുവരുത്തണം.

9.4.5 മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമായ രാസപദാർത്ഥങ്ങൾ മത്സ്യകൃഷിയിൽ ഉപയോഗിക്കുന്നത് സർക്കാരുകൾ നിയന്ത്രിക്കണം.

9.4.6 മത്സ്യ തീറ്റയുടെ ഉച്ഛിഷ്ടങ്ങൾ, കുളങ്ങളിൽ നിന്ന് വാരുന്ന ചെളി, ചത്തതോ രോഗം വന്നതോ ആയ മത്സ്യങ്ങൾ, ഹാനികരമായ രാസവസ്തുക്കൾ, ആവശ്യത്തിലധികം ഉപയോഗിക്കുന്ന മരുന്നുകൾ തുടങ്ങിയ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം മനുഷ്യന്റെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ദോഷകരമല്ലാതെ നിർവ്വഹിക്കുവാൻ സർക്കാരുകൾ നിഷ്കർഷിക്കണം.

9.4.7. മത്സ്യകൃഷി വഴി ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുവാനും, വിളവെടുപ്പ്, സംസ്കരണം, സംഭരണം, ഉല്പന്നങ്ങളുടെ ഗതാഗതം, തുടങ്ങിയ പ്രക്രിയകളിൽ ഉല്പന്ന ഗുണനിലവാരം നിലനിർത്തുന്നതിനും, പ്രത്യേക ശ്രദ്ധ ചെലുത്തി മൂല്യം വർദ്ധിപ്പിക്കുന്നതിനും വേണ്ട ശ്രമങ്ങൾ സർക്കാരുകൾ പ്രോൽസാഹിപ്പിക്കണം.

## വകുപ്പ് 10

# സമുദ്രതീര പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്രസംയോജനം

### 10.1 സ്ഥാപനീയ ചട്ടക്കൂട്

10.1.1 സമുദ്ര ആവാസ വ്യവസ്ഥയുടെ ദുർബ്ബലതയും അവിടെയുള്ള പ്രകൃതി വിഭവങ്ങളുടെ ക്ഷയോന്മുഖതയും തീരദേശ നിവാസികളുടെ ആവശ്യ

9.4.3 മത്സ്യതീറ്റകൾ, തീറ്റകളിൽ ചേർക്കുന്ന മറ്റ് പദാർത്ഥങ്ങൾ, രാസവളങ്ങൾ തുടങ്ങിയവയുടെ തിരഞ്ഞെടുക്കൽ, ഉപയോഗം ഇവ ശരിയായ രീതിയിൽ നടത്തുന്നതിനുള്ള ശ്രമങ്ങൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

9.4.4 ആരോഗ്യപരമായ ചുറ്റുപാടുകൾ, രോഗപ്രതിരോധശക്തിക്കുള്ള വാക്സിനുകളുടെ ഉപയോഗം, എന്നിവ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മത്സ്യകൃഷിയിടത്തിന്റെയും മത്സ്യങ്ങളുടെയും ഫലപ്രദമായ പരിപാലനം സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം. മരുന്നുകൾ, ഹോർമോണുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റ് രോഗനിയന്ത്രണ രാസവസ്തുക്കൾ തുടങ്ങിയവയുടെ സുരക്ഷിതവും, ഫലപ്രദവും, ആവശ്യത്തിനുമാത്രമുള്ള അളവിലും ഉള്ള ഉപയോഗം ഉറപ്പുവരുത്തണം.

9.4.5 മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമായ രാസപദാർത്ഥങ്ങൾ മത്സ്യകൃഷിയിൽ ഉപയോഗിക്കുന്നത് സർക്കാരുകൾ നിയന്ത്രിക്കണം.

9.4.6 മത്സ്യ തീറ്റയുടെ ഉച്ചിഷ്ടങ്ങൾ, കുളങ്ങളിൽ നിന്ന് വാരുന്ന ചെളി, ചത്തതോ രോഗം വന്നതോ ആയ മത്സ്യങ്ങൾ, ഹാനികരമായ രാസവസ്തുക്കൾ, ആവശ്യത്തിലധികം ഉപയോഗിക്കുന്ന മരുന്നുകൾ തുടങ്ങിയ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം മനുഷ്യന്റെ ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ദോഷകരമല്ലാതെ നിർവ്വഹിക്കുവാൻ സർക്കാരുകൾ നിഷ്ക്കർഷിക്കണം.

9.4.7. മത്സ്യകൃഷി വഴി ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുവാനും, വിളവെടുപ്പ്, സംസ്ക്കരണം, സംഭരണം, ഉല്പന്നങ്ങളുടെ ഗതാഗതം, തുടങ്ങിയ പ്രക്രിയകളിൽ ഉല്പന്ന ഗുണനിലവാരം നിലനിർത്തുന്നതിനും, പ്രത്യേക ശ്രദ്ധ ചെലുത്തി മൂല്യം വർദ്ധിപ്പിക്കുന്നതിനും വേണ്ട ശ്രമങ്ങൾ സർക്കാരുകൾ പ്രോൽസാഹിപ്പിക്കണം.

വകുപ്പ് 10

# സമുദ്രതീര പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്രസംയോജനം

10.1 **സ്ഥാപനീയ ചട്ടക്കൂട്**

10.1.1 സമുദ്ര ആവാസ വ്യവസ്ഥയുടെ ദുർബ്ബലതയും അവിടെയുള്ള പ്രകൃതി വിഭവങ്ങളുടെ ക്ഷയോന്മുഖതയും തീരദേശ നിവാസികളുടെ ആവശ്യ

ങ്ങളും കണക്കിലെടുത്ത്, സുസ്ഥിരവും സമഗ്രവുമായ വിഭവവിനിയോഗം ലക്ഷ്യമാക്കി ഉചിതമായ നയപരവും, നിയമപരവും, സ്ഥാപനീയവുമായ ഒരു ചട്ടക്കൂട് സർക്കാരുകൾ ഉറപ്പാക്കണം.

10.1.2 സമുദ്രതീരത്തിന്റെ ബഹുമുഖമായ വിനിയോഗങ്ങളുടെ വെളിച്ചത്തിൽ, സമുദ്രതീര പരിപാലനത്തിലും വികസനപദ്ധതികളിലും വേണ്ട തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ മത്സ്യമേഖലയുടെ പ്രതിനിധികളും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളും പങ്കെടുക്കുന്നുവെന്ന് സർക്കാരുകൾ ഉറപ്പാക്കണം.

10.1.3 മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ അവകാശങ്ങളും പരമ്പരാഗത രീതികളും സുസ്ഥിര വികസനത്തിന് കഴിയുന്നത്ര അനുഗുണമാകുന്ന തരത്തിൽ വിഭവവിനിയോഗം നിയന്ത്രിക്കുന്നതിനായും സമുദ്രതീര വിഭവങ്ങളുടെ ഉപയോഗ സാധ്യതകൾ നിർണ്ണയിക്കുവാനും വേണ്ട സ്ഥാപനീയവും നിയമപരവുമായ ചട്ടക്കൂടുകൾ സർക്കാരുകൾ വികസിപ്പിക്കണം.

10.1.4 വ്യത്യസ്ത സമുദ്ര വിഭവങ്ങൾ ഉപയോഗിക്കുന്നവർ തമ്മിലും സമുദ്രതീരം ഉപയോഗിക്കുന്ന മറ്റുള്ളവർ തമ്മിലും ഉണ്ടാകാവുന്ന സംഘർഷങ്ങൾ ഒഴിവാക്കുന്ന തരത്തിലുള്ള മത്സ്യബന്ധന രീതികൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

10.1.5 മത്സ്യമേഖലയിലും സമുദ്രതീരം ഉപയോഗിക്കുന്ന മറ്റുള്ളവർ തമ്മിലും ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ ഒത്തുതീർക്കുവാൻ ആവശ്യമായ രീതികളും സംവിധാനങ്ങളും ഉചിതമായ ഭരണ തലത്തിൽ സർക്കാരുകൾ നടപ്പിലാക്കണം

**10.2 നയപരമായ നടപടികൾ**

10.2.1 സമുദ്രതീര പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും, കൂടാതെ, പരിപാലനപരിപാടികളിൽ പ്രസ്തുത വിഭവങ്ങൾ ഉപയോഗിക്കുന്നവർ പങ്കാളികളാകേണ്ടതിന്റെയും, ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം സൃഷ്ടിക്കുവാനുള്ള നടപടികൾ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

10.2.2 സമുദ്രതീര പ്രകൃതി വിഭവങ്ങളുടെ വിതരണ വിനിയോഗവുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിന് സഹായകമായി, സാമ്പത്തിക സാമൂഹിക, സാംസ്ക്കാരിക ഘടകങ്ങൾ കണക്കിലെടുത്ത് അതാത് വിഭവങ്ങളുടെ മൂല്യം സർക്കാരുകൾ നിർണ്ണയിക്കണം.

10.2.3 സമുദ്രതീര പരിപാലന നയങ്ങൾ രൂപീകരിക്കുമ്പോൾ അന്തർലീനമായ അനിശ്ചിതത്വങ്ങളും അപകടസാദ്ധ്യതകളും സർക്കാരുകൾ കണക്കിലെടുക്കണം.

10.2.4 സമുദ്രതീര പരിപാലന നടപടികളുടെ ഭാഗമായി ഭൗതിക, രാസിക, ജൈവിക, സാമ്പത്തിക, സാമൂഹിക മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമുദ്രതീര ആവാസ വ്യവസ്ഥയുടെ മേൽനോട്ടം നടത്തുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാനും ത്വരിതപ്പെടുത്തുവാനും സർക്കാരുകൾ ശ്രമിക്കണം.

**10.3 മേഖലാതല സഹകരണം.**

10.3.1 സമുദ്രതീര വിഭവങ്ങളുടെ സുസ്ഥിരവിനിയോഗവും, പരിസ്ഥിതിയുടെ സംരക്ഷണവും പരിപോഷിപ്പിക്കുന്നതിനായി ഭരണകൂടങ്ങൾ തങ്ങളുടെ സമുദ്രതീര അയൽ രാജ്യങ്ങളുമായി സഹകരിക്കണം.

10.3.2 സമുദ്രതീര വിഭവങ്ങളിൽ തങ്ങളുടെ അതിർത്തിക്കപ്പുറവും പാരിസ്ഥിതികമായി ദൂഷ്യഫലങ്ങൾ ഉളവാക്കിയേക്കാവുന്ന പ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാരുകൾ :

a) സമയാസമയങ്ങളിൽ ക്ലിപ്ത വിവരങ്ങളോ സാധ്യമെങ്കിൽ മുന്നറിയിപ്പുകളോ നൽകണം;

b) അത്തരം അയൽ രാജ്യങ്ങളുമായി എത്രയും നേരത്തെ ബന്ധപ്പെടണം.

10.3.3 സമുദ്രതീര പരിപാലനത്തിനായി സർക്കാരുകൾ മേഖലാ ഉപമേഖലാ തലങ്ങളിൽ സഹകരണത്തിലേർപ്പെടണം.

**10.4 നടപ്പിൽ വരുത്തൽ**

10.4.1 സമുദ്രതീര പ്രദേശങ്ങളുടെ വികസനം, ആസൂത്രണം, സംരക്ഷണ പരിപാലന നടപടികൾ ഇവയ്ക്കായി രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിനും ഏകോപനത്തിനുമായി സംവിധാനങ്ങൾ ഭരണകൂടങ്ങൾ ഉണ്ടാക്കണം.

10.4.2 സമുദ്രതീര പരിപാലന പ്രക്രിയയെ പ്രതിനിധീകരിക്കുന്ന അധികാര സ്ഥാപനങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക കഴിവുകളും സാമ്പത്തികമായ വിഭവശേഷിയും ഉണ്ട് എന്നുള്ള കാര്യം സർക്കാരുകൾ ഉറപ്പുവരുത്തണം.

വകുപ്പ് 11

# മത്സ്യ സംസ്ക്കരണ പ്രക്രിയകളും വാണിജ്യവും

## 11.1 മത്സ്യങ്ങളുടെ ഉത്തരവാദിത്വപൂർണ്ണമായ വിനിയോഗം

11.1.1 സുരക്ഷിതവും സമ്പൂർണ്ണവും സംശുദ്ധവുമായ മത്സ്യ–മത്സ്യോത്പന്നങ്ങൾ തങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഉപഭോക്താക്കളുടെ അവകാശം ഉറപ്പാക്കുവാനായി വേണ്ട നടപടികൾ സർക്കാരുകൾ കൈക്കൊള്ളണം.

11.1.2 ഉപഭോക്താക്കളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും വാണിജ്യപരമായ കബളിപ്പിക്കൽ ഒഴിവാക്കുന്നതിനും വേണ്ട ഫലപ്രദമായ സംവിധാനങ്ങൾ സർക്കാരുകൾ നടപ്പിലാക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം.

11.1.3 സുരക്ഷിതത്വത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും 'കുറഞ്ഞ നിലവാര പരിധികൾ' നിർണ്ണയിക്കുകയും അവ മത്സ്യ വ്യവസായത്തിലാകമാനം നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പാക്കുകയും വേണം. ലോക ഭക്ഷ്യ/ആരോഗ്യ സംഘടനകൾ അംഗീകരിച്ച "കോഡക്സ് അലിമന്ററിയാസ്" സൂചികക്ക് അനുസൃതമായി അംഗീകരിക്കപ്പെട്ട ഗുണനിലവാര പരിധികൾ വേണം നടപ്പിലാക്കുവാൻ.

11.1.4 ശുചിത്വം ഉറപ്പാക്കാനായി ദേശീയ ഗുണനിലവാര സാക്ഷ്യപത്ര പ്രവർത്തനങ്ങൾ പരമാവധി ഏകോപിപ്പിക്കുവാനും തദനുസൃതമായ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും സർക്കാരുകൾ സഹകരിക്കണം.

11.1.5 മത്സ്യവിഭവങ്ങളുടെ സുസ്ഥിര വികസനത്തിനും ഉപയോഗത്തിനും വേണ്ട ദേശീയ നയങ്ങൾ രൂപീകരിക്കുമ്പോൾ മത്സ്യസംസ്ക്കരണ മേഖലയുടെ സാമ്പത്തികവും സാമൂഹികവുമായ പങ്കിന് അർഹമായ പരിഗണന സർക്കാരുകൾ നൽകണം.

11.1.6 മത്സ്യസംസ്ക്കരണ രംഗത്ത് നവീന സാങ്കേതികവിദ്യകൾ ആവിഷ്ക്കരിക്കുവാനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഗവേഷണ പദ്ധതികൾക്ക്, അവയുടെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക, ഭക്ഷ്യ പോഷകപരമായ ഫലങ്ങൾ പരിഗണിച്ചുകൊണ്ട്, അർഹമായ സാമ്പത്തിക സഹായം സർക്കാരുകളും അനുബന്ധ സ്ഥാപനങ്ങളും നൽകേണ്ടതാണ്.

11.1.7 മത്സ്യസംസ്ക്കരണം, ചരക്ക് ഗതാഗതം, മത്സ്യം സൂക്ഷിക്കൽ, ഇവയ്ക്ക്

അവലംബിക്കുന്ന മാർഗ്ഗങ്ങൾ പാരിസ്ഥിതികമായി ഉചിതമെന്നുറപ്പുവരുത്തുവാൻ അനുയോജ്യമായ സാങ്കേതിക വിദ്യകൾ ആവിഷ്ക്കരിച്ച് കൈമാറുന്നതിന് വേണ്ട സഹായസഹകരണങ്ങൾ, ഉത്പാദനത്തിന് വ്യത്യസ്തമായ രീതികൾ നിലനിൽക്കുന്നുണ്ട് എന്ന വസ്തുത അംഗീകരിച്ചുകൊണ്ട് തന്നെ, ഭരണകൂടങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

11.1.8 മത്സ്യ സംസ്ക്കരണം, വിതരണം, വിപണനം ഇവയിൽ ഏർപ്പെട്ടിരിക്കുന്നവരെ താഴെപ്പറയുന്ന കാര്യങ്ങളിൽ സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

a) മത്സ്യബന്ധനത്തിനു ശേഷം സംഭവിക്കുന്ന നഷ്ടങ്ങളും പാഴാക്കലും കുറയ്ക്കൽ;

b) ഉത്തരവാദിത്വപര മത്സ്യപരിപാലനത്തിന് അനുസൃതമായി ഉദ്ദിഷ്ട മത്സ്യങ്ങൾക്കൊപ്പം ആകസ്മികമായി പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ;

c) പ്രകൃതി വിഭവങ്ങളായ ജലം, ഊർജ്ജം (പ്രത്യേകിച്ചും മരത്തടി) തുടങ്ങിയവ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിൽ ഉപയോഗിക്കൽ.

11.1.9 മനുഷ്യാഹാരമെന്ന നിലയിൽ മത്സ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ പ്രോത്സാഹനം നൽകണം.

11.1.10 വികസ്വര രാഷ്ട്രങ്ങളിലെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാരുകൾ സഹകരിക്കണം.

11.1.11 മത്സ്യങ്ങളുടേയും മത്സ്യോൽപന്നങ്ങളുടേയും ദേശീയ-അന്തർദേശീയ തല വ്യാപാരം, വിഭവ സംരക്ഷണ പരിപാലന നയങ്ങൾക്കനുസൃതമാണെന്നുറപ്പാക്കാൻ ഇവയുടെ പ്രഭവകേന്ദ്രങ്ങൾ തിരിച്ചറിയുന്ന കാര്യത്തിൽ ഭരണകൂടങ്ങൾ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്.

11.1.12 മത്സ്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഉളവാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തക്കതായ പരിഗണന നൽകിക്കൊണ്ടാണ് ഈ മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങളും, നിയന്ത്രണങ്ങളും, നയങ്ങളും രൂപീകരിക്കുന്നത് എന്ന കാര്യം, "കമ്പോള തടസ്സങ്ങൾ" ഉണ്ടാകാത്ത വിധത്തിൽ ഭരണകൂടം ഉറപ്പുവരുത്തേണ്ടതുണ്ട്.

**11.2 ഉത്തരവാദിത്വപര അന്തർദ്ദേശിയ വാണിജ്യം**

11.2.1 ഈ പെരുമാറ്റച്ചട്ടത്തിലെ വകുപ്പുകൾ ലോക വാണിജ്യസംഘടന (WTO) അനുശാസിക്കുന്ന തത്വങ്ങളുടേയും, അവകാശങ്ങളുടേയും, ബാദ്ധ്യതകളുടേയും അടിസ്ഥാനത്തിൽ വേണം വ്യാഖ്യാനിക്കപ്പെടാനും നടപ്പിലാക്കുവാനും.

11.2.2 മത്സ്യ-മത്സ്യോൽപ്പന്നങ്ങളുടെ അന്തർദ്ദേശീയ വാണിജ്യം മത്സ്യ മേഖലയുടെ സുസ്ഥിര വികസനത്തിനും ജലജൈവ വിഭവങ്ങളുടെ ഉത്തരവാദിത്വപൂർണ്ണമായ ഉപഭോഗത്തിനും ഹാനികരമാകരുത്.

11.2.3 മത്സ്യ-മത്സ്യാൽപന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യത്തെ ബാധിക്കുന്ന നടപടികൾ സുതാര്യവും ആവശ്യമുള്ള അവസരങ്ങളിൽ ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയതും, അന്താരാഷ്ട്രപരമായി അംഗീകരിക്കപ്പെട്ട നിയമങ്ങൾക്കനുസൃതവുമാണെന്ന് സർക്കാർ ഉറപ്പുവരുത്തണം.

11.2.4 മനുഷ്യന്റെയോ മറ്റ് ജീവികളുടേയോ ജീവന്റെയും ആരോഗ്യത്തിന്റെയും ഉപഭോക്താക്കളുടെയോ പരിസ്ഥിതിയുടേയോ താൽപര്യങ്ങളുടേയും സംരക്ഷണത്തിനായി സർക്കാർ സ്വീകരിക്കുന്ന, മത്സ്യവാണിജ്യവുമായി ബന്ധപ്പെട്ട, നടപടികൾ വിവേചനപരമല്ലാ എന്നും അവ അന്താരാഷ്ട്ര പരമായി അംഗീകരിക്കപ്പെട്ട വാണിജ്യനിയമങ്ങൾക്ക്, പ്രത്യേകിച്ചും ശുചിത്വവും സസ്യശുചിത്വവുമായി ബന്ധപ്പെട്ട നടപടികളെ സംബന്ധിച്ചതും, വാണിജ്യത്തിലെ സാങ്കേതിക വിഘ്നങ്ങളെ സംബന്ധിച്ചതുമായ ലോക വാണിജ്യ സംഘടന (WTO) കരാറുകൾ അനുശാസിക്കുന്ന തത്വങ്ങൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ ഇവയ്ക്ക് അനുസൃതമായാണെന്നും ഉറപ്പുവരുത്തുക.

11.2.5 മത്സ്യ-മത്സ്യോൽപ്പന്ന വാണിജ്യക്കരാറുകൾ വീണ്ടും ഉദാരവൽക്കരിക്കുവാനും വ്യാപാരതടസ്സങ്ങളായ നികുതി, ക്വോട്ടാ, ചുങ്കമൊഴികെയുള്ള തടസ്സങ്ങൾ ഇവ ലോകവാണിജ്യ സംഘടനാ കരാറിന്റെ തത്വങ്ങൾക്കും അവകാശങ്ങൾക്കും ബാദ്ധ്യതകൾക്കും അനുസൃതമായി നിർമ്മാർജ്ജനം ചെയ്യുവാനും ഭരണകൂടങ്ങൾ ബാദ്ധ്യസ്ഥരാണ്.

11.2.6 ഉപഭോക്താക്കൾക്ക് വിതരണക്കാരെ തിരഞ്ഞെടുക്കുന്നതിനോ കമ്പോളത്തിലേയ്ക്ക് സുഗമമായി പ്രവേശിക്കുന്നതിനോ തടസ്സമാകുന്ന വിധത്തിലുള്ള അനാവശ്യമോ ഗുപ്തമോ ആയ വാണിജ്യതടസ്സങ്ങൾ ഭരണകൂടം പ്രത്യക്ഷമായോ പരോക്ഷമായോ സൃഷ്ടിക്കാൻ പാടില്ല.

11.2.7 ഭരണകൂടങ്ങൾ, പ്രകൃതി വിഭവങ്ങൾ ലഭ്യമാക്കുന്നതിന് കമ്പോളം തുറന്നുകൊടുക്കൽ ഒരു നിബന്ധനയായി വയ്ക്കാൻ പാടുള്ളതല്ല. പ്രകൃതി വിഭവങ്ങൾ ലഭ്യമാക്കൽ, വ്യാപാരം, കമ്പോള പ്രവേശനം, സാങ്കേതിക വിദ്യാ കൈമാറ്റം, ശാസ്ത്രീയ ഗവേഷണം, പരിശീലനം മറ്റ് സാംഗത്യമുള്ള കാര്യങ്ങൾ തുടങ്ങി മത്സ്യ മേഖലയുമായി ബന്ധപ്പെട്ട കരാറുകളിൽ ഭരണകൂടങ്ങൾ ഏർപ്പെടുന്നതിനുള്ള സാദ്ധ്യത മേൽചൊന്ന തത്വം നിരാകരിക്കുന്നില്ല.

11.2.8 ഭരണകൂടങ്ങൾ, കമ്പോള പ്രവേശനം എന്നത് പ്രത്യേക സാങ്കേതിക വിദ്യയുടെ വാങ്ങലുമായോ മറ്റുത്പന്നങ്ങളുടെ വില്പനയുമായോ ബന്ധപ്പെടുത്തുവാൻ പാടില്ല.

11.2.9 നാശോന്മുഖമായ ജീവജാതികളുടെ വ്യാപാരം നിയന്ത്രിക്കുന്നതിനായുള്ള അന്താരാഷ്ട്ര കരാറുകൾ അനുസരിക്കുന്നതിന് സർക്കാരുകൾ സഹകരിക്കണം.

11.2.10 ജീവനുള്ള ജലജീവികളുടെ വ്യാപാരത്തിൽ അവ ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യുന്ന രാജ്യങ്ങൾക്ക് പാരിസ്ഥിതിക പ്രശ്നം ഉണ്ടാകുവാനിടയുണ്ടെങ്കിൽ അതൊഴിവാക്കുവാൻ ഉപകരിക്കുന്ന ഉടമ്പടികൾ സർക്കാരുകൾ കൈക്കൊള്ളണം.

11.2.11 മത്സ്യ-മത്സ്യോൽപ്പന്ന വ്യാപാരത്തിലും സജൈവജലവിഭവങ്ങളുടെ സംരക്ഷണത്തിലും പ്രസക്തമായ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും സർക്കാരുകൾ സഹകരിക്കണം.

11.2.12 വാണിജ്യപരമോ സാമ്പത്തിക നിക്ഷേപപരമോ ആയ നേട്ടങ്ങൾക്കായി, സർക്കാരുകൾ, സജൈവജല വിഭവ സ്രോതസ്സുകളുടെ സംരക്ഷണ നടപടികൾക്ക് തുരങ്കം വെയ്ക്കാൻ പാടില്ല.

11.2.13 ലോകവാണിജ്യ സംഘടന അനുശാസിക്കുന്ന തത്വങ്ങൾക്കും അവകാശങ്ങൾക്കും കടമകൾക്കും അനുസൃതമായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട നിയമങ്ങളും നിലവാരവും രൂപീകരിക്കുന്നതിന് ഭരണകൂടം സഹകരിക്കണം.

11.2.14 മത്സ്യ-മത്സ്യോൽപന്നങ്ങളുടെ സമത്വപൂർണ്ണവും, വിവേചനരഹിതവുമായ വാണിജ്യം ഉറപ്പുവരുത്താനും, ബഹുരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ജലവിഭവസ്രോതസ്സുകളുടെ സംരക്ഷണനടപടികൾ വ്യാപകമായി അനു

വർത്തിക്കുവാനും വേണ്ടി, ഭരണകൂടങ്ങൾ ലോകവാണിജ്യ സംഘടന (WTO) പോലുള്ള മേഖലാ ഉപമേഖലാതല ബഹുരാഷ്ട്ര വേദികളിൽ ക്രിയാത്മകമായി പങ്കെടുക്കുകയും സഹകരിക്കുകയും വേണം.

11.2.15 സർക്കാരുകൾ, സാമ്പത്തിക സഹായ ഏജൻസികൾ, ബഹുരാഷ്ട്രവികസന ബാങ്കുകൾ, മറ്റു അന്താരാഷ്ട്ര സംഘടനകൾ തുടങ്ങിയവ, തങ്ങളുടെ അന്താരാഷ്ട്ര മത്സ്യവാണിഭവും കയറ്റുമതിക്കു വേണ്ടിയുള്ള ഉത്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നയങ്ങളും പരിപാടികളും പാരിസ്ഥിതികശോഷണമുണ്ടാക്കുന്നില്ലെന്നും, ആയുരാരോഗ്യസൗഖ്യത്തിന് മത്സ്യം നിർണ്ണായക പങ്കു വഹിക്കുന്നതും എന്നാൽ തത്തുല്യമായ മറ്റ് ഭക്ഷ്യസ്രോതസ്സുകൾ ലഭ്യമല്ലാത്തവരും വാങ്ങാൻ കെല്പില്ലാത്തവരുമായ ജനങ്ങളുടെ ഭക്ഷ്യപോഷക സംബന്ധമായ ആവശ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ലെന്നും ഉറപ്പു വരുത്തണം.

## 11.3 മത്സ്യവാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും

11.3.1 മത്സ്യ-മത്സ്യോൽപന്നങ്ങളുടെ അന്താരാഷ്ട്രവാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങൾ, നിയന്ത്രണങ്ങൾ, ഔദ്യോഗിക നടപടിക്രമങ്ങൾ ഇവ സുതാര്യവും, കഴിയുന്നത്ര ലളിതവും സുഗ്രാഹ്യവും കൂടാതെ വേണ്ട സന്ദർഭങ്ങളിൽ ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതുമായിരിക്കണം.

11.3.2 ഭരണകൂടങ്ങൾ, മത്സ്യ-മത്സ്യോൽപന്ന വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും നിയന്ത്രണങ്ങളുടേയും രൂപകല്പനയിലും നടത്തിപ്പിലും മത്സ്യവ്യവസായികൾ, പരിസ്ഥിതിപ്രവർത്തകർ, ഉപഭോക്താക്കൾ തുടങ്ങിയവരുടെ സംഘടനകളുടെ പങ്കാളിത്തം ദേശീയ നിയമങ്ങൾക്കനുസൃതമായി ത്വരിതപ്പെടുത്തണം.

11.3.3 ഭരണകൂടങ്ങൾ, മത്സ്യ-മത്സ്യോൽപ്പന്ന വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും ഔദ്യോഗിക നടപടിക്രമങ്ങളും അവയുടെ കാര്യക്ഷമതയ്ക്ക് കോട്ടം വരുത്താതെ ലളിതവത്ക്കരിക്കണം.

11.3.4 മറ്റു ഭരണകൂടങ്ങളുമായുള്ള മത്സ്യ-മത്സ്യോൽപ്പന്നങ്ങളുടെ വാണിജ്യത്തെ സ്വാധീനിക്കുന്ന നിയമങ്ങളിൽ ഒരു ഭരണകൂടം മാറ്റം വരുത്തുവാൻ ശ്രമിക്കുമ്പോൾ ആ മാറ്റങ്ങൾ ബാധിക്കുന്ന മറ്റു ഭരണകൂടങ്ങൾക്കും ഉല്പാദകർക്കും അവരുടെ നടപടിക്രമങ്ങൾ ഭേദഗതി ചെയ്യാൻ ആവശ്യമായ പൂർണ്ണവിവരങ്ങളും സാവകാശവും നൽകണം.

11.3.5 മത്സ്യ–മത്സ്യോൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും അവയ്ക്ക് രൂപം കൊടുക്കാനിടയാക്കിയ സാഹചര്യങ്ങൾ തുടർന്നും നിലനിൽക്കുന്നുവോ എന്ന് പരിശോധിക്കുവാനായി കൂടെക്കൂടെ പുനരവലോകനം നടത്തണം.

11.3.6 മത്സ്യ–മത്സ്യോൽപന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യത്തിന് ബാധകമായ ഗുണനിലവാര മാനദണ്ഡങ്ങൾ, കഴിവതും പ്രസക്തമായ മറ്റ് അന്താരാഷ്ട്രമായി അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങളുമായി സമരസപ്പെടുത്തണം.

11.3.7 മത്സ്യ–മത്സ്യോൽപന്ന അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട കാലികവും, കണിശവും, പ്രാമുഖ്യമുള്ളതുമായ സ്ഥിതിവിവരകണക്കുകൾ പ്രസക്തമായ ദേശീയ അന്തർദ്ദേശീയ സംഘടനകൾ വഴി സർക്കാരുകൾ ശേഖരിക്കുകയും വിനിമയം ചെയ്യുകയും വേണം.

11.3.8 മത്സ്യ–മത്സ്യോൽപന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളിലും, നിയന്ത്രണങ്ങളിലും, ഔദ്യോഗിക നടപടിക്രമങ്ങളിലും വരുന്ന മാറ്റങ്ങളെപ്പറ്റി മറ്റ് തല്പര സർക്കാരുകളെയും, ലോകവാണിജ്യ സംഘടനപോലുള്ള അന്താരാഷ്ട്ര സംഘടനകളെയും, യഥാസമയം അറിയിക്കുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

വകുപ്പ് 12

## മത്സ്യഗവേഷണം

12.1 മത്സ്യമേഖലയിലെ പരിപാലകർക്കും താൽപര്യമുള്ള മറ്റ് കക്ഷികൾക്കും ഉത്തരവാദിത്വപര മത്സ്യബന്ധനത്തെക്കുറിച്ച് വ്യക്തമായ ശാസ്ത്രീയ അടിസ്ഥാനം ഉണ്ടെങ്കിൽ മാത്രമേ ശരിയായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കൂ എന്ന വസ്തുത സർക്കാരുകൾ അംഗീകരിക്കണം. അതിനാൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ജൈവശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മത്സ്യകൃഷി, പോഷകശാസ്ത്രം എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും ഉചിതമായ ഗവേഷണം നടക്കുന്നുവെന്ന് സർക്കാരുകൾ ഉറപ്പു വരുത്തണം. ഇതിനു വേണ്ട ഗവേഷണ സംവിധാനങ്ങൾ ലഭ്യമാക്കുകയും വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉചിതമായ പരിശീലനപരിപാടികൾ, വൈദഗ്ദ്ധ്യം നേടിയ വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ പ്രദാനം ചെയ്യുകയും വേണം.

11.3.5 മത്സ്യ-മത്സ്യോൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും അവയ്ക്ക് രൂപം കൊടുക്കാനിടയാക്കിയ സാഹചര്യങ്ങൾ തുടർന്നും നിലനിൽക്കുന്നുവോ എന്ന് പരിശോധിക്കുവാനായി കൂടെക്കൂടെ പുനരവലോകനം നടത്തണം.

11.3.6 മത്സ്യ-മത്സ്യോൽപന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യത്തിന് ബാധകമായ ഗുണനിലവാര മാനദണ്ഡങ്ങൾ, കഴിവതും പ്രസക്തമായ മറ്റ് അന്താരാഷ്ട്രമായി അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങളുമായി സമരസപ്പെടുത്തണം.

11.3.7 മത്സ്യ-മത്സ്യോൽപന്ന അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട കാലികവും, കണിശവും, പ്രാമുഖ്യമുള്ളതുമായ സ്ഥിതിവിവരകണക്കുകൾ പ്രസക്തമായ ദേശീയ അന്തർദ്ദേശീയ സംഘടനകൾ വഴി സർക്കാരുകൾ ശേഖരിക്കുകയും വിനിമയം ചെയ്യുകയും വേണം.

11.3.8 മത്സ്യ-മത്സ്യോൽപന്നങ്ങളുടെ അന്താരാഷ്ട്ര വാണിജ്യവുമായി ബന്ധപ്പെട്ട നിയമങ്ങളിലും, നിയന്ത്രണങ്ങളിലും, ഔദ്യോഗിക നടപടിക്രമങ്ങളിലും വരുന്ന മാറ്റങ്ങളെപ്പറ്റി മറ്റ് തല്പര സർക്കാരുകളെയും, ലോകവാണിജ്യ സംഘടനപോലുള്ള അന്താരാഷ്ട്ര സംഘടനകളെയും, യഥാസമയം അറിയിക്കുവാൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാണ്.

## വകുപ്പ് 12

# മത്സ്യഗവേഷണം

12.1 മത്സ്യമേഖലയിലെ പരിപാലകർക്കും താൽപര്യമുള്ള മറ്റ് കക്ഷികൾക്കും ഉത്തരവാദിത്വപര മത്സ്യബന്ധനത്തെക്കുറിച്ച് വ്യക്തമായ ശാസ്ത്രീയ അടിസ്ഥാനം ഉണ്ടെങ്കിൽ മാത്രമേ ശരിയായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കൂ എന്ന വസ്തുത സർക്കാരുകൾ അംഗീകരിക്കണം. അതിനാൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ജൈവശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മത്സ്യകൃഷി, പോഷകശാസ്ത്രം എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും ഉചിതമായ ഗവേഷണം നടക്കുന്നുവെന്ന് സർക്കാരുകൾ ഉറപ്പു വരുത്തണം. ഇതിനു വേണ്ട ഗവേഷണ സംവിധാനങ്ങൾ ലഭ്യമാക്കുകയും വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉചിതമായ പരിശീലനപരിപാടികൾ, വൈദഗ്ദ്ധ്യം നേടിയ വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ പ്രദാനം ചെയ്യുകയും വേണം.

12.2 പ്രായോഗിക ഗവേഷണത്തിന്റെ ആവശ്യകതയും അതിന്റെ ഉചിതമായ ഉപയോഗവും തിട്ടപ്പെടുത്തുന്നതിനാവശ്യമായ ഒരു സ്ഥാപനീയ ചട്ടക്കൂട് സർക്കാരുകൾ സ്ഥാപിക്കണം.

12.3 മത്സ്യ സംരക്ഷണം, പരിപാലനം, വികസനം ഇവയ്ക്ക് സഹായകമായ ഏറ്റവും മെച്ചപ്പെട്ട സാങ്കേതിക തെളിവുകൾ ലഭിക്കുന്നതിനായി ഗവേഷണഫലങ്ങൾ അപഗ്രഥിക്കുകയും അത്തരം അപഗ്രഥനങ്ങൾ അവയുടെ രഹസ്യസ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ, കാലികപ്രസക്തി നഷ്ടമാകാതെയും സരളമായ ഭാഷയിലും പ്രസിദ്ധീകരിച്ച് വിതരണം നടത്തുകയും വേണം. ആവശ്യമായ ശാസ്ത്രീയ വിവരങ്ങൾ ഇല്ലാ എങ്കിൽ എത്രയും വേഗം ഉചിതമായ ഗവേഷണങ്ങൾ ആരംഭിക്കേണ്ടതാണ്.

12.4 മത്സ്യമേഖലയുടെയും ആവാസ വ്യവസ്ഥയുടേയും അവസ്ഥ വിലയിരുത്തുവാൻ, ഉദ്ദിഷ്ടമത്സ്യങ്ങൾക്കു പുറമേ വലയിൽ ലഭിക്കുന്ന മത്സ്യങ്ങൾ, സാമ്പത്തികമൂല്യമില്ലാത്തതിനാൽ ഉപേക്ഷിക്കപ്പെടുന്ന മത്സ്യങ്ങൾ, പല കാരണങ്ങളാൽ പാഴായിപ്പോകുന്ന മത്സ്യങ്ങൾ ഇവയുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള കൃത്യവും വിശ്വസനീയവുമായ കണക്കുകൾ സർക്കാരുകൾ ശേഖരിക്കേണ്ടതാണ്. ഇത്തരം വിവരങ്ങൾ യഥായോഗ്യം ഇവ ആവശ്യമായ സർക്കാരുകൾക്കും ഉപമേഖലാ, മേഖലാ, ആഗോളതലങ്ങളിലുള്ള മത്സ്യമേഖലാ സംഘടനകൾക്കും യഥാസമയം നൽകേണ്ടത് ആവശ്യമാണ്.

12.5 സർക്കാരുകൾ, തങ്ങളുടെ അധികാര പരിധിയ്ക്കകത്തുള്ള മത്സ്യസമ്പത്തിന്റെ, മത്സ്യബന്ധന സമ്മർദ്ദം, മലിനീകരണം, ആവാസ സ്ഥലങ്ങളിലെ വ്യതിയാനം ഇവ മൂലമുണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനങ്ങൾ ഉൾപ്പെടെയുള്ള, അവസ്ഥയെപ്പറ്റി നിരീക്ഷണങ്ങളും കണക്കെടുപ്പുകളും നടത്തണം. മത്സ്യസമ്പത്തിന്റേയും സമുദ്ര അഥവാ ജല ആവാസ വ്യവസ്ഥയുടേയും മേൽ കാലാവസ്ഥയിലും പൊതു പരിസ്ഥിതിയിലും വരുന്ന മാറ്റങ്ങൾ ചെലുത്തുന്ന സ്വാധീനം നിർണ്ണയിക്കുവാനുള്ള ഗവേഷണ സംവിധാനവും സ്ഥാപിക്കപ്പെടണം.

12.6 ദേശീയ ഗവേഷണ സ്ഥാപനങ്ങൾ അംഗീകൃത ശാസ്ത്രീയ നിലവാരം കൈവരിക്കാൻ തക്കവിധം അതതു സർക്കാരുകൾ അവയെ ശക്തിപ്പെടുത്തുകയും പിൻതാങ്ങുകയും വേണം.

12.7 മത്സ്യ വിഭവങ്ങളുടെ ഉചിതമായ ഉപയോഗം ഉറപ്പുവരുത്തുവാൻ ലാക്കാക്കിയുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുവാനായി ആ രംഗത്തുള്ള

അന്താരാഷ്ട്ര സംഘടനകളുമായി സർക്കാർ സഹകരിച്ചു വർത്തിക്കുകയും, മത്സ്യം ഒരു ഭക്ഷ്യവസ്തു എന്ന വീക്ഷണമുള്ള ദേശീയ നയങ്ങളെ പിൻതാങ്ങുന്ന ഗവേഷണങ്ങളെ ഉത്തേജിപ്പിക്കുകയും വേണം.

12.8 ജലവിഭവ സ്രോതസ്സുകൾ പ്രദാനം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളേയും അവയുടെ ഉറവിടമായ പരിസ്ഥിതിയേപ്പറ്റിയും, കൂടാതെ ഉപഭോക്താക്കളിൽ അവ ആരോഗ്യപരമായ ദൂഷ്യഫലങ്ങൾ ഉണ്ടാക്കുന്നില്ല എന്ന് ഉറപ്പുവരുത്താനും വേണ്ട ഗവേഷണ - നിരീക്ഷണങ്ങൾ സർക്കാരുകൾ നടത്തേണ്ടതുണ്ട്. അത്തരം ഗവേഷണഫലങ്ങൾ പൊതു അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും വേണം.

12.9 മത്സ്യ മേഖലയുടെ സാമ്പത്തികവും, സാമൂഹികവും കമ്പോളപരവും സ്ഥാപനീയവുമായ വശങ്ങളെക്കുറിച്ചുള്ള ഗവേഷണം ശരിയായ വിധത്തിൽ നടക്കുന്നുവെന്നും, നിലവിലുള്ള നിരീക്ഷണം, അപഗ്രഥനം, നയരൂപീകരണം ഇവയ്ക്കാവശ്യമായ താരതമ്യാർഹമായ വിവരങ്ങൾ ലഭ്യമാക്കപ്പെടുന്നുണ്ടെന്നും സർക്കാരുകൾ ഉറപ്പു വരുത്തണം.

12.10 വിഭവ പരിപാലനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾക്ക് സഹായം എന്ന നിലയിൽ, ഉപയോഗക്ഷമമല്ലാത്ത മത്സ്യങ്ങൾ പിടിക്കപ്പെടുന്നത് കുറയ്ക്കുവാനും ജല ആവാസ വ്യവസ്ഥയിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുവാനും, ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടിക്കാനുള്ള വലകളുടെ കഴിവ്; പിടിക്കപ്പെടുന്ന ഉദ്ദിഷ്ടമത്സ്യ ഇനങ്ങളുടെ മേൽ വിവിധയിനം വലകൾക്കുള്ള പാരിസ്ഥിതിക സ്വാധീനം; ലക്ഷ്യമാക്കപ്പെടുന്നതും അല്ലാത്തതുമായ മത്സ്യജനുസ്സുകളുടെ സ്വഭാവത്തിൽ വലകൾ വരുത്തുന്ന വ്യതിയാനങ്ങൾ എന്നിവ ഗവേഷണ വിധേയമാക്കേണ്ടതുണ്ട്.

12.11 പുതിയ ഇനം ഉപകരണങ്ങളും വലകളും വാണിജ്യാടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിനു മുമ്പായി, അവ ഉപയോഗിക്കപ്പെടുന്ന സ്ഥലങ്ങളിലെ മത്സ്യ മേഖലയിലും ആവാസ വ്യവസ്ഥയിലും അവ ഉണ്ടാക്കാവുന്ന അനന്തര ഫലങ്ങളെപ്പറ്റി ശാസ്ത്രീയാവലോകനം നടത്തേണ്ടതാണ്. കൂടാതെ അത്തരം പുതിയ വലകളുടെ പ്രയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

12.12 പരമ്പരാഗത മത്സ്യസാങ്കേതിക വിദ്യകളും നാട്ടറിവുകളും, പ്രത്യേകിച്ച് ചെറുകിട മത്സ്യമേഖലയുമായി ബന്ധപ്പെട്ടവയെക്കുറിച്ചുള്ളവ, സുസ്ഥിരമത്സ്യ സംരക്ഷണം, പരിപാലനം, വികസനം എന്നീ മേഖലകളിൽ എത്ര മാത്രം പ്രയോജനപ്രദമാക്കാം എന്നതിനെക്കുറിച്ച് സർക്കാർ പഠനം നട

ത്തുകയും പഠനഫലങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുകയും വേണം.

12.13 മത്സ്യപരിപാലന ലക്ഷ്യങ്ങൾ, റഫറൻസ് സൂചിക, പ്രവർത്തനക്ഷമതയുടെ മാനദണ്ഡങ്ങൾ ഇവ രൂപീകരിക്കുന്നതിനും പ്രായോഗിക ഗവേഷണവും മത്സ്യപരിപാലനവും തമ്മിൽ ബന്ധിപ്പിക്കുന്നതിനും അടിസ്ഥാനമായി ഗവേഷണ ഫലങ്ങൾ ഉപയുക്തമാക്കുന്ന രീതി സർക്കാരുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

12.14 മറ്റ് രാജ്യങ്ങളുടെ അധികാര പരിധിയിൽപ്പെട്ട സമുദ്രഭാഗങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരുകൾ, അവരുടെ ഗവേഷണ യാനങ്ങൾ അതതു രാജ്യങ്ങളുടേയും അന്താരാഷ്ട്ര നിയമങ്ങളുടേയും നിയന്ത്രണങ്ങൾക്കു വിധേയമായി പ്രവർത്തിക്കണമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

12.15 ഉൾക്കടലുകളിൽ നടത്തപ്പെടുന്ന മത്സ്യഗവേഷണങ്ങൾക്ക് ഏകീകൃതമായ മാർഗ്ഗനിർദ്ദേശങ്ങൾ കൈക്കൊള്ളുവാൻ സർക്കാരുകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

12.16 മേഖലാ ഉപമേഖലാ തലങ്ങളിലുള്ള മത്സ്യഗവേഷണം പ്രോത്സാഹിപ്പിക്കുവാനും ഇത്തരം ഗവേഷണഫലങ്ങൾ മറ്റു മേഖലകളുമായി പങ്കിടുവാനും ഏകീകൃത മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ സർക്കാരുകൾ ശ്രദ്ധിക്കേണ്ടതാണ്.

12.17 രാജ്യാതിർത്തികൾ പങ്കിടുന്ന സമുദ്ര ജൈവസമ്പത്തിന്റെ സ്ഥിതി വിവരം, ജൈവശാസ്ത്രപരവും പാരിസ്ഥിതികവുമായ മറ്റു വിവരങ്ങൾ ഇവ ലഭിക്കുന്നതിനായി സർക്കാരുകൾ നേരിട്ടോ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടുകൂടിയോ സഹകരണാടിസ്ഥാനത്തിലുള്ള സാങ്കേതികവും ഗവേഷണപരവുമായ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

12.18 വികസ്വര രാജ്യങ്ങൾക്ക് സമുദ്ര ജല വിഭവ സമ്പത്തിന്റെ പരിപാലനം, സംരക്ഷണം, സുസ്ഥിരവിനിയോഗം എന്നീ മേഖലകളിൽ പങ്കാളികളാകുവാനുതകും വിധം സ്ഥിതിവിവരകണക്കുകളുടെ ശേഖരണവും അപഗ്രഥനവും സാങ്കേതിക വിജ്ഞാനം, ശാസ്ത്രവും സാങ്കേതി വിദ്യയും, മനുഷ്യവിഭവശേഷി വികസനം, ഗവേഷണ സംവിധാനങ്ങൾ എന്നീ മേഖലകളിൽ ഗവേഷണം നടത്താനുള്ള കഴിവ് അതതു ഭരണാധികാരികളും ബന്ധപ്പെട്ട അന്താരാഷ്ട്ര സംഘടനകളും ചേർന്ന് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

12.19 മുൻകാലത്ത് വളരെ ലഘുവായ തോതിൽ മാത്രം പിടിക്കപ്പെട്ടിരുന്നതോ അഥവാ തീരെ പിടിക്കപ്പെട്ടിട്ടില്ലാത്തതോ ആയ മത്സ്യ സമ്പത്തിന്റെ വിഭവശേഷിയുടെ നിർണ്ണയം ലക്ഷ്യമാക്കിയുള്ള ഗവേഷണത്തിലേർപ്പെട്ടിരിക്കുന്ന ഭരണകൂടങ്ങൾക്ക് അവരുടെ ആവശ്യപ്രകാരം ബന്ധപ്പെട്ട അന്താരാഷ്ട്ര സംഘടനകൾ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകേണ്ടതാണ്.

12.20 മത്സ്യമേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സാമ്പത്തിക അന്താരാഷ്ട്ര സംഘടനകൾ, ഭരണകൂടങ്ങൾ ആവശ്യപ്പെടുന്ന പക്ഷം, അവരുടെ ഗവേഷണങ്ങൾക്ക്, വികസ്വര രാഷ്ട്രങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പ്രത്യേകിച്ചും വികസനം തുലോം കുറഞ്ഞ രാജ്യങ്ങൾക്കും ചെറുദ്വീപ് രാഷ്ട്രങ്ങൾക്കും സഹായം നൽകേണ്ടതാണ്.

### അനുബന്ധം 1

# ചട്ടത്തിന്റെ ഉത്ഭവത്തിന്റെയും വിപുലീകരണത്തിന്റെയും പശ്ചാത്തലം

1 ഈ ചട്ടം, FAO യുടെ 28-ാം സമ്മേളനത്തിനു മുൻപാകെ സമർപ്പിക്കുന്നതിനു മുന്നോടിയായി നടത്തപ്പെട്ട ചർച്ചകളും വിപുലീകരണ പ്രക്രിയകളുമാണ് ഈ അനുബന്ധം വിവരിക്കുന്നത്. ഈ ചട്ടത്തിന്റെ ഉത്ഭവവും വികാസവും അനുബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട വിവിധ കക്ഷികൾ പ്രകടിപ്പിച്ച താൽപ്പര്യവും അനുരഞ്ജന മനോഭാവവും പ്രതിബിംബിക്കുന്ന ഒരു സൂചിക എന്ന നിലയിൽ ഇത്തരം ഒരു അനുബന്ധം പ്രയോജനപ്പെടുമെന്ന് കരുതുന്നു. ഈ ചട്ടം നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ പ്രതിബദ്ധത ഇത് സാധ്യമാക്കുമെന്നും പ്രത്യാശിക്കുന്നു.

2. മത്സ്യസമ്പത്തിന്റെ ദീർഘകാല സുസ്ഥിരതയെയും, തദ്വാരാ, ഭക്ഷ്യഭദ്രതയിൽ മത്സ്യമേഖലയുടെ പങ്കിനെയും പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളായ, പ്രധാനപ്പെട്ട മത്സ്യ സ്രോതസ്സുകളുടെ അതിരുകവിഞ്ഞ ചൂഷണം, പരിസ്ഥിതി വ്യൂഹങ്ങളുടെ നശീകരണം, സാമ്പത്തിക നഷ്ടങ്ങൾ, മത്സ്യ വാണിജ്യത്തെ സംബന്ധിച്ച പ്രശ്നങ്ങൾ തുടങ്ങിയവയുടെ വ്യക്തമായ ലക്ഷണങ്ങളെപ്പറ്റിയുള്ള സന്ദേഹങ്ങൾ നിരവധി അന്താരാഷ്ട്ര വേദികളിൽ പ്രകടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലോക മത്സ്യസമ്പത്തിന്റെ ഇപ്പോഴത്തെ അവസ്ഥയേയും വരുംകാല സാദ്ധ്യതകളേയുംപറ്റി, FAO കമ്മിറ്റി ഓൺ ഫിഷറീസ് (COFI) 1991 മാർച്ചിൽ നടത്തിയ 9-ാം സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടപ്പോൾ, ഉത്തരവാദിത്വപര മത്സ്യബന്ധനം എന്ന സങ്കൽപ്പവും അതിലേക്കായുള്ള പെരുമാറ്റ ചട്ടവും FAO വികസിപ്പിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

3. പിന്നീട്, മെക്സിക്കോ ഗവൺമെന്റ് FAO യുമായി സഹകരിച്ച്, 1992 മെയ് മാസം ഉത്തരവാദിത്വപര മത്സ്യബന്ധനത്തെപ്പറ്റിയുള്ള ഒരു അന്താരാഷ്ട്ര സമ്മേളനം 'കാൺഗനിൽ' സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സമ്മേളനം അംഗീകരിച്ച 'കാൺഗൻ പ്രഖ്യാപനം', ഉത്തരവാദിത്വപര മത്സ്യബന്ധനം എന്നത്, 'മത്സ്യവിഭവസ്രോതസ്സുകളുടെ പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്നുകൊണ്ടുള്ള സുസ്ഥിര ഉപയോഗം, പരിസ്ഥിതി വ്യൂഹ

ങ്ങൾക്കോ വിഭവസ്രോതസ്സുകൾക്കോ അവയുടെ ഗുണങ്ങൾക്കോ ഹാനികരമല്ലാത്ത വിധത്തിൽ ഉള്ള മത്സ്യ ബന്ധനവും മത്സ്യകൃഷിയും, ആവശ്യമായ ശുചിത്വ മാനദണ്ഡങ്ങൾ അനുസരിച്ചുകൊണ്ടുള്ള സംസ്ക്കരണ പ്രക്രിയകൾ വഴി പ്രസ്തുത ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലഭ്യമാകുന്നതരത്തിൽ മത്സ്യവാണിജ്യത്തിന്റെ നടത്തിപ്പ്" എന്നിവ ഉൾക്കൊള്ളുന്നതാണെന്ന് വ്യക്തമാക്കി.

4. 1992 ജൂണിൽ നടന്ന 'റയോ' ഉച്ചകോടിയുടെ ശ്രദ്ധയിൽ കാൺകൂൺ പ്രഖ്യാപനം കൊണ്ടുവരികയും, പ്രസ്തുത ഉച്ചകോടി ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന്റെ പെരുമാറ്റചട്ടം തയ്യാറാക്കുന്നതിനെ പിൻതാങ്ങുകയും ചെയ്തു. 1992 സെപ്തംബറിൽ നടന്ന 'ഉൾക്കടൽ മത്സ്യബന്ധന'ത്തെപ്പറ്റിയുള്ള FAO സാങ്കേതിക സമ്മേളനം, ഉൾക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾകൂടി ഈ ചട്ടം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു.

5. 1992 നവംബറിൽ നടന്ന FAO യുടെ 102-ാം കൗൺസിൽ സമ്മേളനം ചട്ടത്തിന്റെ വിപുലീകരണം ചർച്ച ചെയ്യുകയുണ്ടായി. ഉൾക്കടൽ മത്സ്യബന്ധനത്തെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് ഊന്നൽ നൽകണമെന്നും ചട്ടത്തിന്റെ കരടു രൂപം കമ്മിറ്റി ഓൺ ഫിഷറീസിന്റെ 1993ലെ സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

6. COFI യുടെ 1993 മാർച്ചിൽ നടന്ന 20-ാം സമ്മേളനം ചട്ടത്തിന്റെ പൊതു നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന തത്വങ്ങൾ പരിശോധിക്കുകയും പിന്നീടുള്ള വിപുലീകരണങ്ങൾക്കായി ഒരു സമയപരിധി നിശ്ചയിക്കുകയും ചെയ്തു. ഉൾക്കടലിലെ വിഭവസംരക്ഷണ പരിപാലന നടപടികളെ ബാധിക്കുന്ന, യാനങ്ങളുടെ 'പതാക പുതുക്കൽ' തടയുന്നതിനുള്ള നിർദ്ദേശങ്ങൾ ചട്ടത്തിന്റെ ഭാഗമായി 'ദ്രുതഗമന' അടിസ്ഥാനത്തിൽ തയ്യാറാക്കുവാനും ഈ സമ്മേളനം ആവശ്യപ്പെട്ടു.

7. പെരുമാറ്റച്ചട്ടത്തിന്റെ പിന്നീടുള്ള വിപുലീകരണം, പ്രസക്തമായ UN സംഘടനകളുമായും സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള മറ്റ് അന്താരാഷ്ട്ര സംഘടനകളുമായും ചർച്ചചെയ്തും സഹകരിച്ചും നടത്തപ്പെട്ടു.

8. FAO ഭരണ നിർവ്വാഹക സമിതികളുടെ നിർദ്ദേശങ്ങൾക്കനുസൃതമായും, 1982 ലെ സമുദ്ര നിയമങ്ങളെ സംബന്ധിക്കുന്ന UN സമ്മേളനം, 1992 ലെ കാൺകൂൺ പ്രഖ്യാപനം, UNCED യുടെ അജണ്ട 21, 1992 ലെ ഉൾക്കടൽ മത്സ്യബന്ധനം സംബന്ധിച്ച FAO സാങ്കേതിക സമ്മേളനം, 1984 ലെ മത്സ്യ

മേഖല പരിപാലനവും വികസനവും സംബന്ധിച്ച ലോകസമ്മേളനം, കൂടാതെ 1995 ആഗസ്റ്റിൽ നടന്നുകൊണ്ടിരുന്ന ദേശാന്തരഗമനസ്വഭാവമുള്ള മത്സ്യങ്ങളെപ്പറ്റിയുള്ള UN സമ്മേളനം എന്നിവയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായും പെരുമാറ്റച്ചട്ടത്തിന്റെ കരട് തയ്യാറാക്കപ്പെട്ടു.

9. 1993 നവംബറിൽ നടന്ന 20-ാം FAO സമ്മേളനം, ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അന്താരാഷ്ട്ര നടപടികൾ അനുവർത്തിക്കുന്നത് ത്വരിതപ്പെടുത്തുവാനുള്ള ഉടമ്പടി അംഗീകരിക്കുകയും, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന്റെ പെരുമാറ്റച്ചട്ടം, അത് കൈകാര്യം ചെയ്യേണ്ട വിവിധ വകുപ്പുകൾ തീരുമാനിക്കുന്നതിലേക്കായി, എത്രയും വേഗം രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ഉണ്ടായി. തത്ഫലമായി, 1994 ഫെബ്രുവരിയിൽ റോമിൽ വെച്ചു കൂടിയ സർക്കാർ നിർദ്ദേശിച്ച വിദഗ്ദ്ധരുടെ ഒരു കർമ്മസമിതി ചട്ടത്തിന്റെ ഒരു കരട് രൂപം അനൗദ്യോഗികമായി പരിശോധിച്ചു. കരാറിന്റെ ഒരു പരിഷ്കൃതരൂപം FAO യുടെ എല്ലാ അംഗങ്ങൾക്കും, സർക്കാർ/സർക്കാരേതര സംഘടനകൾക്കും വിതരണം ചെയ്യപ്പെട്ടു. പൊതുതത്വങ്ങളുടെ പ്രസ്തുത കരട് രേഖയെപ്പറ്റി ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പുതിയൊരു കരട് രേഖ പുറത്തിറക്കുകയും 1994 ആഗസ്റ്റിൽ ന്യൂയോർക്കിൽ വെച്ചു നടത്തപ്പെട്ട ദേശാന്തര ഗമനസ്വഭാവമുള്ള മത്സ്യങ്ങളെപ്പറ്റിയുള്ള UN ന്റെ നാലാമത് സമ്മേളനത്തിൽ ഈ രേഖ അനൗദ്യോഗികമായി ചർച്ചചെയ്യുകയുമുണ്ടായി.

10. കരട് ചട്ടത്തിന്റെ പൂർണ്ണരൂപം പരിഗണിക്കുന്നത് ത്വരിതപ്പെടുത്തുന്നതിലേക്കായി, തൽപരരായ എല്ലാ കക്ഷികൾക്കും ചട്ടത്തിന്റെ രൂപീകരണത്തിലെ ആദ്യഘട്ടങ്ങളിൽ തന്നെ പങ്കെടുക്കുവാൻ ഒരു അവസരം നൽകുന്നതിനായി FAO യുടെ എല്ലാ അംഗങ്ങളേയും താൽപര്യമുള്ള മറ്റുള്ളവരേയും (സർക്കാർ / സർക്കാരേതര സ്ഥാപനങ്ങൾ ഉൾപ്പെടെ) ഉൾപ്പെടുത്തി ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന്റെ പെരുമാറ്റച്ചട്ടം രൂപീകരിക്കണമെന്ന് 1994 ജൂണിൽ നടന്ന കൗൺസിലിന്റെ 106-ാം സമ്മേളനത്തിൽ വെച്ച് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചു.

11. ഈ സാങ്കേതിക സമിതി 1994 സെപ്തംബർ 26 മുതൽ ഒക്ടോബർ 5 വരെ റോമിൽ സമ്മേളിച്ച് മുഴുവൻ ചട്ടത്തിന്റെ ഒരു കരട് രേഖയും അതിലെ ഭൂരിഭാഗം വകുപ്പുകൾക്കുവേണ്ട സാങ്കേതിക തത്വങ്ങളുടെ മാർഗനിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തു. ഈ കരട് രേഖകളിൻമേൽ നടന്ന

ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയൊരു 'സെക്രട്ടറിയേറ്റ് കരട് രേഖ' തയ്യാറാക്കപ്പെടുകയും സമ്മേളനത്തിൽ സമർപ്പിക്കപ്പെടുകയും ചെയ്തു.

12. ഈ സമ്മേളനം, ചട്ടത്തിന്റെ ആറ് പ്രധാന വകുപ്പുകളിൽ മൂന്നെണ്ണത്തിന്റെ അതായത്, വകുപ്പ് 9 'സമുദ്ര തീര പരിപാലനത്തിൽ മത്സ്യമേഖലയുടെ സമഗ്ര സംയോജനം' വകുപ്പ് 6,' മത്സ്യപരിപാലനം', വകുപ്പ് 7, 'മത്സ്യബന്ധന മാർഗ്ഗങ്ങൾ', (ദേശാന്തര ഗമന സ്വഭാവമുള്ള മത്സ്യങ്ങളെപ്പറ്റിയുള്ള UN സമ്മേളനത്തിന്റെ തീരുമാനങ്ങൾ ബാധിക്കാനിടയുള്ള തത്വങ്ങൾ ഒഴികെ) എന്നിവയുടെ ബദൽ കരട് വിശദമായി അവലോകനം ചെയ്തു. ഒരു ചെറിയ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് തയ്യാറാക്കി FAO കൗൺസിലിലും COFI യിലും സമർപ്പിക്കപ്പെട്ടു.

13. ഉൾക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചട്ടത്തിൽ ഉൾക്കൊള്ളിക്കുന്നത് UN സമ്മേളനത്തിന്റെ തീരുമാനങ്ങൾ അറിയുന്നതുവരെ മാറ്റിവെയ്ക്കണമെന്ന് സാങ്കേതിക സമിതി 1994 നവംബർ 15–24 വരെ നടന്ന കൗൺസിലിന്റെ 107–ാം സെഷനിൽ നിർദ്ദേശിച്ചു. COFI യുടെ അടുത്ത സമ്മേളനത്തിന്റെ ചർച്ചകൾക്കു ശേഷം, ചട്ടത്തിന്റെ പരിപൂർണ്ണ രൂപത്തിന്റെ കരട്, 1995 ജൂണിൽ നടക്കുന്ന FAO കൗൺസിലിൽ സമർപ്പിക്കുകയും ചട്ടം വിശദമായി ചർച്ച ചെയ്യുന്നതിന് ആവശ്യമെങ്കിൽ സാങ്കേതിക സമിതിയുടെ ഒരു സമാന്തര സമ്മേളനം നടത്തണമോ എന്ന കാര്യം തീരുമാനിക്കുകയും വേണമെന്ന നിർദ്ദേശത്തോടെ, കൗൺസിൽ മേൽ ചൊന്ന നിർദ്ദേശം പൊതുവായി അംഗീകരിച്ചു.

14. സാങ്കേതിക സമിതിയുടെ വിശദവും സമഗ്രവുമായ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടത്തിന്റെ ഒരു പരിഷ്ക്കരിച്ച കരട് രേഖ സെക്രട്ടറിയേറ്റ് തയ്യാറാക്കുകയും 1995 മാർച്ച് 10–15 വരെ നടന്ന കമ്മിറ്റി ഓൺ ഫിഷറീസിന്റെ 21–ാം സമ്മേളനത്തിൽ അത് സമർപ്പിക്കുകയും ചെയ്തു.

15. 1995 ആഗസ്റ്റോടെ UN സമ്മേളനം അതിന്റെ ജോലികൾ തീർത്തേക്കുമെന്ന് കമ്മിറ്റി ഓൺ ഫിഷറീസ് അറിയിക്കപ്പെട്ടു. 1995 ഒക്ടോബറിൽ നടക്കാനിരിക്കുന്ന 28–ാം FAO സമ്മേളനത്തിൽ ചട്ടത്തിന്റെ പൂർണ്ണ രൂപം സമർപ്പിക്കുന്നതിനു മുമ്പായി കരട് ചട്ടത്തിൽ ഉൾക്കൊള്ളിക്കാതെ മാറ്റിവെച്ച തത്വങ്ങൾ, UN സമ്മേളനത്തിന്റെ തീരുമാനങ്ങൾക്കും കമ്മിറ്റിയും കൗൺസിലും തീരുമാനിക്കുന്ന ഒരു പദ്ധതിക്കും അനുസൃതമായി മാറ്റിയെഴുതണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

16. പെരുമാറ്റച്ചട്ടത്തിന്റെ കരട് രേഖ തയ്യാറാക്കുന്നതിൽ സെക്രട്ടറിയേറ്റ് അനുവർത്തിച്ച വിവിധ നടപടികൾ കമ്മിറ്റിയിൽ വിശദീകരിക്കപ്പെട്ടു. ചട്ടത്തിന്റെ കരട് അവലോകനം ചെയ്യുന്നതിനായി ഒരു 'തുറന്ന' കർമ്മസമിതിയെ കമ്മിറ്റി നിയോഗിച്ചു. 1995 മാർച്ച് 10–14 വരെ പ്രസ്തുത കർമ്മസമിതി സമ്മേളിക്കുകയും സാങ്കേതിക സമിതിയുടെ പ്രവർത്തനങ്ങൾക്ക് തുടർച്ചയായി ചട്ടത്തിന്റെ വിശദമായ അവലോകനം നടത്തുകയും ചെയ്തു. 8 മുതൽ 11 വരെ വകുപ്പുകളുടെ രേഖ പൂർണ്ണമാക്കുകയും അംഗീകരിക്കുകയും ചെയ്തു. സമയപരിമിതി കണക്കിലെടുത്തുകൊണ്ട് 1 മുതൽ 5 വരെയുള്ള വകുപ്പുകൾ മാറ്റിയെഴുതുവാനുള്ള നിർദ്ദേശങ്ങൾ സെക്രട്ടറിയേറ്റിന് കർമ്മസമിതി നൽകി. വകുപ്പ് 5 ലും പൊതു തത്വങ്ങളിലും ഗവേഷണം, സഹകരണം, മത്സ്യകൃഷി എന്നിവയെപ്പറ്റികൂടി പരാമർശിക്കണമെന്നും നിർദ്ദേശിച്ചു.

17. ചട്ടത്തിന്റെ അവസാനരൂപം പൂർത്തീകരിക്കാനായി കൗൺസിലിന്റെ 107–ാം സമ്മേളനം നിർദ്ദേശിച്ച പദ്ധതികളെ കമ്മിറ്റി പിൻതാങ്ങി. ദേശാന്തര ഗമന സ്വാഭാവമുള്ള മത്സ്യങ്ങളെ സംബന്ധിച്ച് ചട്ടത്തിൽ നിർദ്ദേശിക്കപ്പെട്ട തത്വങ്ങൾ UN സമ്മേളനത്തിന്റെ തീരുമാനങ്ങൾക്കനുസൃതമായി പുനഃപരിശോധിക്കേണ്ടതുണ്ട്. ചട്ടത്തിന്റെ അന്തിമ അംഗീകാരം ത്വരിതപ്പെടുത്തുവാനായി, ഉള്ളടക്കത്തെപ്പറ്റി ധാരണ എത്തിക്കഴിഞ്ഞാൽ, ചട്ടത്തിന്റെ നിയമപരവും, സാങ്കേതികവും ആശയപരവുമായ കാര്യങ്ങൾ ഏകോപിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കർമ്മസമിതി ശുപാർശചെയ്തു.

18. കർമ്മസമതിയുടെ റിപ്പോർട്ട് 1995 മാർച്ച് 14–15 ൽ COFI സെഷനോടനുബന്ധിച്ച് നടന്ന മിനിസ്റ്റീരിയൽ മീറ്റിംഗിനു മുമ്പാകെ സമർപ്പിച്ചു. FAO യുടെ 1995 ഒക്ടോബർ സമ്മേളനത്തിൽ സമർപ്പിക്കുന്നതിനായി 'ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള അന്താരാഷ്ട്ര പെരുമാറ്റച്ചട്ടം പൂർത്തീകരിക്കുന്നതിനായി ലോകരാഷ്ട്രങ്ങളും അന്താരാഷ്ട്ര സംഘടനകളും കൃത്യമായി നടപടികൾ എടുക്കുവാൻ' ലോക മത്സ്യമേഖലയെ സംബന്ധിച്ച, ഈ സമ്മേളനം ഉത്ബോധിപ്പിച്ചു.

19. പെരുമാറ്റച്ചട്ടത്തിന്റെ പരിഷ്ക്കരിച്ച രൂപം കൗൺസിലിന്റെ 108–ാം സമ്മേളനത്തിൽ സമർപ്പിക്കപ്പെട്ടു. അംഗങ്ങളുടേയും നിരീക്ഷകരുടെയും വ്യാപകമായ പ്രാതിനിധ്യത്തോടെ കൗൺസിൽ രൂപീകരിച്ച ഒരു സാങ്കേതിക സമിതിയുടെ ആദ്യസമ്മേളനം 1995 ജൂൺ 5–9 വരെ നടന്നു. അനവധി സർക്കാർ / സർക്കാരേതര സംഘടനകളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

20. ആമുഖം ഉൾപ്പെടെ 1–5 വരെയുള്ള വിവിധ വകുപ്പുകൾ വിശദമായി അവലോകനം ചെയ്തതായി സാങ്കേതിക സമിതി കൗൺസിലിനെ അറിയിച്ചു. 8 മുതൽ 11 വരെയുള്ള വകുപ്പുകൾ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തി അംഗീകരിച്ചതായും, വകുപ്പ് 6 ന്റെ അവലോകനം ആരംഭിച്ചതായും സമിതി അറിയിച്ചു.

21. സെക്രട്ടറിയേറ്റ്, ദേശാന്തര ഗമനസ്വഭാവമുള്ള മത്സ്യങ്ങളെപ്പറ്റിയുള്ള UN സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ചട്ടത്തിന്റെ പാഠം ഭാഷാപരവും നിയമപരവുമായി ഏകോപപ്പിച്ചു കഴിഞ്ഞാൽ, ചട്ടത്തിന്റെ പുനഃപരിശോധന പൂർണ്ണമാക്കുന്നതിനായി 1995 സെപ്തംബർ 25–29 വരെ രണ്ടാമതൊരു സമ്മേളനം നടത്തണമെന്ന സാങ്കേതിക സമിതിയുടെ നിർദ്ദേശത്തേയും സമിതിയുടെ പ്രവർത്തനങ്ങളേയും കൗൺസിൽ പിൻതാങ്ങി.

22. സാങ്കേതിക കർമ്മസമിതി അതിന്റെ ആദ്യത്തെ സെഷനിൽ (5–9 ജൂൺ 1995) അംഗീകരിച്ചതും കൗൺസിലിന്റെ 108–ാം സമ്മേളനം പിൻതാങ്ങിയതുമായ ചട്ടത്തിന്റെ കരട് രേഖ, ഒരു സമ്മേളന രേഖ (C-95/20) ആയും, സാങ്കേതിക സമിതിയുടെ രണ്ടാം സമ്മേളനത്തിൽ ചർച്ചചെയ്യാനുള്ള 'വർക്കിംഗ് പേപ്പറായും' പുറത്തിറക്കപ്പെട്ടു. ധാരണയെത്താത്ത ഭാഗങ്ങൾ കൃത്യമായി അടയാളപ്പെടുത്തപ്പെടുകയും ചെയ്തു.

23. ചട്ടത്തിന്റെ അന്തിമ രൂപം ഉണ്ടാക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി സെക്രട്ടറിയേറ്റ്, ദേശാന്തര ഗമന സ്വഭാവമുള്ള മത്സ്യക്കൂഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി 1995 ആഗസ്റ്റിലെ UN സമ്മേളനം അംഗീകരിച്ച അന്താരാഷ്ട്ര ധാരണയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടത്തിലെ ആറും ഏഴും വകുപ്പുകൾ (മത്സ്യ സമ്പത്തിന്റെ പരിപാലനം, മത്സ്യബന്ധന മാർഗ്ഗങ്ങൾ)ക്കായുള്ള 'സെക്രട്ടറിയേറ്റ് നിർദ്ദേശങ്ങൾ' എന്ന പേരിൽ ഒരു രേഖ തയ്യാറാക്കുക ഉണ്ടായി. ഭാഷാപരവും നിയമപരവുമായ സംഗതികളുടെ ഏകോപനത്തിനായുള്ള നിർദ്ദേശങ്ങൾ ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ് എന്നീ മൂന്നു ഭാഷകളിൽ സെക്രട്ടറിയേറ്റ് തയ്യാറാക്കി കൗൺസിലിനു മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

24. സാങ്കേതിക കർമ്മസമിതിയുടെ രണ്ടാം സമ്മേളനം താൽപ്പര്യമുള്ള മേഖലകളുടേയും, സംഘടനകളുടേയും വിശാലമായ പ്രാതിനിധ്യത്തോടെ, 1995 സെപ്തംബർ 25–29 വരെ നടന്നു. ഈ സമിതി, സഹകരണത്തിന്റെ പൂർണ്ണമായ മനോഭാവത്തോടെ പ്രവർത്തിച്ചുകൊണ്ട്, ചട്ടത്തിന്റെ എല്ലാ വകു

പ്പുകൾക്കും അന്തിമരൂപം നൽകുക എന്ന അതിന്റെ നിക്ഷിപ്ത ലക്ഷ്യം വിജയകരമായി കൈവരിച്ചു. ചട്ടത്തിന്റെ രൂപകൽപ്പനക്കായി നടന്ന എല്ലാ ചർച്ചകളും അവസാനിച്ചതായി സമിതി അറിയിച്ച്, അംഗീകരിച്ചു. ഭാഷാപരമായ ഏകോപനത്തിനായി സെക്രട്ടറിയേറ്റിന് സമാന്തരമായി കൂടിയ മറ്റൊരു അനൗദ്യോഗിക കർമ്മസമിതി, സമ്മേളനത്തിന്റെ അന്ത്യത്തിൽ അംഗീകരിച്ച ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഈ ഏകോപനം പൂർത്തിയാക്കി. ചട്ടത്തിന്റെ അന്തിമ രൂപം കൗൺസിലിന്റെ 109–ാം സമ്മേളനത്തിലേക്കുള്ള പരിഷ്കൃത രേഖയായും കോൺഫറൻസിന്റെ 28–ാം സെഷനിൽ അംഗീകരിക്കുന്നതിനായും സമർപ്പിക്കുന്നതിനായി സാങ്കേതിക സമിതി സെക്രട്ടറിയേറ്റിനോട് ആവശ്യപ്പെട്ടു. സാങ്കേതിക സമിതി നൽകിയ പെരുമാറ്റച്ചട്ടത്തിന്റെ അന്തിമ രൂപം കൗൺസിൽ അംഗീകരിച്ചു. പെരുമാറ്റച്ചട്ടം വിവിധ രാഷ്ട്രങ്ങൾ ശരിവെയ്ക്കുന്നത് ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു പ്രമേയത്തിന്റെ കരട് തയ്യാറാക്കുവാൻ സെക്രട്ടറിയേറ്റിനോട് അഭ്യർത്ഥിച്ചു. 1995 ഒക്ടോബർ 31ന് നടന്ന സമ്മേളനത്തിന്റെ 28–ാം സെഷൻ, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടവും, അനുബന്ധം 2ൽ കൊടുത്തിട്ടുള്ള പ്രമേയവും ഐക്യകണ്ഠേന അംഗീകരിച്ചു.

## അനുബന്ധം 2

# പ്രമേയം

**ഈ സമ്മേളനം**

ലോകഭക്ഷ്യഭദ്രതയിലും, സാമ്പത്തിക സാമൂഹ്യ വികസനത്തിലും മത്സ്യമേഖലയ്ക്കുള്ള പ്രമുഖമായ പങ്കും ഇന്നത്തെയും വരും കാലത്തെയും തലമുറകൾക്ക് ജലജൈവ സമ്പത്തിന്റെയും അവയുൾക്കൊള്ളുന്ന പരിസ്ഥിതിയുടെയും സുസ്ഥിരത ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകതയും അംഗീകരിച്ചുകൊണ്ട്,

ഉത്തരവാദിത്വപര മത്സ്യബന്ധനം എന്ന സങ്കല്പവും അത് ലക്ഷ്യമാക്കുന്ന ഒരു ചട്ടത്തിന്റെ രൂപകല്പനയും 1991 മാർച്ച് 19 ന് കമ്മിറ്റി ഓൺ ഫിഷറീസ് ശുപാർശ ചെയ്തത് സ്മരിച്ചുകൊണ്ട്,

1992 മെയ് മാസം മെക്സിക്കൻ സർക്കാരും FAO യും സംയുക്തമായി സംഘടിപ്പിച്ച ഉത്തരവാദിത്വപര മത്സ്യബന്ധനത്തെപ്പറ്റിയുള്ള അന്താരാഷ്ട്ര സമ്മേളനം പുറപ്പെടുവിച്ച കാൺഗൺ പ്രഖ്യാപനം, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനുള്ള ഒരു പെരുമാറ്റച്ചട്ടം തയ്യാറാക്കണമെന്ന് ആഹ്വാനം ചെയ്തത് കണക്കിലെടുത്തുകൊണ്ട്,

സമുദ്ര നിയമം സംബന്ധിച്ച് 1982 ലെ ഐക്യരാഷ്ട്ര ധാരണ നടപ്പിൽ വരുന്നതോടെയും, ദേശാന്തരഗമന സ്വഭാവമുള്ള മത്സ്യങ്ങളുടെ സംരക്ഷണത്തെയും പരിപാലനത്തെയും സംബന്ധിച്ച് 1982 ഡിസംബർ 10 ലെ സമുദ്രനിയമധാരണയിൽ ഉള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിലൂടെയും UNCED യുടെ അജണ്ട 21ലും 1992 ലെ 'റയോ' പ്രഖ്യാപനത്തിലും പ്രതീക്ഷിച്ചിരുന്നതുപോലെയും, അന്താരാഷ്ട്ര അന്തർമേഖല സഹകരണത്തിന് വർദ്ധിച്ചുവരുന്ന ആവശ്യകത ഉണ്ടെന്നും FAO യിൽ അതിന്റെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾക്കനുസൃതമായി കാര്യമായ ഉത്തരവാദിത്വങ്ങൾ നിക്ഷിപ്തമായിരിക്കുന്നു എന്നും മനസ്സിലാക്കിക്കൊണ്ട്,

ഉൾക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധനയാനങ്ങൾ അനുവർത്തിക്കേണ്ട അന്താരാഷ്ട്ര വിഭവ സംരക്ഷണ പരിപാലന നടപടികൾ പ്രോത്സാഹിപ്പിക്കാനുള്ള ധാരണ 1993 ൽ FAO സമ്മേളനം അംഗീകരിച്ചതാണെന്നും, പ്രസ്തുത ധാരണ പെരുമാറ്റച്ചട്ടത്തിന്റെ ഒരു ഭാഗമാണെന്നും ഒരിക്കൽ കൂടി ഓർമ്മിച്ചുകൊണ്ട്,

FAO അതിന്റെ ഭരണസമിതികളുടെ തീരുമാനങ്ങൾക്കനുസൃതമായി, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനായി സാങ്കേതിക സമിതികളുടെ ഒരു പരമ്പര തന്നെ സംഘടിപ്പിക്കുകയും, ചട്ടത്തിന്റെ അന്തിമരൂപം അംഗീകരിക്കുന്നതിൽ പ്രസ്തുത സമിതികൾ വിജയം കൈവരിച്ചതിലും ചാരിതാർത്ഥ്യം രേഖപ്പെടുത്തിക്കൊണ്ട്,

ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന്റെ പെരുമാറ്റച്ചട്ടത്തിലൂടെ ലോകരാഷ്ട്രങ്ങളും അന്താരാഷ്ട്രസംഘടനകളും ലോക മത്സ്യമേഖലയുടെ ഇന്നത്തെ ആശങ്കാകുലമായ അവസ്ഥക്കു നേരെ പ്രതികരിക്കണമെന്ന ആഹ്വാനം, 1995 മാർച്ച് 14-15 വരെ റോമിൽ വെച്ചു നടന്ന മത്സ്യമേഖലയെപ്പറ്റിയുള്ള മിനിസ്റ്റീരിയൽ മീറ്റിംഗിന് പുറപ്പെടുവിക്കുവാൻ സാധിച്ചതും, ഉൾക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവർത്തിക്കേണ്ട അന്താരാഷ്ട്ര വിഭവസംരക്ഷണ പരിപാലന നടപടികൾ ഉൾക്കൊള്ളുന്ന ധാരണ അംഗീകരിച്ചത് കണക്കിലെടുത്തതും കൃതാർത്ഥതയോടെ അംഗീകരിച്ചുകൊണ്ട് :

1. ഉത്തരവാദിത്വപര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടം സ്വീകരിക്കുവാൻ തീരുമാനിക്കുന്നു;

2. ഈ ചട്ടത്തിന്റെ ലക്ഷ്യങ്ങളും തത്വങ്ങളും നടപ്പിൽ വരുത്തുന്നതിനും സഫലീകരിക്കുന്നതിനും എല്ലാ രാഷ്ട്രങ്ങളും സർക്കാർ/സർക്കാരേതര അന്താരാഷ്ട്ര സംഘടനകളും മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു;

3. ഈ ചട്ടം നടപ്പിലാക്കുമ്പോൾ വികസ്വര രാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ അർഹമായി പരിഗണിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു;

4. ഈ ചട്ടം നടപ്പിൽ വരുത്തുന്നതിൽ വികസ്വര രാഷ്ട്രങ്ങൾക്ക് ഉപദേശങ്ങൾ നൽകുന്നതിനും സാമ്പത്തിക സഹായങ്ങൾക്കായി ഒരു അന്തർമേഖലാ സഹായ പദ്ധതി രൂപീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ FAO യുടെ കർമ്മ പരിപാടികളിലും ബഡ്ജറ്റിലും വകകൊള്ളിക്കുവാൻ അഭ്യർത്ഥിക്കുന്നു;

5. ചട്ടം നടപ്പിലാക്കുന്നതിനായി, ഉചിതമായ സാങ്കേതിക മാർഗനിർദ്ദേശങ്ങൾ അംഗരാഷ്ട്രങ്ങളോടും താല്പര്യമുള്ള സംഘടനകളോടും ചേർന്ന് വിപുലീകരിക്കുവാൻ FAO യോട് അഭ്യർത്ഥിക്കുന്നു;

6. ചട്ടം നടപ്പിലാക്കുന്നതുകൊണ്ടും കൂടാതെ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള മറ്റ് സംഘടനകൾ മുന്നോട്ട് വെയ്ക്കുന്ന നിർദ്ദേശങ്ങളും പ്രമേയ

ങ്ങളും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ (പ്രത്യേകിച്ചും, ദേശാന്തരഗമന സ്വഭാവമുള്ള മത്സ്യങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി 1982 ഡിസംബർ 10 ലെ സമുദ്ര നിയമത്തെപ്പറ്റിയുള്ള UN ധാരണാപത്രത്തിൽ വകകൊള്ളിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വേണ്ടി ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ കൈക്കൊണ്ട പ്രമേയങ്ങൾ) മൂലവും മത്സ്യമേഖലയിൽ സംജാതമാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുവാനും റിപ്പോർട്ടുകൾ തയ്യാറാക്കുവാനും FAO യോട് അഭ്യർത്ഥിക്കുന്നു;

7. ഉപമേഖലാ, മേഖലാ, ആഗോള തലങ്ങളിൽ മത്സ്യമേഖലയുടെ സംരക്ഷണ പ്രശ്നങ്ങൾ കൂടുതൽ ഫലപ്രദമായി അഭിമുഖീകരിക്കുന്നതിനുവേണ്ടി 'മേഖലാതല മത്സ്യസമിതി'കൾ ശക്തിപ്പെടുത്തുവാൻ FAO യെ ഉദ്ബോധിപ്പിക്കുന്നു.

## പദാവലി

| | |
|---|---|
| അധികാര സാക്ഷ്യം | - Authorisation |
| ഉദ്ദിഷ്ട/ലക്ഷ്യവേധിയായ മത്സ്യങ്ങൾ | - Target species |
| ഉദ്ദിഷ്ട മത്സ്യങ്ങളെ മാത്രം പിടക്കാൻ കഴിവുള്ള/ വിവേചന ക്ഷമതയുള്ള മത്സ്യ ബന്ധനോപകരണങ്ങൾ | - Selective gears |
| കമ്പോള തടസ്സം | - Trade barrier |
| കണ്ടൽക്കാടുകൾ | - Mangroves |
| കൃത്രിമ മത്സ്യത്താവളങ്ങൾ | - Artificial fish habitat |
| ജനുസ്സ് | - Species |
| ജല ആവാസവ്യവസ്ഥ | - Aquatic ecosystem |
| ജൈവഘടന | - Population structure |
| ജൈവ വൈവിദ്ധ്യം | - Bio diversity |
| പാഴ്മത്സ്യങ്ങൾ | - Waste |
| ഭക്ഷണ ക്രമം | - Diet |
| ഭരണകൂടം/സർക്കാർ | - State |
| മത്സ്യാകർഷണ സാമഗ്രി | - Fish aggregating device |
| മത്സ്യ മേഖലാ പരിപാലനവും മേൽ നോട്ടവും | - Fisheries management |
| മുൻകരുതൽ സമീപനം | - Precautionary approach |
| തിരിവ് | - Discards |
| തുറ | - Landing centre |
| തുറമുഖരാഷ്ട്രം | - Port state |
| ധ്വജരാഷ്ട്രം | - Flag state |
| ദേശാന്തരഗമന സ്വഭാവമുള്ള മത്സ്യങ്ങൾ | - Migratory fish |
| നാട്ടറിവ് | - Indigenous knowledge |
| വൈവിദ്ധ്യവൽക്കരണം | - Diversification |
| സജൈവ ജല പ്രകൃതി വിഭവം | - Living aquatic resource |
| സുസ്ഥിര വികസനം | - Sustainable development |
| സ്ഥിതി വിവര ശാസ്ത്രം | - Statistics |